

# നക്ഷത്രങ്ങളുടെ കൈയ്യൊപ്പ്

NAKSHATHRANGALUDAY KAIYYOPPU

T.K.M.
COLLEGE OF ARTS & SCIENCE,

KARICODE, KOLLAM

MAGAZINE 2014-2015

# T.K.M.
## COLLEGE OF ARTS & SCIENCE,
KARICODE, KOLLAM. 691 005




MAGAZINE 2014-2015

നക്ഷത്രങ്ങളുടെ കൈയ്യൊപ്പ്

NAKSHATHRANGALUDAY KAIYYOPPU

### VISION

The vision of TKM College of Arts and Science is to achieve supreme excellence in academic and non academic areas, without compromising on institutional resposibilities to the society as a whole, in particular to the socially and economically disadvantaged sections, with special reference to the region in which the college is located.

### MISSION

It will strive continuously to provide an environment for the finest teaching and the finest research in the country and try to evolve into an intellectual and cultural nest for students of diverse ethnic, social, religious and linguistic backgrounds, especially the marginalized sections of the society.

# T.K.M.College of Arts & Science

## MANAGEMENT & TRUST



**Sri. Shahal H. Musaliar**
Chairman, Governing Body



**Sri. TK.Jalaluddin Musaliar**
Treasurer , T.K.M.College Trust



**Sri. TK Kamaluddin Musaliar**
Secretary,T.K.M.College Trust

## MEMBERS OF BOARD OF TRUSTEES



TK.Abdul Karim Musaliar



TK.Usman Musaliar



Akbar Hyder Musaliar



TK.Jamaluddin Musaliar



Sadiq.S Thaha



MA. Mahaboob



Khalid Musaliar



M.Haroon



**Janab A. Thangal Kunju Musaliar**
(1897-1966)
Founder

# Our Principal




**DR. Jubaira Beevi Y.**
PRINCIPAL
( 5/11/2014 - 31/5/2015 )

## from The Principal's Desk

It gives me immense pleasure to say a few words about the college magazine. It is a matter of great pride and satisfaction for our college to bring out this issue of the annual college magazine. This is a truly literary and creative document of the talents of our students. It gives a panoramic view of the cultural, academic, sports and literary activities and achievements of the college during
the academic year 2014-15.

The college has made consistent progress, year on year, in all areas-academic non-academic, capacity building and also upholding the values of higher education. This academic year, our campus was enriched with the presence of many celebrities especially during the occasion of the college union celebration and the University Yuvajanotsavam 2015.

I am extremely proud of being the part of many new programmes ( WWS, SSP & ASAP) in this academic year. As Principal-in-charge and staff advisor, We aim to provide an overall development that nurtures our students towards becoming strong and focused human beings. Soft skills and education skills are what the institution seeks to ensure the progress of every student in the institution. Success is inevitable where there exists firm determination, hard work and discipline.

Empowerment of students for their all-round development through education is our cherished motto. Today, education means much more than merely acquiring knowledge. It is acquisition of knowledge and skills, building character and improving employability of our young talents, the future leadership. I am sure that we are able to mould our students to be good human beings with values which are embedded for life. Measures initiated by the Management, steps taken by the college administration, the willing contribution of the teaching and non-teaching staff and the over whelming response and enthusiastic participation of my dear students in the college activities all vouch for this. When all the constituents come together and work in unison, the expected results are bound to flow. I am proud of being the Principal of this institution dedicated to the cause of a better society, a better India

As the celebration of the Golden Jubilee takes off in the academic year 2015-16, every one of us must feel privileged and honoured to be part of the great event. I request all of my colleagues, and dear students to join hands in the endeavour ahead to make the celebration a grand success. I hope that the jubilee year will usher in new vistas for all the stakeholders to grow and glow. Come, let us give our best and make this institution a modern temple of learning through our diligence, devotion and dedication.

Wishing one and all a fruitful jubilee academic year 2015-16,

**Prof : A Hashimudeen**
PRINCIPAL



## നക്ഷത്രങ്ങളുടെ
# കൈയ്യൊപ്പ്



സന്തോഷത്തിന്റെ സൗകുമാര്യങ്ങളും
സന്താപത്തിന്റെ കയ്പ്പുനീരുകളും
സ്നേഹത്തിന്റെ മധുരനൊമ്പരങ്ങളും
ഒറ്റപ്പെടലിന്റെ അമ്പരപ്പുകളും സൗഹൃദത്തിന്റെ
സമഭാവനകളും വിരഹത്തിന്റെ
വീർപ്പുമുട്ടലുകളുമെല്ലാം ഒരു നല്ല കലാകാരന്
അവന്റെ തൂലികയുടെ നിറച്ചാർത്തുകളാണ്....
അവയിൽ ഭാവനയുടെ മേമ്പൊടികൾ
വികാര വിസ്മയങ്ങളായ് വിളക്കിച്ചേർക്കുമ്പോൾ
നല്ലൊരു കലാസൃഷ്ടിയുണ്ടാകുന്നു...

നക്ഷത്രങ്ങളുടെ കൈയ്യൊപ്പ് എന്ന ഈ
മാഗസിന്റെ ഉള്ളടക്കം വളർന്നു വരുന്ന
കലാകാരൻമാരടെ ഒരു കൂട്ടായ്മയുടെ
പരിശ്രമമാണ്... ഇന്റേണലിനും
എക്സ്റ്റേണലിനുമപ്പുറത്തുള്ള ഒരു ഇറ്റേണൽ
റിലേഷനു വേണ്ടിയുള്ള ബൃഹത്തായ ശ്രമം...
കരിക്കോടിന്റെ ഇടവഴികളും കലാലയത്തിന്റെ
കൽപ്പടവുകളും മുത്തശ്ശിമരവും
കണിക്കൊന്നയുമെല്ലാം നമ്മുടെ കൊച്ചു
കലാകാരന്മാരുടെ ഭാവനകളിലുണ്ട്...
അവകൾ നമുക്കോർത്തു വയ്ക്കാം...

വായനമരിക്കാത്ത ഒരു നല്ല നാളെയുടെ
സ്നേഹവായ്പ്പുകളിലേക്ക്
കാതോർത്തുകൊണ്ട് ഈ നക്ഷത്രങ്ങളുടെ
കയ്യൊപ്പ് നമുക്ക് കരഘോഷമാക്കാം...
വിവേചനങ്ങളില്ലാത്ത.... വിദ്വേഷങ്ങളില്ലാത്ത...
വിവേകികളുടെ ഹൃദയങ്ങളിലേക്ക്
വിനയത്തോടെ സമർപ്പിക്കുന്നു,
ഈ നക്ഷത്രങ്ങളുടെ കയ്യൊപ്പ്....

ഇതിന്റെ വിജയത്തിന് വേണ്ടി പ്രയത്നിച്ച
മാനേജ്മെന്റ്, പ്രിൻസിപ്പൽ, അദ്ധ്യാപകർ,
വിദ്യാർത്ഥികൾ, പരസ്യദാതാക്കൾ, മാഗസിൻ
രൂപകല്പ്പനചെയ്ത പ്രിന്റ് ഔട്ട് കൊല്ലം...
തുടങ്ങി എല്ലാവർക്കും ഹൃദയത്തിന്റെ
ഭാഷയിൽ നന്ദി പറഞ്ഞുകൊണ്ട് സമഗ്രമായ
വിലയിരുത്തലുകൾക്കായി ഈ മാഗസിൻ
സഹൃദയ സമക്ഷം സമർപ്പിക്കുന്നു.

പ്രൊഫ. **ഇ.നജീം**
സ്റ്റാഫ് എഡിറ്റർ

# മാഗസിൻ എഡിറ്റർ



അറിവിനെ ആയുധമാക്കി
ചരിത്ര താളുകളിൽ നിന്നും
സത്യത്തെ ഉൾകൊണ്ട്
കലാലയ ചുവരുകൾക്കുള്ളിൽ
വിശാലമായ ആകാശവും
അതിരുകളില്ലാത്ത ലോകവും സ്വപ്നം കണ്ട്
നേരിന്റെ ആശയത്തിനു വേണ്ടി
സ്വന്തം ജീവൻ ബലിയർപ്പിക്കേണ്ടി വരുന്നവർ
പോരാട്ടങ്ങളുടെ സംഗമ ഭൂമിയിൽ നിന്നും
സ്വായത്തമാക്കിയ
അനുഭവത്തിന്റെ വെളിച്ചത്തിൽ,
ചാരത്തിൽ നിന്നും ഉയർത്തെഴുന്നേൽക്കുന്ന
ഫീനിക്സ് പക്ഷിയെപ്പോലെ,
പുത്തൻ ഉണർവ്വും ആവേശവും
വിജ്ഞാനവും വളർത്താൻ
ഈ മാഗസിൻ കാരണമായിത്തീരട്ടെ.

പോയകാലത്തെ തിരിച്ചു
പിടിക്കാനുള്ള നിശ്ചയദാർഢ്യത്തിന്റെ
വസന്തം,
അരാഷ്ട്രീയത
കവർന്നെടുത്തുവെങ്കിലും
നക്ഷത്രങ്ങളുടെ കയ്യൊപ്പായ് .....
അൻപതാം ആണ്ടിന്റെ
പരിവേഷവുമായി നിൽക്കുന്ന
എന്റെ സ്വന്തം ടി.കെ.എം മലർവാടിക്ക്
ഈ സ്മരണിക
സമർപ്പിക്കുന്നു.

**അൽ ബഷിരി. എൻ**
മാഗസീൻ എഡിറ്റർ

# College Union



**Ramshadkhan.R**
Chairman



**Bincy Achankunju**
Vice Chairman



**Aous M**
General Secretary



**Abhijith SA**
University Union Councillor



**Nassarudeen hilal**
University Union Councillor



**Jikku**
Arts club Secretary



**Al-Bashiri**
Magazine Editor



**Jasmin R**
Lady Rep.



**Aswini Raj BL**
Lady Rep.



**Azeem**
1st DC Rep.



**Saad Rahim**
2nd DC Rep.



**Jithin P**
3rd DC Rep.



**Aani John**
1st PG Rep.



**Aneesh kumar A**
2nd PG Rep.

# College Union

# University Achievements



**Kannan R Ramesh**
Represented in
South zone National
Kabadi Player 2014



**Thazneem Aslam**
Runner up in university
Youth festival " mappila pattu"



**Abhijith SA**
University union,Accounts
Committee Member





# പ്രിയ സുഹൃത്തുക്കളെ..

സൗഹൃദം ഊട്ടിഉറപ്പിക്കാൻ കഴിയുന്ന ഒരു വേദിയാണ് കലാലയം. കലാലയ ജീവിതം എന്നത് ഏതൊരു വിദ്യാർത്ഥിയും ആഗ്രഹിക്കുന്ന ഒന്നാണ്. അത് ലഭിക്കാത്തവരും ഉണ്ട്. അവരിൽ നിന്ന് എല്ലാ രീതിയിലും ഭാഗ്യം ചെയ്തവരാണ് നമ്മൾ. ഇടവമാസ മഴയും, കുളിർക്കാറ്റും വേനൽക്കാലവും ഈ കലാലയ ജീവിതത്തിൽ നമുക്ക് ഉണർവ് ഏകുന്നു. കടന്നു പോയ വഴിത്താരയിൽ നിന്ന് വീണുകിട്ടിയ സുഹൃത്തുക്കളും, ഹൃദയസ്പർശിയായ അനുഭവങ്ങളും ഈ താളുകളിൽ ചില ഓർമ്മകൾ മാത്രം. എല്ലാം കാലത്തിൻ കളിത്തട്ടിൽ നിന്ന് മാഞ്ഞു തുടങ്ങിയിരിക്കുന്നു. എങ്കിലും ചിലത് ഓർമയിൽ മായാതെ നിലനിൽക്കും. പഠനപാഠ്യേതര വിഷയങ്ങൾക്കു ശേഷം ജീവിതത്തിൽ എവിടെയെങ്കിലും എത്തിപ്പെടുവാൻ ഉള്ള യാത്രയിൽ മൺമറയുന്ന കലാലയ ഓർമ്മകൾ പൊടിതട്ടിയെടുക്കുവാൻ ഈ താളുകൾക്ക് സാധിച്ചാൽ ഞാൻ കൃതാർത്ഥനായി.

വിദ്യ പകർന്നുതരുന്ന ഗുരുക്കൻമാർക്കും, അകലങ്ങളെ കീഴ്പ്പെടുത്തി അടുക്കുവാൻ ശ്രമിക്കുന്ന കൂട്ടുകാർക്കും സ്നേഹിച്ചു കൊതിതീരാത്ത മനസ്സുകൾക്കും മുന്നിൽ ഈ സ്മരണികയുടെ ജാലകം ഞാൻ തുറന്നുകൊള്ളട്ടെ.

ഉയരാം ഒരു മനസ്സോടെ,
അറിവിന്റെ കൊട്ടാര വാതിൽ കടക്കാം.....

**റംഷാദ് ഖാൻ**
**കോളേജ് യൂണിയൻ ചെയർമാൻ**

# യൂണിയൻ റിപ്പോർട്ട്



**2014** ഡിസംബർ 14ന് 12.00 മണിയോടെ കോളേജ് ആഡിറ്റോറിയത്തിന്റെ അങ്കണത്തിൽ വെച്ച് കോളേജ് പ്രിൻസിപ്പലിന്റെയും സ്റ്റാഫ് അഡ്വൈസറുടേയും വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും സാന്നിധ്യത്തിൽ തിരഞ്ഞെടുക്കപ്പെട്ട യൂണിയൻ ഭാരവാഹികൾ രക്തസാക്ഷികളുടെ നാമത്തിൽ സത്യപ്രതിജ്ഞ ചെയ്തു സ്ഥാനമേറ്റു.

## ജ്യോതി

**അനുസ്മരണം (നിർഭയ)**

2014 ഡിസംബർ 16ന് ഡൽഹിയിൽ കൂട്ടമാനഭംഗത്തിന് ഇരയായ പെൺകുട്ടിയുടെ ദാരുണമായ വേർപാടിന്റെ ഓർമ്മക്കായി കലാലയ യൂണിയൻ അനുശോചനം രേഖപ്പെടുത്തി. തുടർന്ന് കൊല്ലം മുൻ മേയർ ശ്രീമതി പ്രസന്ന ഏണസ്റ്റ് മുഖ്യപ്രഭാഷണം നടത്തി. വനിത സെല്ലിന്റെ നേതൃത്വത്തിൽ മെഴുകുതിരി പ്രകാശിപ്പിച്ച് കൈമാറുകയും തുടർന്ന് ഡിബേറ്റ് ക്ലബിന്റെ നേതൃത്വത്തിൽ സ്ത്രീ സുരക്ഷയുടെയും സ്ത്രീ ശാക്തീകരണത്തിന്റെയും ആവശ്യകതകൾ എന്ന വിഷയത്തെ മുൻനിർത്തി തുറന്ന ചർച്ച നടന്നു.

## സൗണ്ട്

**എഞ്ചിനിയറിംഗ് ക്ലാസ്**

ഡിസംബർ 30ന് കലാലയത്തിലെ ഫിസിക്സ് ഡിപ്പാർട്ട്മെന്റ് ബി.എസ്.സി, എം.എസ്.സി വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സൗണ്ട് എഞ്ചിനിയറിംഗ് മേഖലയിലേക്കുള്ള വിശദമായ മാർഗ്ഗനിർദേശങ്ങൾ അടങ്ങുന്ന കരിയർ റിലേറ്റഡ് ക്ലാസ് സംഘടിപ്പിച്ചു. കലാലയത്തിലെ മുൻ വിദ്യാർത്ഥി കൂടിയായ ശ്രീ അനീസ് നേതൃത്വം നൽകി.

## ഫീനിക്സ്

**യൂണിയൻ ഉദ്ഘാടനം**

2014 – 2015 വർഷത്തെ കലാലയ യൂണിയൻ ഫീനിക്സ് ഡിഡംബർ 31ന് കോളേജ് അങ്കണത്തിൽ വെച്ച് നടത്തപ്പെട്ടു. അക്ഷരങ്ങളെ അഗ്നിയാക്കി വാക്കുകളെ തീജ്വാലയാക്കി പോർനിലങ്ങളെ പടനിലങ്ങളാക്കിയ പുന്നപ്ര വയലാർ വിപ്ലവനായകൻ കേരള നിയമസഭ പ്രതിപക്ഷ നേതാവുമായ സഖാവ് വി.എസ്. അച്യുതാനന്ദൻ യൂണിയൻ ഉദ്ഘാടനം നിർവ്വഹിച്ചു.

യൂണിയൻ ചെയർമാൻ റംഷാദ് ഖാൻ അദ്ധ്യക്ഷത വഹിച്ചു. മലയാള ചലച്ചിത്രത്തിലെ യുവതലമുറയുടെ ഹരമായി മാറിയ പ്രശസ്ത സിനിമാതാരം ഹേമന്ത് ആർട്ട്സ് ക്ലബ് ഉദ്ഘാടനം അതേ വേദിയിൽ നിർവ്വഹിച്ചു. വൈസ് ചെയർമാൻ ബിൻസി അച്ചൻകുഞ്ഞ് നന്ദി രേഖപ്പെടുത്തി. കോളേജ് പ്രിൻസിപ്പാളും സ്റ്റാഫ് അഡ്വൈസറും പ്രസംഗിച്ചു. അന്നെ ദിവസം ഡി ഫോർ ഡാൻസ് ഫെയിം മാസ്റ്റർ അജാസിന്റെ നൃത്തപ്രകടനവും കൂടി ബാന്റിന്റെ നേതൃത്വത്തിൽ സംഗീത വിരുന്നും നടത്തപ്പെട്ടു.

## റൺ കേരള റൺ

കേരളത്തിൽ നടത്തപ്പെട്ട ദേശീയ ഗെയിംസിന്റെ പ്രചരണാർത്ഥം നടത്തപ്പെട്ട റൺ കേരള റൺ കലാലയത്തിലെ എല്ലാ വിദ്യാർത്ഥികളും അധ്യാപകരും

# യൂണിയൻ - റിപ്പോർട്ട്



അനദ്ധ്യാപകരും ഉൾപ്പെടെയുള്ളവർ കരിക്കോട് മുതൽ സിയാറാത്ത്മൂട് പള്ളി ജംഗ്ഷൻ വരെ കൂട്ടയോട്ടം നടത്തി.
റ്റി.കെ.എം ട്രസ്റ്റ് ട്രഷറർ ജലാലുദ്ദീൻ മുസലിയാർ ഫ്ളാഗ് ഓഫ് ചെയ്തു കോളേജ് പ്രിൻസിപ്പാൾ ദേശീയ ഗെയിംസ് പ്രതിജ്ഞയെടുത്തു.

## ഫിലിം

### ഫെസ്റ്റിവൽ

ഫെബ്രുവരി മൂന്നാം തീയതി കലാലയത്തിൽ ആദ്യമായി കലാലയ യൂണിയന്റെ നേതൃത്വത്തിൽ ഫിലിം ഫെസ്റ്റിവൽ നടത്തപ്പെട്ടു.
രാജ്യാന്തര നിലയിൽ പ്രസിദ്ധിയാർജിച്ച ചലച്ചിത്രമായ ലൈഫ് ഓഫ് പൈയും ഇന്ത്യൻ സമൂഹത്തിൽ ചർച്ചയ്ക്ക് വിധേയമായ പി.കെ എന്ന ചലച്ചിത്രവും കലാലയത്തിന്റെ ആഡിറ്റോറിയത്തിൽ പ്രദർശിപ്പിച്ചു.
വിദ്യാർത്ഥികളിൽ ഫിലിം ഫെസ്റ്റിവൽ വേറിട്ട അനുഭവം സമ്മാനിച്ചു.

## ആർട്സ്

### ഫെസ്റ്റിവൽ

സർഗ്ഗാത്മകമായ വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകൾ മാറ്റുരയ്ക്കുന്ന യൂത്ത്ഫെസ്റ്റിവൽ ഫെബ്രുവരി 12,13 തീയതികളിൽ കോളേജ് ആഡിറ്റോറിയത്തിൽ വെച്ച് വർണ്ണാഭമായി നടത്തപ്പെട്ടു.
വാശിയേറിയ കലാമുഹൂർത്തമായിരുന്നു അത്. ഫിസിക്സ് ഡിപ്പാർട്ട്മെന്റ് ഓവറോൾ വിജയികൾ ആയി.

## വനിതാദിനം

യൂണിയന്റെ നേതൃത്വത്തിൽ വനിതാദിനം എൻ.എസ്.എസ് യൂണിറ്റുമായി ചേർന്ന് ആഘോഷിച്ചു.
യൂണിവേഴ്സിറ്റി യൂണിയൻ മുൻ ഭാരവാഹിയായ കുമാരി ചിന്താജെറോം സ്ത്രീ ശാക്തീകരണം എന്ന വിഷയത്തിലും, കേരള സർക്കാർ എമേർജിംഗ് കേരളയിലൂടെ 101 തിരഞ്ഞെടുക്കപ്പെട്ട വനിതാ വ്യവസായി റ്റി.രാജി സ്ത്രീ തൊഴിൽ മേഖലകൾ എന്ന വിഷയത്തിലും പ്രഭാഷണം നടത്തി.
വിദ്യാർത്ഥികൾക്കിടയിൽ നിന്ന് പോസ്റ്റർ പ്രദർശനവും നടത്തി.

### യൂണിവേഴ്സിറ്റി

## യൂത്ത്ഫെസ്റ്റിവൽ

യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവൽ കലാലയത്തിന്റെ അങ്കണത്തിൽ വെച്ച് നടത്തപ്പെട്ടു. വിദ്യാർത്ഥികൾക്കും കലാലയത്തിനും വേറിട്ട അനുഭവം നൽകി.
യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവൽ കലാജാഥയ്ക്ക് കോളേജിന് ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ സാധിച്ചു.
ഒപ്പനയിൽ കലാലയത്തിലെ വിദ്യാർത്ഥികൾക്ക് ഒന്നാം സ്ഥാനവും മാപ്പിളപാട്ടിനു തസ്നീം അസ്ലമിന് രണ്ടാം സ്ഥാനവും ലഭിച്ചു.

### ക്യാമ്പസ്

## സർവ്വേ

കലാലയ വിദ്യാർത്ഥികളുടെ സംസ്കാരികവും സാമൂഹികവുമായ കാഴ്ചപ്പാടുകൾ തിരിച്ച് അറിയുന്നതിനും, കലാലയ ഹൃദയം തൊട്ടറിയുന്നതിനു വേണ്ടിയും കോളേജ് യൂണിയൻ ക്യാമ്പസിൽ സർവ്വേ നടത്തി.
വേറിട്ട ഒരനുഭവമായിരുന്നു ക്യാമ്പസ് സർവ്വേ.

# യൂണിയൻ റിപ്പോർട്ട്



**കോളേജ് യൂണിയൻ**
## സമാപനം

(2014-15) ലെ കലാലയ യൂണിയൻ സമാപനം വളരെയധികം വർണ്ണപ്രഭയോടെ ആഘോഷിക്കപ്പെട്ടു. പ്രശസ്ത പിന്നണി ഗായകൻ ഐഡിയാ സ്റ്റാർ സിംഗർ ഫെയിം വില്യം വിദ്യാർത്ഥികൾക്കായി കാണികളെ ഇളക്കി മറിച്ച പ്രകടനം നടത്തി. ചടങ്ങിന്റെ ഉദ്ഘാടനവും വില്യം നിർവഹിച്ചു. ആർട്സ് ഫെസ്റ്റിവലിൽ മാറ്റുരച്ച് വിജയികളായ വിദ്യാർത്ഥികൾക്കും ആർട്സ് ഫെസ്റ്റിവലിൽ ഓവറോൾ നേടിയ ഫിസിക്സ് ഡിപ്പാർട്ട്മെന്റിനും സമ്മാനങ്ങളും ചാമ്പ്യൻഷിപ്പും കൈമാറി. സ്പോർട്സ് ഓവറോൾ ചാമ്പ്യൻഷിപ്പും കൈമാറി.

ജനറൽ സെക്രട്ടറി
**ഔസ് എം**

**കേരളാ യൂണിവേഴ്സിറ്റി**
## കലാജാഥ

2014-2015 കേരളാ യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവലിനോട് അനുബന്ധിച്ച് കൊല്ലത്ത് കലാജാഥ നടന്നു. വർണ്ണാഭമായി നടന്ന കലാജാഥയിൽ ടി.കെ.എം. കോളേജ് ഒന്നാം സ്ഥാനം അഭിമാനത്തോടെ നിലനർത്തി.

**'ഇതാണ്**
## ഞങ്ങ പറഞ്ഞ നടൻ'

യൂണിയന്റെ നേതൃത്വത്തിൽ സൂര്യ ടി.വിയിലെ ഹാസ്യ പരിപാടിയായ 'ഇതാണ് ഞങ്ങ പറഞ്ഞ നടൻ' വർണ്ണാഭമായി കലാലയ അങ്കണത്തിൽ വെച്ച് ചിത്രീകരിക്കപ്പെട്ടു. വിദ്യാർത്ഥികളുടെ പൂർണ്ണമായ പങ്കാളിത്തത്തോടെ നടത്തിയ ടി.വി. പ്രോഗ്രാം വളരെയധികം വിജയകരമായിരുന്നു.

**'മൺസൂൺ'**
## ഓഡിയോ റിലീസ്

'മൺസൂൺ' എന്ന ചലച്ചിത്രത്തിന്റെ ഓഡിയോ റിലീസിംഗ് ടി.കെ. എം. ന്റെ കലാലയഅങ്കണത്തിൽ വെച്ച് വർണ്ണാഭമായി നടത്തപ്പെട്ടു. പ്രശസ്ത സിനിമാതാരങ്ങൾ അണിനിരന്നു. ജോയി മാത്യു, ബാലാജി തുടങ്ങിയവർ വിദ്യാർത്ഥികളുടെ ഹരമായി മാറി.

## കരിയർ
**ഗെയിഡൻസ് ക്ലാസ്**

കലാലയ യൂണിന്റെ നേതൃത്വത്തിൽ മലയാള മനോരമയുമായി, ചേർന്ന് നടത്തിയ കരിയർ ഗെയിഡൻസ്പരിപാടിയിൽ ശ്രീ. ടി. ഹരി പ്രഭാഷണം നടത്തി. വിദ്യാർത്ഥികൾക്ക് വളരെ പ്രയോജനകരമായ ഒരു പ്രോഗാമായിരുന്നുവെന്ന് വിദ്യാർത്ഥികൾ അഭിപ്രായം പ്രകടിപ്പിച്ചു.



# Magazine
## Editorial Board


**Prof. A Hashimudeen**
Cheif Editor


**Prof. E Najeem**
Staff Editor


**Al Bashiri**
Student Editor


**Dr. Zeena firoz**
Member Editorial Board


**Prof. Sumithra**
Member Editorial Board


**Vishnu Suresh**
Editorial Board


**Umar Farook. F**
Editorial Board


**Aisha**
Editorial Board


**Gopan G**
Editorial Board


**Denny John**
Editorial Board


**Sajid Sirajudeen**
Editorial Board



# Oath Taking
## College Union

**Ramshadkhan.R**
Chairman
**Bincy Achankunju**
Vice Chairman
**Aous M**
General Secretary
**Jikku**
Arts club Secretary
**Al-Bashiri**
Magazine Editor
**Nassarudeen Hilal**
University Union Councillor
**Abhijith SA**
University Union Councillor












# Union
## Inauguration




ബഹു : പ്രതിപക്ഷ നേതാവ്
**ശ്രീ. വി.എസ് അച്യുതാനന്ദൻ**
2014 –15 കോളേജ് യൂണിയൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.
സിനി ആർട്ടിസ്റ്റ് ശ്രീ. ഹേമന്ത് മേനോൻ ആർട്സ് ക്ലബ്ബ് ഉത്ഘാടനം നിർവ്വഹിച്ചു.

# Union Inauguration










ഡി ഫോർ ഡാൻസ് താരം അജാസ് യൂണിയൻ ഉത്ഘാടന വേദിയിൽ നൃത്തം അവതരിപ്പിച്ചു. 'മകുടി' ബാന്റിന്റെ മ്യൂസിക് ഷോയും നടന്നു.





യൂണിയൻ ഉത്ഘാടനം വിവിധ ദൃശ്യങ്ങൾ



# Magazine
## Advertisement
## Committee


**Shamnad**
Member


**Mohammed Bilal**
Member


**Arif S**
Member


**Noufal**
Member


**Nadirsha**
Member


**Suhail**
Member


**Arun**
Member


**Sujith**
Member


**Akhil A Salam**
Member


**Neeraj**
Member


Sooraj
Member


Ali fathima
Member


Rajimole
Member


Shefeek B
Member

# Magazine
## Designing Committee


Anees
Member


Mithun
Member



# Achievements..
## Pride of our campus...



ഡിബേറ്റ് വിജയികൾ





കേരള യൂണിവേഴ്സ്റ്റി യൂത്ത് ഫെസ്റ്റിവൽ ഒപ്പനമത്സര വിജയികൾ

# Nirbhaya...
Open debate..















# SuryaTV
**Programme**

സൂര്യ ടിവിയുടെ
ഇതാണ് ഞങ്ങ പറഞ്ഞ നടൻ
പരിപാടിയിൽ നിന്ന്

# Youth Festival
## Kerala University
















നക്ഷത്രങ്ങളുടെ
കൈയ്യൊപ്പ്

# NCC Officers



**Lt. Shaji PI**
Associate NCC Officer



**Muhammed Ajmal Sha**
Senior Under Officer



**Kannan R ramesh**
Junior Under Officer



**Kalesh Krishanan**
Junior Under Officer

## Sports club



Dinraj



Moh'd Ya Mannan



Salman

## Womens club



Mithra



Jincy



Nejuma N

## Debate club



Hamil c fernadez



Ali Mubeen



Sri Vindh Nath

# Lines....
from our campus...



Al - Bashiri

# Lines....
from our campus...



Sreevindhanadh



# ലൈംഗികത അതിക്രമമാകുമ്പോൾ



**അമൃത ആർ**
രണ്ടാംവർഷം
കെമസ്ട്രി.

ദുര്യോധനന്റെ രാജസദസ്സിൽ വസ്ത്രാക്ഷേപം ചെയ്യപ്പെട്ട പാഞ്ചാലിയുടെ രക്ഷകനെതേടിയുള്ള നിലവിളിയും, ഡൽഹി സംഭവത്തിലെ പെൺകുട്ടിയുടെ ജീവനുവേണ്ടിയുള്ള ആർത്തനാദവും മുഴങ്ങിയത് ഒരേ ഇന്ത്യയിൽ, സ്ഥലം പോലും സമാനം. കാലം മാത്രം വ്യത്യസ്തം ഇതിഹാസത്തിൽ പാഞ്ചാലിയുടെ മാനം കാക്കാൻ ശ്രീകൃഷ്ണന് ഒരു ധർമ്മയുദ്ധം തന്നെ നടത്തേണ്ടിവന്നു. അഭിനവ ഭാരതത്തിന്റെ തലസ്ഥാനനഗരിയിൽ പിച്ചിചീന്തപ്പെട്ട പേരറിയാത്ത ആ പെൺകുട്ടിയുടെ ദീനരോദനത്തിന് ഉത്തരമേകാൻ ആരുമില്ലായിരുന്നു. ആ കണ്ണീർ ഇന്ത്യയിലെ എല്ലാ സ്ത്രീകളുടെയും കണ്ണീരായി മാറുകയായിരുന്നു. ഓരോ സ്ത്രീയുടെയും സംരക്ഷകനായി മാറേണ്ട പുരുഷൻ തന്റെ ശക്തിയുടെ, പുരുഷത്വത്തിന്റെ പ്രതീകമായി ലൈംഗികതയെ കരുതുമ്പോഴാണ് പീഡനങ്ങൾ നടക്കുന്നത്. സാമ്പത്തികമായ അസ്ഥിരതയും അത് സൃഷ്ടിക്കുന്ന സാമൂഹിക ജീർണ്ണതയും. അതിൽ നിന്ന് ഉടലെടുക്കുന്ന വൈരാഗ്യവും പ്രതിഷേധങ്ങളും മനസികരോഗങ്ങളും എല്ലാം തന്നെ പീഡനത്തിലേക്ക് വഴിതെളിക്കുന്നു. എന്നാൽ ചുരുക്കം ചില സന്ദർഭങ്ങളിൽ പ്രത്യേക ലക്ഷ്യത്തോടെയുള്ള മുതലെടുപ്പിനു വേണ്ടി, സത്യവിരുദ്ധമായ പ്രസ്താവനകളും വെളിപ്പെടുത്തലുകളും പരാതികളുമായി ചില വ്യക്തികൾ പ്രത്യക്ഷപ്പെടാറുണ്ടെങ്കിലും യഥാർത്ഥത്തിൽ ലൈംഗിക ആക്രമണങ്ങൾ മുടക്കമില്ലാത്ത വിധത്തിൽ വർദ്ധിക്കുന്നു വെന്നതാണു വാസ്തവം.

നമ്മുടെ സംസ്കാരത്തിന്റെ പലകോണുകളിലും ലൈംഗികതയുടെ അനാരോഗ്യകരമായ അതിപ്രസരണം കാണാം. ദൃശ്യമാധ്യമങ്ങളിൽ ലൈംഗികതയുടെ വിഷലിപ്തമായ ഒളിയമ്പുകൾ നിറയുന്നു. അയാഥാർത്ഥ്യവും അശ്ലീല വാക്കുകളും നിറഞ്ഞ പാട്ടുകൾക്കൊപ്പം സ്ത്രീ അൽപവസ്ത്രധാരിയായി നൃത്തമാടുന്ന രംഗങ്ങൾ സ്ത്രീയെ ഉപഭോഗവസ്തുവാക്കി ചിത്രീകരിക്കുന്നു. ഇതിനെല്ലാമുപരിയാണ് സിനിമകളിലെ ബലാത്സംഗ സീനുകൾ. ഇത്തരം ദൃശ്യങ്ങൾ യുവമനസ്സുകളെ ധാരാളം സ്വാധിനിക്കുന്നുണ്ട്. എന്നാൽ ഈ യാഥാർത്ഥ്യങ്ങളെല്ലാം തന്നെ മനസ്സിലാക്കിയിട്ടും റേറ്റിംങ് കൂട്ടി പണം വാരുക എന്ന ലക്ഷ്യത്തിനു പിന്നാലെ

> *പലകോണുകളിലും ലൈംഗികതയുടെ അനാരോഗ്യകരമായ അതിപ്രസരണം കാണാം. ദൃശ്യമാധ്യമങ്ങളിൽ ലൈംഗികതയുടെ വിഷലിപ്തമായ ഒളിയമ്പുകൾ നിറയുന്നു. അയാഥാർത്ഥ്യവും അശ്ലീല വാക്കുകളും നിറഞ്ഞ പാട്ടുകൾക്കൊപ്പം സ്ത്രീ അൽപ വസ്ത്രധാരിണിയായി നൃത്തമാടുന്ന രംഗങ്ങൾ സ്ത്രീയെ ഉപഭോഗവസ്തുവാക്കി ചിത്രീകരിക്കുന്നു.*

പായുകയാണ്. ദൃശ്യമാധ്യമരംഗത്ത് പ്രവർത്തിക്കുന്നവർ. ഇവിടെ ഉപഭോഗ സംസ്കാരത്തിനായി ഇത്തരത്തിലുള്ള വ്യക്തികൾ നഷ്ടപ്പെടുത്തുന്നത് നമ്മുടെ പവിത്രവും, സ്വചരവുമായ ഭാരതീയ സംസ്കാരത്തെയാണ്. റേറ്റിംഗിന് വേണ്ടി മാത്രമുള്ള ഇത്തരം മാധ്യമദൃശ്യങ്ങൾ പുരുഷനിലുള്ള ലൈംഗിക ചിന്തകളെ വികൃതമായ വിധത്തിൽ ഉദ്ദീപിപ്പിച്ച് അക്രമത്തിലൂടെയും അവഹേളനത്തിലൂടെയും ഭീഷണിപ്പെടുത്തിയും സ്ത്രീയെ കീഴ്പ്പെടുത്താൻ പരോക്ഷമായെങ്കിലും പ്രേരിപ്പിക്കുന്നില്ല? എന്നു ചിന്തിക്കേണ്ടത് അനിവാര്യമാണ്. സമൂഹത്തിന്റെ പൊയ്പ്പോയ ആദർശങ്ങളും ലൈംഗിക ചിന്തയടക്കമുള്ള ജീവിത ശൈലിയും കുടുംബത്തിൽ നിന്നാണ് ഓരോ വ്യക്തിയും പഠിക്കുന്നത്. സ്വന്തം വീട്ടിലും നാട്ടിലും നിലനിൽക്കുന്ന സ്ത്രീപുരുഷബന്ധത്തിന്റെ ആന്തരാർത്ഥം ഓരോ കുട്ടിയും ഇളം പ്രായത്തിലെ ഉൾക്കൊള്ളുന്നു. കൗമാരത്തിലാണ് ഇത് കൂടുതൽ. വളരുത്തോറും കുട്ടികൾ സമൂഹത്തിൽ നിന്നും ഏറെ മനസ്സിലാക്കാറുണ്ട്. ലൈംഗിക കുറ്റം ചുമത്തപ്പെട്ട വ്യക്തിയെ തെളിവില്ലാത്തതിന്റെ പേരിൽ കോടതി കുറ്റവിമുക്തനാക്കുന്നതും, പണക്കൊഴുപ്പും സ്വാധീനവും കായ ബലവും കൊണ്ടുപുരുഷൻമ്മാർ സ്ത്രീയെ ലൈംഗികാവശ്യത്തിനു കീഴ്പ്പെടുത്തുന്നതും എല്ലാം തന്നെ കൗമാരപ്രായക്കാർ അറിയുകയും ശ്രദ്ധിക്കുകയും ചെയ്യുന്നു. എന്നാൽ തുടർന്നുള്ള കൗമാരക്കാരുടെ വഴിതെറ്റൽ ശ്രദ്ധിക്കാൻ ആരുമില്ലെന്നു മാത്രം. സൈബർ ലോകവും തെറ്റിലേക്കു വല വിരിക്കുന്നു. വിരൽതുമ്പിൽ നഗ്നതാദൃശ്യങ്ങളും രതിക്രിയാദൃശ്യങ്ങളടക്കം എത്തിക്കുന്ന ഇന്റർനെറ്റ് വികലമായ അറിവുകളാകാം നമ്മുടെ പിഞ്ചോമനകൾക്കു നൽകുന്നത്. ഈയിടെ ഇറങ്ങിയ ഒരു പരസ്യചിത്രത്തിൽ നാം ദർശിച്ചതാണ്. ജനിച്ചയുടനെതന്നെ ഡോക്ടറിന്റെ മൊബൈലെടുത്ത് നഴ്സുമായി ഒന്നിച്ചു നിന്നൊരു ഫോട്ടോ യെടുത്തു ഫേസ്ബുക്കിലിട്ട് ലൈക്കു വാങ്ങി യാത്രയാക്കുന്ന ഒരു പൊടിക്കുഞ്ഞിനെ. ഇത് അല്പം രസം നിറഞ്ഞ പരസ്യമാണെങ്കിലും അൽപ്പം ഗൗരവമായി ചിന്തിക്കാനാവശ്യപ്പെട്ടാൽ ആരും പറയുക ആ കൊച്ചു കുഞ്ഞിന് മൊബൈൽ ആവശ്യമില്ലെന്നാണ്. കുഞ്ഞ് മൊബൈൽ എടുത്തതിൽ തെറ്റുപറയാനാകില്ല. കുഞ്ഞ് മൊബൈൽ എടുക്കുന്നതിലല്ല. അവൻ അതെങ്ങനെ ഉപയോഗിക്കുന്നു എന്നതിലാണ് കാര്യം. ലൈക്കിനേവേണ്ടി ഫേസ്ബുക്കിലും, വാട്ട്സാപ്പിലും ഇടുന്ന ചിത്രങ്ങൾക്ക് ലൈക്ക് ചെയ്യാൻ തിരക്കിടുകയാണ് ഇന്നത്തെ കൗമാരം. എന്നാൽ ശ്രദ്ധിക്കേണ്ട കാര്യം തന്റെ വിരൽതുമ്പിൽ ഈ സൗകര്യം കിട്ടിയിട്ടും ഉപയോഗിക്കാതെ ഒരുപറ്റം വിദ്യാർത്ഥി സമൂഹത്തെയും നമുക്ക് കാണാം. വിദ്യ അഭ്യസിപ്പിക്കുന്ന അധ്യാപകർ തന്നിൽ വിശ്വാസമർപ്പിച്ചിരിക്കുന്ന വിദ്യാർത്ഥികളെ പീഡിപ്പിക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരം വിദ്യാർത്ഥികൾ സമൂഹത്തിനൊരു മാതൃകയാണ്. ആധുനിക കാലഘട്ടത്തിൽ ശാസ്ത്രീയമായ ലൈംഗീക വിദ്യാഭ്യാസമോ, ജീവിത മൂല്യങ്ങളെപ്പറ്റിയുള്ള അറിവോ ലഭിക്കാത്ത കൗമാരങ്ങൾ ഇന്റർനെറ്റിൽ പ്രചരിക്കുന്ന അശ്ലീല വീഡിയോകളിലേക്ക് വളരെ വേഗം ആകൃഷ്ടരാകും. പൊതുവേ കൗമാരം എന്നത്, നൻമയും, തിൻമയും വേർതിരിക്കാനുള്ള ശക്തിയുടെ അളവു കുറഞ്ഞ കാലഘട്ടമായതുകൊണ്ട് തന്നെ സുഖദായകമായ ലൈംഗികതയിലേക്കാവും ആകർഷണം കൂടുതൽ. ലൈംഗികതയുടെ വികൃതവും അപകടകരവുമായ ആശയങ്ങൾ ഇവിടെ ആരംഭിക്കുന്നു. അമ്മയുടെയും, പെങ്ങളുടെയും വരെ നഗ്നചിത്രങ്ങൾ പകർത്തുന്ന വിവിധതരത്തിലെ ലൈംഗികവൈകൃതങ്ങളിലേക്ക് കൗമാരക്കാർ വേച്ചുവീഴുന്നതിങ്ങനെയാണ്. കൗമാരക്കാലത്ത് ലഭിച്ച അറിവും പ്രചോദനങ്ങളുമായി, സമ്പന്നമായ സ്വാതന്ത്ര്യമുള്ള ആരോഗ്യമുള്ള യൗവ്വനത്തിലേക്ക് കടക്കുമ്പോൾ, പ്രത്യേകിച്ച്



ലഘുവായ നിയമങ്ങളുള്ള നമ്മുടെ നാട്ടിൽ, വികൃതവും നൈമിഷികവുമായ ലൈംഗിക സംതൃപ്തിക്കുവേണ്ടി പുരുഷൻമാർ സ്ത്രീകളുടെ നേർക്കുതിരിയുന്നതിൽ എന്താണത്ഭുതം. ഇപ്പോഴത്തെ കുട്ടികളെ ക്കുറിച്ച് എന്തുപറയാനാണ്? മുട്ടയിൽ നിന്നു വിരുയും മുൻപേ അവർ കൂവിത്തുടങ്ങുകയല്ലോ? അഞ്ചാം ക്ലാസിലും ആറാം ക്ലാസിലും പഠിക്കുന്ന കുട്ടികളുടെ ലൈംഗികതയെ കുറിച്ച് അറിവിനെക്കുറിച്ചു മുതിർന്നവർ പറയുന്ന കമന്റാണിത്. ഈ പറയുന്നതിൽ അൽപം പോലും അതിശയോക്തി ഇല്ലെന്നതാണ് വാസ്തവം. കാരണം ഓരോ തലമുറ കഴിയും തോറും ലൈംഗികതയെ സംബന്ധിച്ച അറിവുകൾ അറിയേണ്ട പ്രായത്തിലും നേരത്തെ അറിയാൻ കഴിയുന്ന. 50 വർഷം മുൻപ് പതിനഞ്ചാം വയസിലായിരുന്നു ലൈംഗികതയെ സംബന്ധിച്ച അറിവുകളുടെ ആദ്യപാഠങ്ങൾ അറിഞ്ഞിരുന്നതെങ്കിൽ അത് ഇന്ന് പത്താം വയസ്സിലോ എട്ടാം വയസ്സിലോ ആണ്.

മദ്യവും മയക്കുമരന്നും ഉൾപ്പെടെയുള്ള ലഹരി ഉൽപന്നങ്ങളുടെ ഉപയോഗമാണ് സ്ത്രീപീഡനങ്ങൾ പെരുക്കുന്നതിന് മറ്റൊരു പ്രധാനകാരണം. മദ്യപാനത്തിന് അടിമപ്പെട്ടവരിൽ മദ്യപിക്കാതിരിക്കുമ്പോൾ മാനസികമായും ശാരീരികമായും അസ്വസ്ഥത അനുഭവപ്പെടാറുണ്ട്. ഈ ലക്ഷണങ്ങൾക്കു സമാനമായ വിധത്തിൽ ലൈംഗികതയോടു പ്രത്യേകതരത്തിലൂള്ള താല്പര്യം വിധേയത്വവും കേരളത്തിൽ വർദ്ധിക്കുന്നു. എന്നതാണ് വസ്തുത. നമ്മുടെ ഈ കൊച്ചു കേരളത്തിലെ ബാല്യങ്ങൾ അവരുടെ സ്കൂൾ ജീവിതത്തിൽ തന്നെ ലഹരി, മയക്കുമരുന്ന് തുടങ്ങുകയായി. ഇത്തരം കുട്ടികൾ, വളർന്നുവരുന്ന കാലഘട്ടത്തിൽ ലഹരി ഉപയോഗം വർദ്ധിപ്പിക്കുകയും അത് മറ്റുകുട്ടികളിലേക്ക് കൂടി പകർന്ന് കൊടുക്കുകയും ചെയ്യുന്നു. എന്തും വിരൽ തുമ്പിൽ ലഭിക്കുന്ന ഈ കാലഘട്ടത്തിൽ കോളേജ് ക്യാമ്പസുകളിൽ വിറ്റഴിക്കുന്ന ലഹരി ഉൽപന്നങ്ങൾക്ക് കണക്കില്ല. ഒപ്പം ഇതെല്ലാം കണ്ടിട്ടും പണക്കൊഴുപ്പിനടിപ്പെട്ട് ഇത്തരം പ്രവണതയിലേക്ക് തിരിയുന്ന കുട്ടികളെ ഒന്നു തിരുത്തുകപോലും ചെയ്യാത്ത അധികൃതവർഗ്ഗവും. മദ്യപിച്ച് മദോന്മത്തരായ പുരുഷവർഗ്ഗം തുടർന്ന് ബലഹീനരായ സ്ത്രീകൾക്കുമുന്നിൽ തങ്ങളുടെ ആക്രമണം അഴിച്ചു വിടുന്നു. ഇന്നുവരെ കേരളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മിക്ക പീഢനക്കേസിലെ പ്രതികളും മദ്യപിച്ചിരുന്നു എന്നാണ് റിപ്പോർട്ടുകൾ തെളിയിക്കുന്നത്. അച്ഛൻമാർ പ്രതികളായുള്ള മിക്കകേസുകളിലും മദ്യം ഒരു പ്രേരണ ഘടകമായി കണ്ടെത്തിയിട്ടുണ്ട്. നമ്മുടെ തലസ്ഥാനനഗരിയിൽ അമ്മയില്ലാത്ത അഞ്ചുവയസ്സുകാരിയെ പീഢിപ്പിച്ച സംഭവത്തിൽ, അയാൾ കഞ്ചാവിനും മദ്യത്തിനും അടിമയാണെന്നു കണ്ടെത്തിയിരുന്നു. ഇക്കണക്കിനാണ് നമ്മുടെ സംസ്കാരത്തിന്റെ ചലനമെങ്കിൽ സ്വന്തം രക്തത്തിൽ പിറന്ന മകളെയോ മകനെയോ വാത്സല്യത്തോടെ ആശ്ലേഷിക്കാൻ പോലും നമ്മുടെ നാട്ടിൽ അച്ഛൻമാർ പേടിക്കേണ്ടിവരും . അത്രമാത്രം ഭീകരമാണ് പെരുകിവരുന്ന ഇത്തരം കേസുകൾ സൃഷ്ടിക്കുന്ന ഭീതി. വ്യക്തിത്വ വൈകല്യമാണ് ഇനിയൊരു കാരണം. പിടിക്കപ്പെടുകയില്ല എന്നു തോന്നുന്ന പക്ഷം, എന്തു നീച പ്രവർത്തിയും കാട്ടാൻ തയ്യാറുള്ള ക്രിമിനൽ, സാമൂഹിക വിരുദ്ധ വ്യക്തിത്വങ്ങൾ ഉണ്ട്. ധർമ്മാ ധർമ്മങ്ങളെപ്പറ്റിയോ മറ്റുള്ളവരുടെ മാനസിക വ്യാപാരങ്ങളെപ്പറ്റിയോ ഉള്ള വിവേചനം തീരെയില്ലാത്തവരാണ് ഇക്കൂട്ടർ. അവരുടെ മുൻപിൽ അനുകൂല സാഹചര്യത്തിൽ ഒരു സ്ത്രീ ചെന്നു ചാടുന്ന പക്ഷം അവളെ പിച്ചിചീന്താൻ ഇത്തരക്കാർ തയ്യാറാവുന്നു. ഇതിൽ മരവിച്ച തെളിവായി, ഡൽഹിസംഭവം എടുത്തുകാട്ടാം. കണ്ടാലിരക്കുന്ന ജനങ്ങളൂണ്ടോ കക്കാൻ മടിക്കുന്നു. തരംവരുമ്പോൾ എന്ന ചൊല്ലിവിടെ സ്മരിക്കാം. ഇതിനെല്ലാമുപരി, തകർന്ന കുടുംബബന്ധങ്ങളും ലൈംഗിക കുറ്റവാസനകളെ ഊട്ടിവളർത്തുന്ന തായികണ്ടെത്തിയിട്ടുണ്ട്. മാതാപിതാക്കളുടെ അപഥ സഞ്ചാരം കണ്ടു മനം മടുത്ത കുട്ടികൾ പിൽക്കാലത്ത് അതേ പാത പിന്തുടരുന്നതു കാണാം.

കേരള മന:സാക്ഷിയെ ഞെട്ടിക്കുന്ന മറ്റൊരു കണ്ടെത്തൽ എന്താണെന്നുവച്ചാൽ, കേരളത്തിൽ ഏറ്റവും കൂടുതൽ പീഢനങ്ങൾ നടക്കുന്നത് വീടിനുള്ളിലും പീഢനത്തിന്റെ ഇരകൾ കുട്ടികളുമാണ് എന്നുള്ളതാണ്. നമ്മുടെ കൊച്ചു കേരളത്തിലെ ദൈവത്തിന്റെ സ്വന്തം നാട്ടിലെ, ദൈവത്തിന്റെ സ്വന്തം ബാല്യങ്ങൾ ഇന്ന് ചിതലരിക്കപ്പെടുകയാണ്. കുട്ടികളോടുള്ള അതിക്രമങ്ങൾ ദിനം പ്രതി വർദ്ധിച്ചു വരുകയാണ്. ഇതിലെ പ്രതികളാകട്ടെ കുട്ടിയുടെ ചുറ്റുവട്ടത്തുള്ളവരും ഭയനകമായ ഈ സ്ഥിതിവിശേഷത്തിന്റെ കാരണങ്ങൾ പലതാണ്.

ഉറുമ്പരിക്കുന്ന നിലയിൽ കാട്ടുപൊന്തയിൽ നിന്നു കണ്ടെടുത്തപ്പോൾ അവൾ മൃത പ്രായമായിരുന്നു. തലേന്നുരാത്രി അമ്മയുടെ കരവലയത്തിൽ സുരക്ഷിതയായിരുന്ന അവളെ എടുത്തുകൊണ്ടുപോയ നരാധമന്മാർ ആവശ്യം കഴിഞ്ഞ് ഉപേക്ഷിച്ചതായിരുന്നു അവിടെ. ശരീരത്തിൽ മുറിഞ്ഞ നീറാത്ത ഒരിടംപോലുമില്ല. സ്വകാര്യ അവയവങ്ങൾക്കു പോലും പരിക്ക്. ആശുപത്രിയിലേക്കു മാറ്റിയപ്പോൾ അവൾക്ക് രണ്ട് അടിയന്തിര ശസ്ത്രക്രീയകൾ ആവശ്യമായിരുന്നു. മലം നീക്കാനായി പ്രത്യേകം ട്യൂബ് ഘടിപ്പിച്ചു. കുടൽ തകർന്നതിനാൽ, അവിടെയും വേണ്ടിവന്നു. ശസ്ത്രക്രീയ ശരീരത്തിനേറ്റ പരിക്കുകൾ

സുഖമാക്കാൻ ഏറെ നാളുകളെടുക്കും എന്നായി ഡോക്ടർമാർ. കുട്ടിയുടെ മാനസ്സിക നില വീണ്ടെടുക്കാൻ വർഷങ്ങളെടുക്കുമത്രേ...... അവളെ മൃഗീയമായി ഉപയോഗിച്ചനു പ്രായം 35........ അവൾക്ക് പ്രായം വെറും മൂന്നു വയസ്സ്...........

ഈ വാർത്ത അടുത്തിടെ പത്രത്തിൽ വന്നതാണ്. ഇത്തരം വാർത്തകൾ കേരളത്തിൽ ഒരു പുതിയ സംഭവമല്ല. എങ്ങോട്ടാണ് നമ്മുടെ നാടിന്റെ പോക്ക്? കേരളത്തിൽ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ ഏറ്റവുമധികം പീഢനങ്ങൾ നടന്ന വർഷമായിരുന്നു 2011. 423 കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. തുടർന്ന് ഓരോ വർഷം കൂടുന്തോറും ഈ കണക്കിൽ വലിയ വ്യത്യാസമില്ലാത്ത തുടരുകയാണ് പീഡനങ്ങൾ കേട്ട് ഞെട്ടാൻ വരട്ടെ, അച്ഛനും, 15 വയസ്സുള്ള സഹോദരനും അങ്കിളുമാരും രണ്ടുവർഷം തുടർച്ചയായി പതിമൂന്നുകാരിയെ പീഢിപ്പിച്ച സംഭവം നടന്നത് കണ്ണൂരിലാണ്. 2012 നെ കുട്ടികൾക്കെതിരായ അതിക്രമങ്ങൾക്കതിരെ, ഉണർന്നു പ്രവർത്തിക്കേണ്ട വർഷമായി പ്രഖ്യാപിച്ചുവെങ്കിലും 2015 ഉദിച്ചിട്ടും കുട്ടികളോടുള്ള അതിക്രമങ്ങളിൽ വലിയമാറ്റമന്നും കണ്ടെത്തുവാനായിട്ടില്ല എന്നതാണുസാരം കണക്കുകൾ അവിടെ നിൽക്കട്ടെ, എണ്ണത്തേപ്പോലെയോ അതിനേക്കാളുമോ ഭയപ്പെടുന്നതാണ് അതിലെ പ്രതികളുടെ വെളിപ്പെടുത്തലുകൾ മിക്കകേസുകളിൽ അച്ഛൻ, സഹോദരൻ, അങ്കിൾ, അധ്യാപകർ, അനാഥാലയ നടത്തിപ്പുകാരൻ എന്നിങ്ങനെകുട്ടികൾക്ക് പരിചിതമായവരും അവരെ സംരക്ഷിക്കാൻ ചുമതലപ്പെട്ടിട്ടുള്ളവരുമാണ് പ്രതിസ്ഥാനത്തു നിൽക്കുന്നത്. അപരിചിതരായവർ പീഡിപ്പിക്കുന്ന കേസുകൾ വളരെ തുച്ഛം വേലിതന്നെ വിളവുതിന്നുന്ന ഈ അവസ്ഥയിൽ ആരെ വിശ്വസിക്കണം എന്നറിയാതെ കുഴയുകയാണ്, കുഞ്ഞുങ്ങളും അവരുടെ മാതാപിതാക്കളും കുഞ്ഞുളോട് സ്നേഹം നടിക്കുന്നവരെപ്പോലും വിശ്വസിക്കാൻ പറ്റാത്ത വലിയൊരു ലോകത്താണ് നാം ജീവിക്കുന്നത്. കളങ്കമില്ലാത്ത ബാല്യത്തിന്റെ പുഞ്ചിരിയും കിലുക്കവും കേവലം രണ്ടുനിമിഷത്തെ സ്വകാര്യസുഖത്തിന് വേണ്ടി തച്ചുടയ്ക്കുന്ന ഇത്തരം മനുഷ്യർക്കൊപ്പം ഈ ലോകത്തു ജീവിക്കാൻ തന്നെ ലജ്ജ തോന്നുന്നു. അതോർക്കുമ്പോൾ ആത്മഹത്യയെകുറിച്ച് ചിന്തിക്കാനാണ് തോന്നുക. ഇത്തരം വ്യക്തികളെ മനുഷ്യനെന്ന് വിളിക്കുകയാണെങ്കിൽ മനുഷ്യൻ എന്നവാക്കിന് അർത്ഥമില്ലാതാവുകയാണ്. മനുഷ്യത്വം ഉള്ളവനേമാത്രമേ മനുഷ്യൻ എന്ന് വിളിക്കാനാവു. ഇത്തരം വ്യക്തികളെ മനുഷ്യൻ എന്നു വിളിച്ചാൽ, സമൂഹത്തിലിത്രയൊക്കെ, സംഭവിച്ചിട്ടും, ഇന്നു നല്ല പാതയിലൂടെ സഞ്ചിരിച്ച്, സമൂഹത്തിൽ പ്രകാശം ചെരിയുന്ന ഒരു കൂട്ടം വ്യക്തികളെ വിളിക്കാൻ നമുക്ക് വാക്കുകൾ കിട്ടാതെ വരും. അധ്യാപകരാണ് പ്രതിസ്ഥാനത്തു നിൽക്കുന്ന മറ്റൊരുകൂട്ടർ. അധ്യാപകനിൽ നിന്നും 14 വയസ്സുകാരി ഗർഭിണിയായ സംഭവം നടന്നത് ഇടുക്കി ജില്ലയിലെ കട്ടപ്പനയിലാണ്. എൽപി സ്കൂളിലെ കുട്ടികളെ ശാരീരിക പരിശോധനയുടെ പേര് പറഞ്ഞാണ് വലയിൽ വീഴ്ത്തുക. കൊച്ചു പുസ്തകങ്ങളും മൊബൈൽ ക്ലിപ്പുകളുമാണ് ആൺകുട്ടികളെ വീഴ്ത്താനുള്ള ആയുധങ്ങൾ. പീഢനരീതിയിലെ ഓരോരോ പുരോഗനങ്ങളായി............

കൊച്ചുകുട്ടികൾ പേടിച്ചും മുതിർന്ന കുട്ടികൾ ആശയക്കുഴപ്പം കൊണ്ടു ഇക്കാര്യം വീട്ടിൽ പറയാൻ മടിക്കും. പലപ്പോഴും കുട്ടികൾ ഇത്തരം പീഢനങ്ങളെ ക്കുറിച്ച് ചൈൽഡ് ലൈനിൽ പരാതിപ്പെട്ടാലും കുട്ടി വിവരമില്ലാതെ എന്തോ പറയുന്നുവെന്ന നിസ്സാരമാക്കാൽ സ്കൂളിന്റെ ഭാഗത്തു നിന്നും സംഭവിക്കാറുണ്ട്. സ്കൂളിന്റെ റെപ്യൂട്ടേഷനെയും ഇമേജീനെയും ബാധിക്കുന്നതാകായാൽ ഇത്തരം കേസുകൾ മൂടിവയ്ക്കാനും സാധ്യതകളേറെ. എന്നാൽ ഇതിനർത്ഥം അധ്യാപകരെല്ലാം പീഢകരാണെന്നല്ല. പലസ്ഥലങ്ങളിലും പീഡനക്കേസ് പുറത്തുകൊണ്ടുവരാൻ അധ്യാപകരും സഹായിച്ച കേസുകൾ ഉണ്ടായിട്ടുണ്ട്. എന്തായാലും വിദ്യാർത്ഥികളെ വാൽസല്യത്തോടെയും, സാത്വികതയോടെയും സമീപിക്കുന്ന അധ്യാപകരുടെ വംശത്തിന്റെ വേരറ്റു പോയിട്ടില്ല. എന്നു സമാധാനിക്കാം

പീഢനമെന്നത് പുരുഷ വിഭാഗത്തിന് മാത്രം ചെയ്യാൻ കഴിയുന്ന ഒന്നാണെന്ന് നിലനിൽക്കെ തന്നെ ആധുനിക കേരളത്തിൽ പീഡിപ്പിക്കപ്പെടുന്ന ആൺകുട്ടികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയാണ്. പെൺകുട്ടികളേക്കാൾ സൂക്ഷിക്കേണ്ടത് ആൺകുട്ടികളാണെന്നതാണ് ഇപ്പോഴത്തെ അവസ്ഥ. രാത്രി 10 മണി കഴിഞ്ഞ് വീട്ടിൽ കയറിവരുന്ന മകനെകുറിച്ച് അവനൊരാൺകുട്ടിയല്ലെ എന്നു സമാധാനപ്പെടാവുന്ന കാലം കഴിഞ്ഞു എന്ന് വേണം കരുതാൻ. കാരണം മിക്ക ചൈൽഡ് ലൈൻ സെന്ററുകളിലും ആൺകുട്ടകളിലെ ലൈംഗികപീഡനം കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. സ്കൂളിലോ വീട്ടിലോവച്ചു നടക്കുന്ന ലൈംഗിക പീഡനത്തിൽ നിന്നു തുടങ്ങി. ഒരുതരം പുരുഷ ലൈംഗിക തൊഴിലിന്റെ മട്ടിലേക്കാണ് ഇവരുടെ പോക്ക്. അടിച്ചു പൊളിക്കാൻ പണമോ സ്റ്റൈലൻ മൊബൈലോ ഒക്കെ നൽകി പ്രലോഭിപ്പിച്ച് ആൺകുട്ടികളെ വശീകരിക്കുന്നു. തുടർന്ന് ലൈംഗികമായി ഉപയോഗിക്കപ്പെട്ട




*മനുഷ്യത്വം ഉള്ളവനെ മാത്രമേ മനുഷ്യൻ എന്ന് വിളിക്കാനാവൂ. ഇത്തരം വ്യക്തികളെ മനുഷ്യൻ എന്നു വിളിച്ചാൽ, സമൂഹത്തിലിത്രയൊക്കെ, സംഭവിച്ചിട്ടും, ഇന്നു നല്ല പാതയിലൂടെ സഞ്ചരിച്ച്, സമൂഹത്തിൽ പ്രകാശം ചൊരിയുന്ന ഒരു കൂട്ടം വ്യക്തികളെ വിളിക്കാൻ നമുക്ക് വാക്കുകൾ കിട്ടാതെ വരും..........*

ഈ കുട്ടിയെ ഭീക്ഷണിപ്പെടുത്തിയും വൻതുകകൾ കമ്മീഷൻ നൽകിയും കൂടുതൽ ഇരകളെ എത്തിക്കാൻ പ്രേരിപ്പിക്കുന്നു.

ഇത്തരം വാർത്തകൾ വായിക്കുമ്പോൾ കണ്ണടച്ചിരുട്ടാക്കുന്നവരും, എരിവു വിഴുങ്ങുപോലെ ഗോഷ്ടികാണിക്കാന്നവരും ഒരുപാട് നമ്മുടെ നാട്ടിലുണ്ട്. മുഖത്ത് ദുഃഖം ഭാവിക്കാൻ മാത്രമേ ഇത്തരം വ്യക്തികൾക്ക് കഴിയൂ. പ്രതികരിക്കാൻ ശക്തിയില്ല. ഒരുതരത്തിൽ പറഞ്ഞാൽ ശക്തി ഇല്ലാത്തതല്ല ഇല്ലാത്തതായി നടിക്കുന്നതാണ്. സ്വന്തം കാര്യം നോക്കി ജീവിക്കാൻ വേണ്ടി. മനുഷ്യൻ ഒരു സമൂഹ്യ ജീവിയാണെന്ന് പലപ്പോഴും അവർ മറന്നു പോകുന്നു! സ്വന്തം കുഞ്ഞിന് ഇതേ അവസ്ഥ ഉണ്ടാകുമ്പോൾ മാത്രമാണ് അവൻ ശബ്ദമുയർത്തുക. അപ്പോൾ വീണ്ടും പഴയചരിത്രം ആവർത്തിക്കുന്നു ആ ഏകശബ്ദം എവിടെയോ തട്ടി ചിന്നിചിതറുന്നു. അപ്പോൾ ആ നിമിഷം മാത്രമാണ് അയാൾ ചിന്തിക്കുന്നത് താൻ ഇതുവരെ, വായിച്ച, അറിഞ്ഞ മിക്ക പീഡനങ്ങൾക്കും ഇരകളായ കുഞ്ഞുങ്ങളുടെ മാതാപിതാക്കളുടെ ഹൃദയത്തിന്റെ നീറ്റൽ എന്തെന്ന്. ഇവിടെ നാം സ്മരിക്കേണ്ടത് കൊഴിഞ്ഞ് വീണ പഴുത്തിലയെ നോക്കി പുഞ്ചിക്കുന്ന പച്ചിലയെയാണ് ഇന്നു ഞാൻ നാളെ നീ......

അടിസ്ഥാനപരമായി മാറ്റം വരേണ്ടത് നമ്മുടെ സംസ്കാരത്തിൽ തന്നെയാണ്. ആൺകുട്ടി പെൺകുട്ടിയേക്കാൾ നല്ല താന്നെന്ന ധാരണയിലാണ് നാം കുട്ടികളെ വളർത്തുന്നത്. അവിടെ മുതൽ വേണം മാറ്റം. സമത്വചിന്തയിൽ വേണം കുട്ടികളെ വളർത്താൻ ശാസ്ത്രീയമായ ലൈംഗിക വിദ്യാഭ്യാസം അതാതുപ്രായത്തിൽ നൽകണം. ലൈംഗികതയെക്കുറിച്ച് സംസാരിക്കാൻ എന്തിനുമടിക്കണം? ഒളിച്ചുവയ്ക്കുന്തോറുമാണ് ആകാംക്ഷ അസഹ്യമാകുന്നത്. ചെറുപ്പകാലത്തു നടക്കുന്ന പീഢനങ്ങൾ ഒരു വ്യക്തിയുടെ തലച്ചോറിനെവരെ ബാധിക്കാമെന്നാണ് പഠനങ്ങൾ പറയുന്നത്. ഉണങ്ങാൻ കൂട്ടാക്കാത്ത ശാരീരികവും മാനസികവുമായ മുറിവുകളാണ് പീഡനത്തിന്റെ മറ്റൊരുദോഷവശം. ഒരു വ്യക്തിയുടെ ഏറ്റവും മനോഹരമായ കാലമാണ് ബാല്യകാലം. അത് ഒരു പേടിസ്വപ്നമായി മാറാതിരിക്കാൻ നാം ഒന്നിച്ച് പരിശ്രമിക്കണം..

നമ്മുടെ നാട്ടിൽ സ്ത്രീപീഢനങ്ങൾ തുടർക്കഥയാകയാൽ ആദ്യം ചെയ്യപ്പെടുന്നത് നിയമവും അതിന്റെ നടപ്പാക്കലുമാണ്. ആരോഗ്യമുള്ള സമൂഹത്തിൽ ഇത്തരത്തിലുള്ള വൈകൃതങ്ങളും പീഡനങ്ങളും ഉണ്ടാവുകയില്ല. അത്തരമൊരു സമൂഹം രൂപപ്പെടണമെങ്കിൽ ശക്തമായ നിയമവ്യവസ്തയും ജനാധിപത്യബോധവും നിയമസംവിധാനങ്ങളും വേണം. ഉന്നത വിദ്യാഭ്യാസത്തിലൂടെ ഔദ്യോഗിക പ്രവർത്തനമേഖലകളിൽ സ്ത്രീകൾ എത്തിപ്പെട്ടതോടെ സാമ്പത്തിക അസമത്വം സ്ത്രീപുരുഷന്മാരുടെ ഇടയിൽ കുറഞ്ഞു തുടങ്ങി. ഒപ്പം ഇരുവരും തുല്യരാണെന്ന മനോഭാവവും മുഖ്യമുദ്രയായി. കുറ്റം ചെയ്തവരെ ശിക്ഷിക്കാൻ നിയമങ്ങളുണ്ട്. കുറ്റുകൃത്യങ്ങളിലുണ്ടാകുന്ന മാറ്റങ്ങളനുസരിച്ച് നിയമങ്ങളിൽ ഭേദഗതിവരുത്തുന്നുമുണ്ട്. എന്നിട്ടും എല്ലാ കുറ്റക്കാരെയും മാതൃകാ പരമായി ശിക്ഷിക്കാൻ നമ്മുടെ നിയമവയവസ്ഥയ്ക്ക് കഴിയുന്നുണ്ടോ? എന്നചോദ്യം ബാക്കിയാണ്. ഇല്ലെന്നാണ് സൂര്യനെല്ലികേസ് പോലെയുള്ള സംഭവങ്ങൾ തെളിയിക്കുന്നത്.




പീഡനങ്ങൾക്കെതിരെ ധാരാളം നിയമങ്ങളുണ്ട്. കുറ്റകൃത്യങ്ങളോടുള്ള സമൂഹത്തിന്റെ വീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് നിയമങ്ങൾ നിർമ്മിക്കുന്നത്. പല സമൂഹത്തിന്റെയും ലൈംഗികതയെ കുറിച്ചുള്ള വീക്ഷണങ്ങൾ പലതാണ്. അരുണാചൽ മേഖലയിലെ ആദിവാസികൾക്കിടയിൽ ഒരു പുരുഷൻ തന്റെ ഭർത്താവായി തുടരണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് സ്ത്രീയാണ് എന്ന കേട്ടിട്ടുണ്ട്. പരിഷ്കൃത സൊസൈറ്റിയിൽ പോലും നമ്മുടെ സ്ത്രീകൾക്ക് ഈ അധികാരമില്ല.

ഡൽഹി സംഭവം ചൂടുപിടിക്കുന്ന ഘട്ടത്തിൽ, പ്രതിഷേധവുമായി വന്നവരുടെ കൂട്ടത്തിൽ വളരെ ശ്രദ്ധയാകർഷിച്ച ഒരു പ്ലക്കാർഡ് വാക്യമായിരുന്നു, “Don’t tell me, How to dress, tell them, not to rape” എന്നാത്. ഇതുപറയുമ്പോൾ നാം ഓർക്കേണ്ടത് നമ്മുടെ പഴയ കാലഘട്ടമാണ്, അന്നത്തെ സ്ത്രീകളുടെ വേഷം മുണ്ടും ജാക്കറ്റുമായിരുന്നു. അതു കണ്ടിട്ട് ജ്വരം ബാധിച്ച ആണുങ്ങൾ കാമപരാക്രമൊന്നും കാട്ടിയിരുന്നില്ല. നാട്ടുജീവിതത്തിന്റെ സ്ഥായിഭാവം ഊഷ്മളതയാണ്. കഷ്ടതകളും പ്രാരാബ്ധങ്ങളും ദുഃഖങ്ങളുമെല്ലാം ഉണ്ടായിരുന്നുവെങ്കിലും അതിനെയെല്ലാം അതിശയിപ്പിക്കുന്ന ആനന്ദങ്ങളുടെ കലവറ നാട്ടുജീവിതം മനുഷ്യർക്കു നൽകി. നാട്ടുജീവിതത്തിൽ പെൺകുട്ടി പിച്ചവച്ചു നടന്നതു മുതൽ കല്ല്യാണവും പ്രസവവും വരെ പുരുഷലോകം കണ്ടറിഞ്ഞു ബഹുമാനിച്ചിരുന്നു. പുഞ്ചിരി നടിച്ച് മിഠായി വാങ്ങി നൽകി ചതിക്കാൻ ഒരുങ്ങുന്നവരുടെ ഉള്ളിലിരിപ്പ് അന്നത്തെ പെൺകുട്ടികൾക്കു പെട്ടെന്നു മനസ്സിലാകുമായിരുന്നു. അക്കാലത്തും പ്രണയം ഉണ്ടായിരുന്നു. എന്നാൽ അത് ഇന്നത്തേതുപോലെ സ്ത്രീയെ പാട്ടിലാക്കി ആവശ്യം കഴിഞ്ഞ് പെൺവാണിഭക്കാർക്ക് വിൽക്കുവാനായിരുന്നില്ല. ഒരുതരത്തിൽ പറഞ്ഞാൽ നാട്ടുജീവിതോഷ്മാളത നശിച്ച ഊഷരതാപത്തിൽ ജീവിതജ്വരം പിടിക്കുന്നതുകൊണ്ടാണ് പീഡനങ്ങളിങ്ങനെപെരുകുന്നത്. ഇന്ന് പെൺവാണിഭ കേസുകൾ കൈകാര്യം ചെയ്യുന്ന കോടതികളിലെ ന്യായാധിപൻന്മാരും ചാനൽ ചർച്ചകളിൽ ഞെളിഞ്ഞിരിക്കുന്ന ചെറ്റകളും ചോദിക്കുന്നു പീഡിപ്പിക്കപ്പെട്ട പെൺകുട്ടിയോട് നിന്റെ മാനം കവർന്നതിന് തെളിവുണ്ടോ എന്ന്? ആവർത്തിക്കുന്ന ലൈംഗിക പീഢനങ്ങളുടെ അവശതയിൽ ഭീകരമായ മാനസിക ഭീതിയിൽ അടിമപ്പെട്ട് കാമപരാക്രമ നരക പീഡയിൽ ഒരു പേടകം പോലെ സഞ്ചരിക്കുകയായിരുന്നു വെന്ന സങ്കടകരമായ ദൈന്യത തിരിച്ചറിയാൻ പോലും വിവേകമില്ലാത്തവരോട് എന്ത് പറയാനാണ്?

ലൈംഗിക പീഡനങ്ങളിൽ ബലിയാടാവേണ്ടി വന്നവരിൽ ഏറെപ്പേരും പിൽകാലത്ത് ഗൗരവമേറിയ മാനസിക പ്രശ്നങ്ങൾ അനുഭവിക്കേണ്ടി വരുന്നു. അപകർഷത, ആത്മനിന്ദ, കുറ്റബോധം എന്നിവയാണു പ്രധാനപ്രശ്നങ്ങൾ. വിഷാദരോഗവും ആത്മഹത്യയുമാണ് ഏറ്റവും ഗുരുതരം മറ്റൊരു വിഭാഗമാകട്ടെ പുരുഷവർഗത്തോടുതന്നെ പകയും വാശിയും കാട്ടിമുമ്പോട്ടു പോവുന്നു. ലൈംഗിക മരവിപ്പും ഭയവും പലപ്പോഴും കാണാറുണ്ട്. അക്രമണകാരനായ പുരുഷന്റെ റോൾ സ്വയം എടുത്തണിഞ്ഞു സ്വയം താത്പര്യത്തിലേക്കു കൂപ്പികുത്തുന്നവരും കുറവല്ല.

ഇതിനെല്ലാം പുറമേ പലപ്പോഴും സ്ത്രീകളും പീഡനങ്ങൾക്ക് കാരണക്കാരാകാറുണ്ട്, സ്വകാര്യ ആവശ്യങ്ങൾക്കുവേണ്ടി തന്റെ ശരീര സൗന്ദര്യമുപയോഗിച്ച് പുരുഷൻന്മാരെ പ്രകോപിപ്പിക്കുന്ന സ്ത്രീകളും സമൂഹത്തിൽ ധാരാളമുണ്ട്. സോളാർ കേസിൽ നാം ഇത്തരത്തിലുള്ള ചില സ്ത്രീത്വങ്ങളെ പരിചയപ്പെട്ടു കഴിഞ്ഞു. ഒരു ഭാഗത്തുനിന്ന് സ്ത്രീ അമ്മയാണ്, ഭാര്യയാണ്, സഹോദരിയാണ് അവൾ ദേവിയാണ് എന്നിങ്ങനെസമൂഹത്തെ പഠിപ്പിച്ചു കൊണ്ടിരിക്കുമ്പോഴും ഒരുഭാഗത്തുന്ന് ഇതിനെല്ലാം വിപരീതമായി പ്രവർത്തിക്കുകയാണ് ഇത്തരം സ്ത്രീകൾ മറൈൻ ഡ്രൈവിൽ നടന്ന ചുംബനസമരത്തിൽ പങ്കെടുത്ത ഒരു സ്ത്രീ




പറയുകയുണ്ടായി. ഏറ്റവും ശ്രദ്ധക്കേണ്ട കാര്യം നമ്മുടെ സംസ്കാരമാണ്. ആ സ്ത്രീയുടെ സ്വകാര്യത പുറത്തുകാട്ടേണ്ടത് അവളുടെ സ്വന്തം മുറിക്കുള്ളിലാണ് അല്ലാതെ പൊതുസ്ഥലത്തല്ല. ഇവിടെ ആ സ്ത്രീയും അവളുടെ ബോയ്ഫ്രണ്ടുമായി ചുംബിക്കുന്ന ചിത്രം തന്റെ ക്യാമറയിൽ പകർത്താൻ എത്തിയവരെ കുറ്റം പറയേണ്ട കാര്യമില്ല. സമൂഹത്തിന്റെ ഈ പ്രവണതയെ താരതമ്യം ചെയ്യാൻ ഒരു ഉദാഹരണം കരുതാം. നാം കണ്ടതാണ് എം. മുകുന്ദന്റെ ദളിത് യുവതിയുടെ കദനകഥ എന്ന നോവലിലെ വസുന്ധര എന്ന കഥാപാത്രം. ഒരു ദളിത് യുവതിയുടെ കദനകഥ എന്ന നാടകത്തിൽ വസുന്ധര എന്ന പെൺകുട്ടി ദളിത് യുവതിയുടെ വേദനപച്ചയായി അവതരിപ്പിക്കാൻ വേണ്ടി നഗ്നയായി അഭിനയിക്കുകയുണ്ടായി. ഇവിടെ വസുന്ധര ചെയ്ത പ്രവർത്തിയും മറൈൻ ഡ്രൈവിൽ സ്ത്രീയുടെ പ്രവർത്തിയും ഒന്നുതന്നയല്ലേ എന്ന ചോദ്യം വരാം. അതിനുത്തരമിതാണ് വസുന്ധര തികഞ്ഞ ഒരു കലാസ്നേഹിയാണ്. കലയ്ക്കുവേണ്ടി ജീവിതം അർപ്പിച്ച വസുന്ധരയാണ് വേദിയിൽ ആത്മ വിശ്വാസത്തോടെ തന്റെ നഗ്നത തുറന്നുകാട്ടിയത്. അഭിനയത്തിനായിട്ടുള്ള നടിയുടെ അഭാവത്തിൽ മരണപ്പെട്ടു പോകാമായിരുന്ന ആ നാടകത്തിന് പുതുജീവൻ നൽകിയത് വസുന്ധരയാണ്. എന്നാൽ സ്റ്റേജിൽ അവിടെയും അവളുടെ നഗ്ന ശരീരത്തിനു മേൽ ക്യാമറാ ഫ്ളാഷുകൾ മിന്നിമറഞ്ഞു. എന്നാൽ ഇവിടെ മറൈൻ ഡ്രൈവിൽ മിന്നിമറഞ്ഞ ക്യാമാറ ഫ്ളാഷുകൾ വെളിവാക്കുന്നത് സമൂഹത്തിന്റെ വെറും തരംതാണ ഭ്രമത്തെയാണ് ശരിക്കും സമൂഹം വസുന്ധരയ്ക്കും, മറൈൻ ഡ്രൈവിൽ ചുംബനസമരത്തിൽ പങ്കെടുത്ത സ്ത്രീക്കും നൽകിയത് ഒരോസ്ഥാനമാണ്. ഇരുവരെയും സമൂഹം വീക്ഷിച്ചത് ഒരേകണ്ണീൽ കൂടിയാണ്. സമൂഹത്തിന്റെ ഈ മനോഭവമാണ് ആദ്യം മാറേണ്ടത്. ഇതിനൊക്കെപുറമേ സ്ത്രീകൾ നിയമത്ത ദുരുപയോഗം ചെയ്യുന്ന കേസുകളും ധാരാളമായി കണ്ടുവരുന്നുണ്ട്. പലപ്പോഴും അവർ അതിനെപുരുഷൻന്മാർക്കെതിരെയുള്ള ആയുധമായി കരുതുന്നുണ്ട്. തന്റെ പ്രണയത്തെ എതിർത്ത പിതാവിനെതിരെ പീഢനത്തിന് പരാതി നൽകിയ പെൺകുട്ടി അത്തരത്തിലൊരുവാളാണ്.

പുതിയതലമുറയെ ബോധവത്കരിക്കേണ്ടത് പീഢനങ്ങളുടെ ഈ കൂടിവരുന്ന കണക്ക് കുറയ്ക്കാൻ ഏറെ അത്യാവശ്യമാണ്. അതിൽ പുതിയ തലമുറയെ ബോധവത്കരിക്കുതിനോപ്പം പെൺകുട്ടികളെ പ്രതികരണശേഷിയും ചെറുത്തുനിൽപ്പും പഠിപ്പിക്കുന്നതിലും സമൂഹം ശ്രദ്ധിക്കേണ്ടതുണ്ട്. പൊതുവേ, ചിരിക്കരുത്, ശബ്ദമുയർത്തി സംസാരിക്കരുത്, ഓടരുത് ചാടരുത് എന്നീ നൂറുകൂട്ടം നിയമങ്ങൾ നൽകിയാണ് പെൺകുട്ടികളെ വളർത്തുന്നത്. ഇത്തരത്തിൽ വളരുന്നവർ അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കാൻ മടികാട്ടുന്നുണ്ട്. തിരക്കുള്ള ബസ്സിൽ തന്നെ ഉപദ്രവിക്കുന്നവന്റെ കവിൾ തടിക്കും വിധം നല്ലൊരടി കൊടുക്കാൻ എന്തിന് ഭയക്കണം. ഒരുനോട്ടം കൊണ്ടുപോലും പലരെയും നിലക്കു നിർത്താമെന്ന് സ്ത്രീകൾ മനസ്സിലാക്കണം. കുടുംബങ്ങളിലെ പീഢനങ്ങൾക്കെതിരെ മാതാപിതാക്കളും ശ്രദ്ധിക്കേണ്ടതുണ്ട്. പീഢനവിമുക്തമായ നല്ലൊരു ഭാവിക്കായി ലോകം അഭിമാനത്തോടെ ഉറ്റുനോക്കന്ന നല്ലൊരു സമൂഹത്തിനായി ഒരു നല്ലതലമുറയ്ക്കായി, ഒരു നല്ല നാളേയ്ക്കായി ഒരുമനസ്സോടെ പറയുകയല്ല, പ്രവർത്തിക്കാം.



# പ്രതിഷേധങ്ങളുടെ ഭാവി



ജുസൈന ഫാത്തിമ
രണ്ടാംവർഷം ബോട്ടണി




സമകാലികസമൂഹം അവകാശങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടവീഥിയിലാണുള്ളത്. മനുഷ്യത്വമുള്ള ജനതയ്ക്ക് തങ്ങളുടെ ചുറ്റുപാടിൽ അരങ്ങേറുന്ന അരാജകത്വത്തിനു മുമ്പിൽ മൗനം പാലിക്കാൻ സാധ്യമല്ലാത്തതുകൊണ്ടാവാം പ്രതിഷേധങ്ങളുണ്ടാവുന്നത്. മണ്ണിനും ജലത്തിനും വേണ്ടി പോരാടുന്നവരും അവകാശനിഷേധങ്ങൾക്കെതിരെ പോരാടുന്നവരും നമ്മുടെ നാട്ടിൽ വിരളമല്ല. ഇന്ന് കുടുംബങ്ങൾ മുതൽ ലോകമൊന്നടങ്കം പ്രതിഷേധ വീഥിയിലാണ്. കുടുംബസംവിധാനതകർച്ചയുടെ കാരണക്കാരെയും വിദ്യാഭ്യാസരംഗത്തെ അഴിമതിക്കാരെയും ഉദ്യോഗമെന്ന പേരിൽ ജനങ്ങളെ വഞ്ചിക്കുന്നവരെയും ഭരണസംവിധാനത്തെ നോക്കുകുത്തിയാക്കുന്നവരെയും ഇന്നത്തെ പ്രതിഷേധ വലയങ്ങൾ നിരീക്ഷിക്കുന്നുണ്ട്. അതിന്റെ ഫലമായി സമൂഹം പുരോഗതി കൈവരിക്കുന്നുമുണ്ട്. എന്നാൽ അവ പ്രകൃതിക്കും പ്രകൃതിയിലെ വിഭവങ്ങൾക്കുമുള്ള പ്രഹസനമാകുമ്പോൾ പ്രതിഷേധങ്ങളെ നാം വിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു.

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയും മറ്റിതര സ്വാതന്ത്ര്യസമരസേനാനികളും സമൂഹത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടി ഉണർന്നു പ്രവർത്തിച്ചവരാണ്. സാമ്രാജ്യത്വശക്തികൾക്കെതിരെ പ്രതിഷേധമുയർത്തിയവരണ് ഇന്ന് കൊളോണിയലിസത്തിന്റെ കയിപ്പു രസം കുറഞ്ഞിട്ടുണ്ടെങ്കിലും മുതലാളിത്തവും ഉപഭോഗതയും നമ്മുടെ നാടിനെകാർന്നുതിന്നുകയാണ്. ഇന്നരങ്ങേറുന്ന ഓരോ സമരങ്ങൾക്കും പറയാനൊന്നേയുള്ളു-വരും തലമുറയെ രക്ഷിക്കണ്ടേ എന്നതാണത്. പ്രതിഷേധങ്ങൾ പ്രഹസനങ്ങളാവുന്നതും ആവാതിരിക്കുന്നതും അവയെ നയിക്കുന്ന കൈകളുടെ കരുത്തും മനസ്സിന്റെ ആത്മവിശ്വാസവും ഒരുമയുടെ ശക്തിയുമാണെന്നത് വസ്തുതയാണ്.

- പ്രതിഷേധങ്ങളും പ്രകൃതിഘടനയും
- വാക്കുകളിലൊതുങ്ങുന്ന പ്രതിഷേധങ്ങൾ
- സ്വകാര്യതയെ തൃപ്തിപ്പെടുത്തുന്ന പ്രഹസനങ്ങൾ
- ഭാവിക്ക് കരുതലാകുന്ന പ്രതിഷേധങ്ങൾ
- സാഹിത്യത്തിന് പ്രതിഷേധത്തിലുള്ള പങ്ക്

പ്രകൃതി ഒരുങ്ങി നിൽക്കുകയാണ്. അതിന്റെ രുചിനുകരുന്ന ഓരോ

പ്രതിഷേധങ്ങൾ പ്രഹസനങ്ങളാവുന്നതും ആവാതിരിക്കുന്നതും അവയെ നയിക്കുന്ന കൈകളുടെ കരുത്തും മനസ്സിന്റെ ആത്മവിശ്വാസവും ഒരുമയുടെ ശക്തിയുമാണെന്നത് വസ്തുതയാണ്.




മനുഷ്യനും ഉണർവും ഊർജ്ജവും നൽകുവാനായി. അതിനാൽ അവകാശപ്പെട്ടത് നിഷേധിക്കപ്പെടുമ്പോൾ പ്രകൃതിയുടെ താളം തെറ്റുന്നു. ഈ സമകാലികലോകം സാക്ഷ്യം വഹിക്കുന്ന ഓരോ പ്രതിഷേധങ്ങളുടെയും അകകാമ്പിൽ പ്രകൃതി സംരക്ഷണ മുദ്രാവാക്യമുണ്ട്. അത് ജീവൻ നിലനിർത്തുവാനുള്ളതായാലും പണം കൊയ്യുവാനുള്ളതായാലും അങ്ങനെത്തന്നെ. നമുക്ക് മുമ്പിൽ ചരിത്രമായിമാറിയ പ്ലാച്ചിമടയും ചെങ്ങറയും പ്രകൃതിയ്ക്ക് വേണ്ടിയുള്ള പ്രതിഷേധമായിരുന്നു. വിജയം കാണുന്നതോടൊപ്പം പ്രഹസനങ്ങളും ഇവിടങ്ങളിൽ നീരീക്ഷിക്കാൻ സാധിക്കും.

പ്രതിഷേധങ്ങൾ വാക്കുകളിലൊതുങ്ങുമ്പോഴാണ് പ്രഹസനങ്ങളായി മാറുന്നത്. കുട്ടികളുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടുമ്പോൾ അതിന്റെ നന്മയെ ലക്ഷ്യം വെക്കുന്നവരും സ്വാർത്ഥതാല്പര്യങ്ങൾക്കു വേണ്ടി നിലകൊള്ളുന്നവരുമുണ്ടാകും. സ്ത്രീസുരക്ഷയെന്നത് ഇന്നത്തെ ജനതയ്ക്ക് ഏറെ പരിചിതമായ പ്രതിഷേധവാക്യമായിമാറുകയാണ്. ഇവിടെയും ഫലം കാണുന്നുണ്ടെങ്കിലും ഏതൊരു സ്ത്രീയ്ക്കും സുരക്ഷിതയായി സ്വന്തം നാട്ടിലെങ്കിലും വിഹരിക്കുവാനുള്ള അവകാശം നേടിയെടുക്കുവാൻ ഈ പ്രതിഷേധങ്ങളിലൂടെ സാധിച്ചിട്ടുണ്ടോ എന്നതിൽ സന്ദേഹമുണ്ട് അത് പോലെ ദാരിദ്ര്യനിർമാർജ്ജനരംഗത്തും തൊഴിൽ പരിശീലനരംഗത്തും തുടങ്ങി നിരവധി മേഖലകളിലും പ്രതിഷേധങ്ങൾ അരങ്ങേറുകയാണ്. ഇവയൊക്കെയും വാക്കുകളിൽ മാത്രമൊതുങ്ങാതെ കർമ്മങ്ങളിലും വിജയം കാണേണ്ടിയിരിക്കുന്നു.

സ്വകാര്യ മേഖലകളും വ്യക്തികളും ഇന്ന് സമരമുഖത്തു മുൻപന്തിയിലാണ്. ഇന്ന് ഒറ്റയാൾ സമരവും വിരളമല്ല. ഇവിയിലേറെയും ഫലം കാണുന്നുണ്ടെങ്കിലും മറ്റേതൊരു വിഷയവും പോലെ പ്രതിഷേധങ്ങളും സ്വാർത്ഥതയ്ക്ക് മുന്നിൽ തോറ്റുപോകുന്ന അവസ്ഥ ഇന്ന് നമ്മുക്ക് വീക്ഷിക്കാൻ സാധിക്കും. സ്വന്തമായി നാം ആഗ്രഹിക്കുന്നത് നമ്മുടെ സഹോദരനുമുണ്ടാകുന്നതിൽ തൃപ്തിയണയേണ്ടിവരായി നാം ഉയർന്നെങ്കിൽ മാത്രമേ പ്രതിഷേധങ്ങൾ പ്രഹസനങ്ങളാല്ലാതെയാവുകയുള്ളു.

ഓരോ പ്രതിഷേധവാക്യത്തിലും ഭാവിയുടെ ജീവൻതുടിക്കുന്നതായി നമുക്ക് കാണാം. ഇന്ന് വിവിധ വിഭാഗങ്ങളുടെ നേതൃത്വത്തിൽ നടന്നു വരുന്ന സമരങ്ങൾക്കും അവയുടേതായ ഭാവിതാൽപര്യങ്ങളുണ്ട്. സമരമേതുവിധമായാലും അതിൽ ധാർമ്മികതയുണ്ടാവണമെന്നതിലാണ് അതിന്റെ വിജയം. എങ്കിൽ മാത്രമേ വരും തലമുറയ്ക്ക് കരുത്തുപകരുവാൻ നമുക്ക് സാധിക്കുകയുള്ളു. ഇന്നത്തെ സാധ്യതകളെ ഉപയോഗപ്പെടുത്തുമ്പോൾ നാം ഇന്നലെകളെ മറക്കരുത്.

ഇന്ന് പ്രതിഷേധങ്ങൾ പല വിധത്തിലുണ്ട് സാഹിത്യാഭിരുചിയുള്ളവർ അവരുടെ തൂലികയിലൂടെയാണ് ഈ കർമ്മം നിർവ്വഹിക്കുന്നത്. മനുഷ്യന്റെ പ്രവർത്തനഫലമായി നശിക്കുന്ന ഭൂമിയുടെ നിസ്സഹായവസ്ഥയെ വിശകലനം ചെയ്യുന്ന ഒ.എൻ,വി കുറുപ്പിന്റെ ഭൂമിക്കൊരു ചരമഗീതവും അത്തരത്തിലൊരു പ്രതിഷേധമാണ്. വയലാറിന്റെ അശ്വമേധവും അങ്ങനെയൊന്നാണ്. ഇവിടെയും പ്രതിഷേധങ്ങൾ പ്രഹസനങ്ങളാകാതിരിക്കുവാൻ സമൂഹം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

സമൂഹത്തിന്റെ കരുത്തറ്റ ഭാവിയെ കെട്ടിപ്പടുക്കുവാൻ ശ്രമിക്കുന്ന നിർമ്മാതാവായി പ്രതിഷേധങ്ങളെ വളർത്തിയെടുക്കുമ്പോൾ വിജയം നമുക്ക് മുമ്പിൽ വിനയാന്വിതമാവുന്നു. അതിനാൽ ധാർമ്മികതയെ ഉയർത്തിപ്പിടിക്കുന്ന പ്രതിഷേധങ്ങളിൽ നമുക്കും അണിചേരാം.

# ജാജലി



**മിഥുൻ.എസ്**
എം . എ രണ്ടാംവർഷം
ഇംഗ്ലീഷ്

*കുടിപ്പള്ളിക്കൂടത്തിന്റെ ഇരുണ്ട ഉൾത്തടങ്ങളിൽ അക്ഷരങ്ങളെ സ്വായത്തമാക്കിയത്. തകർന്നുവീഴാറായ ചെറ്റക്കുടിയിൽ നിന്നും കോളേജ് ഹോസ്റ്റലിന്റെ മായികതയിലേക്ക് പറന്നുയർന്നത്. അപ്പോഴേല്ലാം താൻ പുരുഷോത്തമൻ മാത്രമായിരുന്നു. പുരുഷോത്തമൻ എന്തരുപേരാണത്.*

**മു**ന്നിലുയർന്ന് നിന്ന ഉത്തുംഗ ശൃംഗങ്ങളിലുറ്റു നോക്കി ജാജലിയെന്നാ മഹാമുനി ഒന്നുകൂടി നെടുവിർപ്പിട്ടു. പിന്നിട്ട വഴികൾ തൊട്ടുകീഴെ പെരുമ്പാമ്പുപോലെ വളഞ്ഞു പുളഞ്ഞ് അഗാധങ്ങളിലേക്ക് നീണ്ടുകിടക്കുന്നുണ്ടായിരുന്നു. ഈ അത്യുന്നതലങ്ങളിൽ പരമപദമെവിടെയെന്ന സർവ്വസാധാരണമായ ഒരു ചോദ്യം അന്നാദ്യമായ് അയാളുടെ കണ്ണുകളിൽ നിഴലിച്ചു. ശങ്കരാചാര്യർ ഒരു പക്ഷേ അവിടെ വരെയൊക്കെ എത്തിയുണ്ടാകാം. അല്ലെങ്കിൽ തന്റെ പൂർവ്വകാലത്തിൽ നടത്തിയ കവലപ്രസംഗത്തിൽ നാക്കിട്ടനക്കിയതുപോലെ അതൊക്കെ വെറും കൊസ്രാക്കൊള്ളി വർത്തമാനങ്ങൾ മാത്രമാകാം. ഇന്നു താൻ പക്ഷേ ആ പഴയ പുരുഷോത്തമനല്ലായെന്ന് അയാളോർത്തു. ഇന്നു താൻ ജാജലിയാണ്. മഹാമുനിയാണ്. അസ്തമനത്തിന്റെയിരുട്ട് കണ്ണുകളിലേക്കും പടർന്നു കയറിയപ്പോൾ വളർന്നു പന്തലിച്ചയരയാൽച്ചുരുകളിൽ അയാൾ തന്റെ ശരീരഭാരമിറക്കി വെച്ചു.

പിന്നെയോർമ്മയിൽ തെളിഞ്ഞത് ഭൂതകാലത്തിന്റെ കുറെ നിഴലിച്ച ചിത്രങ്ങൾ മാത്രമാണ്.

കുടിപ്പള്ളിക്കൂടത്തിന്റെ ഇരുണ്ട ഉൾത്തടങ്ങളിൽ അക്ഷരങ്ങളെ സ്വായത്തമാക്കിയത്. തകർന്നുവീഴാറായ ചെറ്റക്കുടിയിൽ നിന്നും കോളേജ് ഹോസ്റ്റലിന്റെ മായികതയിലേക്ക് പറന്നുയർന്നത്. അപ്പോഴേല്ലാം താൻ പുരുഷോത്തമൻ മാത്രമായിരുന്നു. പുരുഷോത്തമൻ എന്തൊരു



പേരാണത്. അറിയാതെയാണെങ്കിൽ കൂടി ആ കവിളുകളിൽ ഒരു ചിരി നിഴലിച്ചുവെന്ന് തോന്നുന്നു.

അക്ഷരങ്ങളേയും വാക്കുകളേയും പരിചയപ്പെട്ടതു മുതൽ അത് തിരിച്ചും മറിച്ചും പ്രയോഗിക്കാൻ വല്ല്യവിരുതാണെന്ന് ഇടയ്ക്കിടെ കുറുപ്പ്മാഷ് കളിയാക്കിയിരുന്നത് അയാളോർത്തു.പിന്നീടെപ്പോഴോ കമ്മ്യൂണിസം തല്ക്കു പിടിച്ചു. മാർക്സും ഏംഗൽസും പിന്നെ സ്റ്റാലിനുമായി പിന്നീട് ആരാധനാമൂർത്തികൾ. വായിച്ചതും അറിഞ്ഞതുമെല്ലാം വെറും പൊള്ളയായ വചനങ്ങൾ മാത്രമാണെന്നും ഒരു രാഷ്ട്രീയ പ്രസ്ഥാനവും ജനങ്ങൾക്കു വേണ്ടിയുള്ളതല്ലായെന്ന് തിരിച്ചറിഞ്ഞതുമായ ആ നിമിഷം അന്നിറങ്ങിയതാണ് പാർട്ടിയോഫീസിന്റെ പടി.

ജീവിതത്തിന്റെ രണ്ടറ്റവും തമ്മിലൊന്നു മുട്ടിക്കാൻ പെടാപ്പാടുപെടുന്ന സമയത്തുതന്നെ തുടങ്ങി ഗൃഹസ്ഥാശ്രമം, പിന്നെ വറുതിയുടെ നാളുകളായിരുന്നു. മാംസവും മാംസവും തമ്മിലുരഞ്ഞ സുഖം മറ്റുസുഖങ്ങളിലേക്ക് നയിച്ചപ്പോൾ ചുടുലഹരിയുടെ മൃദുജലം ഉള്ളിലേക്ക് കടന്നപ്പോൾ താൻ താനല്ലാതാവുകയായിരുന്നുവെന്നയാളോർത്തു. സദാചാരത്തിന്റെ സാമാന്യ മര്യാദകൾ പലതും ലംഘിക്കപ്പെട്ടു; ഒരു പിതാവെന്ന പറയുവാനുള്ള




അവകാശം പോലും പിച്ചിച്ചീന്തിയവനാണ് താനെന്നോർത്തപ്പോൾ അയാൾ ഞെട്ടിയുണർന്നു. ജാജലിയെന്ന പുരുഷോത്തമന്റെ മുന്നിൽ ഒരിക്കൽ കൂടി ജീവിതം ഒരു മിഥ്യയായി പരിണമിച്ചു.

ജീവിതത്തിനും മരണത്തിനുമിടയ്ക്കുള്ള നൂൽപ്പാലമെന്നപ്പോലെ തന്റെയവസ്ഥ അയാൾക്കു തോന്നി. സമയത്തിന്റെ ആരക്കാലുകൾ മെല്ലയിഴയുന്നതായും അയാൾക്കു തോന്നി. എല്ലാമുപേക്ഷിച്ചു ഉത്തരേന്ത്യൻ തെരുവുകളിൽ അലഞ്ഞുനടന്നപ്പോഴെപ്പോഴയായിരിക്കണം വെറും പുരുഷോത്തമനായ താൻ ജാജലിയായതെന്നയാൾ ഒന്നു കൂടി ഓർത്തു.

ചെയ്ത യാഗങ്ങളും, അർപ്പിച്ച മോക്ഷാർച്ചനകളും തന്നെ ഒരിക്കലും ഒരു പരിണാമത്തിലേക്ക് തള്ളിവിടുകയില്ലായെന്ന് ഉള്ളിലാരോ നിരന്തരം പറയുന്നതുപോലെ അയാൾക്കനുഭവപ്പെട്ടു. ഒരു സമസ്യയിലേക്ക് വലിച്ചെറിയപ്പെടുന്ന മനുഷ്യ ജീവിതത്തിന്റെ നിരർത്ഥകത അയാളുടെ മനസ്സിൽ വെറുപ്പിന്റെ തീക്കനലുകൾ വാരിനിറച്ചു. തന്റെ ജീവിതം പോലും ഒരു പാഴ്ക്കടലാസു പോലെയാണെന്നോർത്തപ്പോൾ ഈ പരമപദം പോലും തനിക്കർഹതപ്പെട്ടതല്ലായെന്ന് സർവ്വ ചരാചരങ്ങളും ദിഗന്തങ്ങളും അലറുന്നതുപോലെ അയാൾക്കനുഭവപ്പെട്ടു. പിന്നെ മെല്ലെ അടുത്തുകിടക്കുന്ന ഒരു കമ്പിന്റെ ബലത്തിൽ വന്ന വഴിയെ തന്നെ അയാൾ തിരിച്ചിറങ്ങാൻ തുടങ്ങി, തന്റെയപദാനങ്ങൾ പാടിപുകഴ്ത്തുന്ന ശബ്ദം. സൗരയൂഥത്തിന്റെ അങ്ങേത്തലയ്ക്കൽ നിന്നെന്നപോലെ അയാളുടെ കാതുകളിൽ പ്രതിധ്വനിച്ചു. പിന്നീടെപ്പോഴൊ ബോധധാരകളിൽ നിന്നും അയാൾ അകലാൻ തുടങ്ങിയപ്പോൾ, ശരീരത്തിന്റെ ഭാരമില്ലായ്മ ഒരു നിമിഷത്തേയെങ്കിലും അനുഭവേദ്യമായപ്പോൾ. അകലങ്ങളിലെവിടെയോ മണികൾ നിർത്താതെ മുഴങ്ങുന്നത് അയാൾ കേട്ടു– ഒരു നിമിഷത്തേയ്ക്കു മാത്രം.

ശുഭം

# ഓർമ്മയിലെൻ കലാലയ ജീവിതം



**ടി.കെ.എം** ആർട്സ് കോളേജിൽ 2013–2016 ബി.എ ഇംഗ്ലീഷിൽ അഡ്മിഷൻ എടുത്ത് ഡിഗ്രി പഠനം ആരംഭിച്ചപ്പോൾ മുതൽ എന്റെ മനസ്സിൽ ഉദിച്ചുയർന്ന ആശയാണ് ഇന്ത്യൻ സ്പോർട്സ് ടീമിൽ അംഗമാവുക എന്നത്. മികച്ച സ്പോർട്സ് താരങ്ങൾക്ക് ലഭിച്ച അംഗീകാരങ്ങളും ചുറ്റുപാടിൽ നിന്നും ലഭിച്ച പ്രചോദനവുമാണ് എന്നിൽ ഈ ലക്ഷ്യം ജനിപ്പിച്ചത്. ഡിഗ്രി ഒന്നാം വർഷം മുതൽ തന്നെ ആ ലക്ഷ്യത്തിന്റെ സാക്ഷാത്കാരത്തിനായി ഞാൻ കഠിനാദ്ധ്യാനം ചെയ്തു തുടങ്ങി. കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിലെ ഷെർഷാ സാർ എല്ലാവിധ പ്രചോദനങ്ങളും നൽകി.

ഒടുവിൽ 2015- ൽ എന്റെ ലക്ഷ്യംസാക്ഷാത്കരിക്കപ്പെട്ടു. എനിക്ക് ആർമിയിൽ സ്പോർട്സ് വിഭാഗത്തിൽ പ്രവേശനം ലഭിച്ചു. തെലുങ്കാനയിൽ വച്ച് നടന്ന എഴുത്തു പരീക്ഷയും കായികക്ഷമത പരീക്ഷയും അതികഠിനമായിരുന്നുവെങ്കിലും എന്റെ ലക്ഷ്യബോധവും വിശ്വാസവും എനിക്ക് അതിൽ വിജയിക്കാനുള്ള കരുത്ത് നൽകി.

2015 മെയ് 26 ന് ഞാൻ ആർമിയിൽ ട്രെയിനിങ്ങിന് പ്രവേശിച്ചു. വിവിധ ഭാഷകൾ സംസാരിക്കുന്ന മേലുദ്യോഗസ്ഥരോട് ആശയവിനിമയം നടത്താൻ എന്റെ ഇംഗ്ലീഷ് വിദ്യാഭ്യാസം എന്നെ സഹായിച്ചു. സർവ്വ സുഖലോലുപത നിറഞ്ഞ ജീവിതത്തിൽ നിന്നും മേലുദ്യോഗസ്ഥരുടെ ആജ്ഞകൾ നിറഞ്ഞ ജീവിതത്തിലേക്ക് പ്രവേശിച്ചപ്പോൾ ആദ്യമൊക്കെ അതുമായി പൊരുത്തപ്പെടാൻ സാധിച്ചില്ലെങ്കിലും പിന്നീട് ഞാൻ അറിയാതെ അതുമായി പൊരുത്തപ്പെട്ടു തുടങ്ങി. കഠിനമായ ആർമി ട്രെയിനിങ്ങിലും എനിക്കൽപ്പം സന്തോഷവും ആശ്വാസവും തരുന്നത് ആഹ്ലാദം നിറഞ്ഞ എന്റെ കോളേജ് ജീവിതത്തിന്റെ മധുസ്മരണകളാണ്. എന്റെ സുഹൃത്തുക്കളുടെ ഓർമ്മകളുമാണ്.

എന്റെ ശരീരം ആർമി ക്യാമ്പിലാണെങ്കിലും മനസ്സ് ഇപ്പോഴും എന്റെ കലാലയത്തിലാണ്. നവംബർ 2016-ൽ എന്റെ പോസ്റ്റിംങ്ങ് ആണ്. അതിന് ശേഷമേ എനിക്ക് നാട്ടിൽ തിരിച്ചെത്താൻ സാധിക്കൂ.

ഞാൻ നോക്കെത്താ ദൂരത്താണെങ്കിലും കോളേജിലെ ഓരോ സംഭവ വികാസങ്ങളും അറിയുന്നുണ്ട്. ഫസ്റ്റ് ഇയർ സുഹൃത്തുക്കൾക്ക് എന്റെ എല്ലാആശംസകളും.

ശുഭം

**അഷ്കർ**
രണ്ടാം വർഷം
ബി.എ ഇംഗ്ലീഷ്



# സഹനവീഥിയിലെ വിജയരഥം



ജുനയ്ദ്
രണ്ടാംവർഷം
ഇസ്ലാമിക് ഹിസ്റ്ററി

നമ്മൾ ഓരോരുത്തരുടേയും ജീവിതത്തിന്റെ അർത്ഥം സമ്പുഷ്ടമാകുന്നത് ജീവിതത്തിൽ ഒരു ലക്ഷ്യബോധം ഉണ്ടാകുമ്പോഴാണ്. ആ ലക്ഷ്യത്തിനായി ആവേശമുൾകൊണ്ട് പ്രവർത്തിക്കുകയാണ് അതിലേക്ക് എത്താനുള്ള മാർഗ്ഗം സാഹചര്യങ്ങൾ നമ്മെ എത്ര തളർത്തിയാലും ചുറ്റുപാടുകൾ എത്ര പ്രതികൂല മായാലും ഹൃദയത്തിൽ ലക്ഷ്യബോധമുണ്ടെങ്കിൽ, കഠിനാധ്വാനത്തിനും നിരന്തര പ്രയത്നത്തിനും പരിശ്രമത്തിനും തയ്യാറാണെങ്കിൽ വിജയം നമ്മെ തേടി എത്തും. ഇത് എല്ലാ ബുദ്ധിസ്റ്റുകളും പറയാറുള്ളതുപോലെ തത്ത്വമല്ല. നമ്മളിൽ ഒരുവനായ ചിലരെങ്കിലും അറിയുന്ന ഒരു വിദ്യാർത്ഥിയുടെ ജീവിതം കൊണ്ട് രചിച്ച വാക്കുകളാണ്. മറ്റാരെയും കുറിച്ചല്ല നമ്മുടെ സ്വപ്നതുല്ല്യവും സ്വർഗ്ഗവുമായ ടി.കെ.എം കോളേജിലെ ബി.എ ഇംഗ്ലീഷിലെ അവസാനവർഷ വിദ്യാർത്ഥിയായ അഷ്കർ അഷറഫിനെകുറിച്ചാണ്.

15–ാം വയസ്സിൽ അഷ്കർ മനസ്സിൽ കുറിച്ചിട്ട ഒരു സ്വപ്നമാണിത്. ഇന്ത്യയുടെ ജേഴ്സി അണിഞ്ഞ് എല്ലാ രാജ്യങ്ങളും ഉറ്റുനോക്കുന്ന ഒളിംപിക്സിൽ മെഡൽ നേടി ലോകം അറിയുന്ന ഒരു അത്‌ലറ്റായി ഗാലറിയിലെ ജനങ്ങളുടെ മനസ്സിൽ മായാത്ത ഒരു സ്ഥാനം പിടിക്കുക. അതിനു വേണ്ടി തയ്യാറെടുത്തപ്പോൾ ചുറ്റുപാടിൽ നിന്നും ഒരു പാട് അപമാനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നപ്പോഴും ഒരു തുള്ളികണ്ണീർപോലും പൊഴിക്കാതെ സങ്കടം ഉള്ളിലൊതുക്കി പുറമേ ഒരു മന്ദഹാസം മാത്രം പ്രകടിപ്പിച്ചു. ഒടുവിൽ അവന്റെ കഴിവിനെവീട്ടുകാരും നാട്ടുകാരും ഒരു പോലെ അംഗീകരിക്കുന്ന ഒരു ദിവസം വന്നെത്തി. 2010 നവംബർ മാസം നടന്ന സബ്ജില്ല സ്കൂൾ കായികമേളയിൽ 800 മീറ്റർ ഓട്ടത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിക്കൊണ്ട് ജില്ലാ കായികമേളയിൽ പങ്കെടുത്തു. അവിടെ നിന്നും ഒന്നാം സ്ഥാനം നേടി മെഡൽ കരസ്ഥമാക്കി. സംസ്ഥാനമേള മത്സരത്തിൽ മികച്ച പ്രകടനം കാഴ്ചവച്ചെങ്കിലും സമ്മർദ്ദങ്ങൾക്ക് അടിമപ്പെട്ട അഷ്കറിന് നൂലിഴ വ്യത്യാസത്തിൽ മെഡൽ നഷ്ടമായി. അവന്റെ കഴിവുകളെ തിരിച്ചറിഞ്ഞ സ്കൂൾ കായിക അധ്യാപകനായ ശശി മാസ്റ്റർ തുടർപരിശീലനത്തിനായി അവനെകൊല്ലം സ്പോർട്സ് കൗൺസിലിലെ അത്‌ലറ്റിക്സ് കോച്ചായ ജയകുമാർ സാറിന്റെ അടുക്കൽ കൊണ്ടാക്കി. ജയകുമാർ സർ അവന്റെ കഴിവുകൾ മനസ്സിലാക്കി 400മീ. ഓട്ടത്തിലേക്ക് മാറ്റി. പിന്നീട് 4 മാസങ്ങൾക്കു ശേഷം 2011 ഏപ്രിലിൽ കൊച്ചിയിൽ നടന്ന യൂത്ത്

ചാമ്പ്യൻഷിപ്പിൽ അഷ്കർ 2 സ്വർണ്ണം നേടി, റാഞ്ചിയിൽ നടന്ന ദേശീയ മത്സരത്തിലും അഷ്കർ സ്വർണ്ണം നേടി. ചൈനയുടെ ലോകോത്തര ഹഡിലറായ ലി-യൂ-സിയാങ്ങിന്റെ പ്രകടനം കണ്ട് ആകൃഷ്ടനായ അഷ്കർ ഹഡിൽസിലേക്ക് മാറാൻ ആഗ്രഹിച്ചു. എന്നാൽ കോച്ചായ ജയകുമാർ 400 മീറ്റർ റണ്ണിംഗ് നിലനിർത്തിക്കൊണ്ട് തന്നെ ഹഡിൽസ് പരിശീലിപ്പിച്ചു. എന്നാൽ പൊക്കമില്ലായ്മ കാരണം 110 മീറ്റർ ഹഡിൽസ് അഷ്കറിന് നഷ്ടമായി. അഷ്കർ പരിശീലിച്ചത് 400 മീറ്റർ ഹർഡിലാണ്. ടി.കെ.എം കോളേജിൽ സ്പോർട്സ് കോട്ടയിൽ ബി.എ ഇംഗ്ലീഷിൽ അഡ്മിഷൻ കിട്ടിയെങ്കിലും പഠനത്തോടൊപ്പം റണ്ണിംഗ് ചാമ്പ്യൻ സ്ഥാനം നേടി. ഇതിനടിയിൽ ഒരു അപകടം സംഭവിച്ചെങ്കിലും മനോബലം കൊണ്ടുമാത്രം അവൻ ട്രാക്കിലേക്ക് മടങ്ങിയെത്തി. ജീവനും ജീവിതവും തിരികെ പിടിക്കുവാൻ വളരെ തുച്ഛമായ ശതമാനം മാത്രമെന്ന് പറഞ്ഞ ന്യൂറോ സർജനെഅമ്പരപ്പെടുത്തിക്കൊണ്ടു അവൻ ആദ്യം ചോദിച്ച ചോദ്യം എനിക്കെപ്പോഴാണ് ട്രാക്കിലേക്ക് പ്രാക്ടീസിനു പോകാൻ കഴിയുന്നത് ? അഷ്കർ ട്രാക്കിലേക്ക് മടങ്ങിയെത്തിയാൽ മരണം സംഭവിക്കാം എന്ന് വിധിയെഴുതിയ ന്യൂറോ സർജൻമാരുടെ പ്രസ്താവനയെ അവന്റെ അടങ്ങാത്ത ലക്ഷ്യബോധത്താലും മനോബലത്താലും അതിജീവിച്ചു. അതിനുശേഷമുള്ള സംസ്ഥാനകായികമേളയിലും നീന്തൽ മത്സരത്തിലും അവൻ സ്വർണ്ണം നേടി. ശേഷമുള്ള ഇന്റർക്ലബ്ബ് അത്‌ലറ്റിക്സിൽ അഷ്കറിന് വെള്ളികൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. ടി.കെ.എം കോളേജിനെപ്രതിനിധാനം ചെയ്തുകൊണ്ട് സെമിഫൈനൽ റണ്ണിംഗിന് വരെ അഷ്കർ ഉജ്ജ്വലപ്രകടനം കാഴ്ചവച്ചു. ഫൈനലിൽ അസഹനീയമായ നടുവേദനകാരണം സ്റ്റാർട്ടിംഗ് പിഴച്ചു 4-ാം സ്ഥാനത്തേക്ക് പിൻതള്ളപ്പെട്ടു. പിന്നീട് ഹൈദരാബാദിൽ വച്ചു നടന്ന ദേശീയ അത്‌ലറ്റിക്സ് മീറ്റിൽ കേരളത്തിന് വേണ്ടി 400 മീറ്റർ റണ്ണിംഗിലും ഹർഡിൽസിലും റിലേയിലും സ്വർണ്ണം നേടി മേളയിലെ മിന്നും താരമായി. ഈ പ്രകടനം കാണാനിടയായ ആർമി പരിശീലകൻ അവനെകരസേനയിലേക്ക് ക്ഷണിച്ചു.

എല്ലാ കടമ്പകളും പൂർത്തിയാക്കി അവൻ കരസേനയിലേക്ക് പ്രവേശനയോഗ്യത നേടി. കേരളത്തിന്റെ ജേഴ്സി അണിഞ്ഞിരുന്ന അഷ്കർ രാജ്യത്തിനായി ആർമി യൂണിഫോം അണിഞ്ഞു. ഒളിംപിക്സിൽ പങ്കെടുക്കുക എന്ന ആഗ്രഹം അവന് ഇപ്പോൾ വിദൂരമല്ല. ദേശീയ ഗെയിംസിലും അവന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. കഠിനാധ്വാനത്തിന് ഫലം ഉണ്ടാകുമെന്നതിന് ഉത്തമ ഉദാഹരണം വേറെയില്ല. ഒരു കലാലയത്തെ സംബന്ധിച്ചിടത്തോളം ഇത്രയേറെ പ്രശ്സ്തനായ ഇവനെഈ കലാലയത്തിൽ അറിയപ്പെടുന്നവർ ചുരുക്കം ചിലർ മാത്രം. എത്രയൊക്കെ തന്നെ പ്രശസ്തിയുടെ കൊടുമുടിയിലേറിയാലും നമ്മളിൽ ഒരാളായി എല്ലാ സുഹൃത്ത്ബന്ധങ്ങളിലും ചേർന്നു പോകുന്ന ഇദ്ദേഹത്തെ തിരിച്ചറിയുവാൻ ഇനി എത്രനാൾ കാത്തിരിക്കണം. തന്റെ ജീവിതം കൊണ്ട് ചരിത്രമെഴുതുന്ന ഇവന്റെ ആഗ്രഹങ്ങളെല്ലാം തന്നെ നിറവേറട്ടെ. നമ്മുടെ കലാലയത്തിന്റെ പൊന്നോമനയ്ക്കായി എന്റെ ഒരു എളിയ സമ്മാനം.





**അരവിന്ദഘോഷ് എ.വി**
മാത്തമാറ്റിക്സ്.



# ശാന്തിതീരങ്ങളിൽ സ്വാന്തി

*ഇന്നത്തെ ലോകത്തിന്റെ മുന്നിലേക്ക് നടപ്പിന് വേഗത കൂടിയ ഒടുവിൽ ലക്ഷ്യസ്ഥലത്ത് എത്തിയെന്ന തോന്നൽ മുന്നിൽ മരപ്പലകയിലെ ഒരു ബോർഡ്. വൃദ്ധസദനം. ഒന്ന് നിന്നു ഇല്ല, ഒന്നുംതോന്നിയില്ല. വച്ച കാലുകൾ മുന്നോട്ട് തന്നെ. ഗേറ്റ് കടന്നപ്പോൾ തനിയെ അടഞ്ഞ അതിന്റെ ശബ്ദത്തിൽ പോലും കരച്ചിലിന്റെ നേർത്ത നാദം പഴയ ഒരു ഓടിട്ട കെട്ടിടത്തിന് മുന്നിലെത്തി. അനേകം തളർന്ന മുഖങ്ങൾ എങ്കിലും ഒരു പൂപുഞ്ചിരി അവർ തനിക്ക് നൽകി .......*

കടന്നുവന്ന ജീവിത പാതയിലേക്കു അയാൾ സഞ്ചാരം നടത്തി. ചവിട്ടിക്കയറിയ പടവുകൾ ഓരോന്നായി ഓർമ്മകളിൽ തെളിഞ്ഞു. അനർത്ഥമോഹങ്ങളെ താലോലിച്ച് നടന്ന കാലം എന്തിനും ഒരാവേശമായിരുന്നു. എടുത്തുചാടിയുള്ള പരീക്ഷണങ്ങൾ. ഇന്നതോർക്കുമ്പോൾ എന്തോ ഒരസ്വസ്ഥത. ഒന്നും വേണ്ടിയിരുന്നില്ല. ഛെ. വെറുതേ എന്തിന് ഇനിയും അതൊക്കെ ചികഞ്ഞെടുക്കുന്നു. ഗോപാലാ....
പിന്നിൽ നിന്നുള്ള വിളി കേട്ടയാൾ തിരിഞ്ഞുനോക്കി. ആരെയും കാണുന്നില്ല. ഇല്ല, തോന്നിയതായിരിക്കാം നടന്ന വഴികളിലൂടെ മുന്നോട്ടു കാലെടുത്തുവച്ചതും വീണ്ടും വിളി കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ കണ്ടു. കുഴിഞ്ഞ കണ്ണുകളുള്ള ഒരു വൃദ്ധൻ തറയിൽ കിടക്കുന്നു. എന്തുപറ്റി എന്ന ചോദ്യം ചോദിക്കുന്നതിനു മുമ്പ് ആ വൃദ്ധന്റെ കൈകൾ തന്റെ നേർക്കു നീണ്ടു.
ഒന്നെഴുന്നേൽപ്പിക്ക്. കാലുതെറ്റി വീണതാ.
മനസാക്ഷി മന്ത്രിച്ചു. ഈ വയസുകാലത്തു വീട്ടിലിരുന്നാൽ പോരായിരുന്നോ എന്നു ചോദിക്കണം എന്നുതോന്നി. പക്ഷേ അതിനുമുമ്പ് വീണ്ടും വൃദ്ധന്റെ നൊമ്പരം.
ആരോരുമില്ലാത്തവന്റെ വയറും വിശക്കും. അന്നം തേടിയിറങ്ങിയതാ. അപ്പുറത്തെ കോലത്തുവീട്ടിൽ ചെന്നാൽ വല്ലതും കഴിക്കാൻ കിട്ടും. തന്റെ പൂർവ്വകാലം ചികഞ്ഞുകൊണ്ടിരുന്ന തനിക്ക് മറ്റൊരാളുടെ ജീവിതയാത്രയെ കീറിമുറിക്കാൻ തോന്നി. പക്ഷെ ഒന്നും ചോദിച്ചില്ല, വൃദ്ധനോട്

*ശാന്തമായ മനസ്സുമായി പാതിയടഞ്ഞ വാതിലുകളിലൂടെ ഉള്ളിലേയ്ക്ക് പ്രവേശിച്ചതും, നില്ക്കവിടെ എന്നൊരു ശബ്ദം. ഇവിടെയും കൊല്ലാനാരങ്കിലുമുണ്ടോ എന്നന്വേഷിച്ചിറങ്ങിയതാണോ?. ചോദ്യകർത്താവിന്റെ മിഴികളിലേക്ക് സൂക്ഷിച്ച് നോക്കി. ക്രമേണ ആ കണ്ണുകളിൽ നിന്നും മുത്തുമണിപോലെ തുള്ളികൾ തറയിൽ പതിച്ചു. എന്തിനായിരുന്നു എന്റെ ഭർത്താവിനെ.... പ്രഭാതത്തിൽ നടക്കാനിറങ്ങിയ എന്റെ പ്രിയനെ.... ക്രമേണ ആ ശബ്ദം നിലച്ചു. ഒരു തേങ്ങലായ് അത് മാറി. കൂട്ടുകാർ കൂടി ചെയ്ത പാപ കർമത്തിന് ദൃക്സാക്ഷി ആയ താൻ മാത്രം ശിക്ഷിക്കപ്പെട്ടു. അത്രമാത്രം തെറ്റുകൾ ചെയ്തതിന്റെ ജഡ്ജ്മെന്റ്. വിധി കേട്ടപ്പോഴും മറുത്തൊന്നു പറയാൻ തോന്നിയില്ല.....*

എന്നാൽ അയാൾ വിടുന്ന മട്ടുമില്ല. എട്ട് ആൺമക്കളും കഷ്ടപ്പാടിലാണ് ജീവിക്കുന്നത് അതിനിടെ അച്ഛനെകൂടി സംരക്ഷിക്കാൻ പറ്റുമോ നല്ലകാര്യമായിപ്പോയി. ഞാൻ എങ്ങനേയും ജീവിച്ചു കൊള്ളാം എന്നു പറഞ്ഞുവെന്ന് പറഞ്ഞത് അയാളും വകവെച്ചില്ല. തൊണ്ണൂറിൽ എത്തിനിൽക്കുന്ന വൃദ്ധന്റെ കണ്ണിൽ ഇനി പൊടിയാൻ കണ്ണീർതുള്ളികൾ ഇല്ല. എന്നെനിക്കു തോന്നി.

ഓർമ്മകളിൽ തന്റെയും ജീവിതം തെളിഞ്ഞു വന്നു. വൃദ്ധന് എല്ലാവരും ഉണ്ട് എന്നാൽ തനിക്കോ നല്ലപ്രയത്തിൽ എല്ലാതിനേയും വെല്ലുവിളിച്ച്. ഏവരെയും ധിക്കരിച്ച് ഒരൊറ്റയാൻ ജീവിതം. ഒടുവിൽ ചെയ്യാത്ത ഒരു കുറ്റത്തിന് നീണ്ട കാരാഗൃഹം തിരികെയെത്തിയപ്പോഴാണ് അറിയുന്നത്. എല്ലാം തനിക്ക് കൈയെത്താദൂരത്താണെന്ന്. ഇന്ന് എല്ലാം ജലരേഖകളിലെ ചിത്രങ്ങൾ മാത്രം ഇല്ല. ഇനിയുമെനിക്ക് ജീവിക്കാൻ സാധിക്കും വൃദ്ധനെവഴിയിലാക്കി ഒന്നും മിണ്ടാതെ മുന്നോട്ട് നടന്നു. ഇന്നത്തെ ലോകത്തിന്റെ മുന്നിലേക്ക് നടപ്പിന് വേഗത കൂടിയ ഒടുവിൽ ലക്ഷ്യസ്ഥലത്ത് എത്തിയെന്ന തോന്നൽ മുന്നിൽ മരപ്പലകയിലെ ഒരു ബോർഡ്. വൃദ്ധസദനം. ഒന്ന് നിന്നു ഇല്ല. ഒന്നുംതോന്നിയില്ല. വച്ച കാലുകൾ മുന്നോട്ട് തന്നെ. ഗേറ്റ് കടന്നപ്പോൾ തനിയെ അടഞ്ഞ അതിന്റെ ശബ്ദത്തിൽ പോലും കരച്ചിലിന്റെ നേർത്ത നാദം പഴയ ഒരു ഓടിട്ട കെട്ടിടത്തിന് മുന്നിലെത്തി. അനേകം തളർന്ന മുഖങ്ങൾ എങ്കിലും ഒരു പുഞ്ചിരി അവർ തനിക്ക് നൽകി ദുഃഖം മറക്കുന്ന, സ്നേഹം നിഷേധിക്കപ്പെട്ട അവരുടെ അടുത്ത് താനും സുരക്ഷിതൻ എന്ന തോന്നൽ. പോയ കാലത്തിന്റെ ഗദ്ഗദങ്ങൾ മനസ്സിലില്ല. സ്പന്ദിക്കുന്ന ഹൃദയത്തിന്റെ താളതുടിപ്പുകൾക്ക് ശാന്തത നേരം സന്ധ്യയോടുക്കുന്നു. ഒരിളം കാറ്റ് തന്നെയും തഴുകി തലോടി അതിന്റെ വഴിക്ക് പോയി. ശാന്തമായ മനസ്സുമായി പാതിയടഞ്ഞ വാതിലുകളിലൂടെ ഉള്ളിലേയ്ക്ക് പ്രവേശിച്ചതും, നില്ക്കവിടെ എന്നൊരു ശബ്ദം. ഇവിടെയും കൊല്ലാനാരങ്കിലുമുണ്ടോ എന്നന്വേഷിച്ചിറങ്ങിയതാണോ?. ചോദ്യകർത്താവിന്റെ മിഴികളിലേക്ക് സൂക്ഷിച്ച് നോക്കി. ക്രമേണ ആ കണ്ണുകളിൽ നിന്നും മുത്തുമണിപോലെ തുള്ളികൾ തറയിൽ പതിച്ചു. എന്തിനായിരുന്നു എന്റെ ഭർത്താവിനെ.... പ്രഭാതത്തിൽ നടക്കാനിറങ്ങിയ എന്റെ പ്രിയനെ.... ക്രമേണ ആ ശബ്ദം നിലച്ചു. ഒരു തേങ്ങലായ് അത് മാറി. കൂട്ടുകാർ കൂടി ചെയ്ത പാപ കർമത്തിന് ദൃക്സാക്ഷി ആയ താൻ മാത്രം ശിക്ഷിക്കപ്പെട്ടു. അത്രമാത്രം തെറ്റുകൾ ചെയ്തതിന്റെ ജഡ്ജ്മെന്റ്. വിധി കേട്ടപ്പോഴും മറുത്തൊന്നു പറയാൻ തോന്നിയില്ല. ഒരു പ്രവാസിയെപോലെ കോടതി മുറിക്കുള്ളിൽ നിന്നും ജീവിതത്തിന്റെ കറുത്തമുറിയിലേക്ക് പതിച്ചപ്പോഴും ഒരുതരം നിർവികാരത. പക്ഷേ ഇന്ന് ഒരുതെറ്റും ചെയ്യാത്ത ഒരു പാവത്തിന്റെ വിധവയുടെ തേങ്ങൽ തനിക്ക് താങ്ങാനാകുന്നില്ല. മതി ജീവിക്കണ്ട, ഇനിയും വയ്യ. തിരിഞ്ഞു നടക്കാൻ തുടങ്ങിയപ്പോൾ പിന്നിൽ നിന്നും ചുമലുകളിൽ കൈവിരലുകൾ അമരുന്നു. അരുത് എല്ലാം ഞാനറിഞ്ഞും എങ്കിലും പെട്ടെന്നുള്ള വിഷമത്താൽ കാലചക്രത്തിന്റെ ഗതിയോർത്ത് രണ്ടു തുള്ളി കണ്ണുനീർ അന്നാദ്യമായി അടർന്നുവീണു. പതിവിനു വിപരീതമായി ആ സന്ധ്യക്ക് അല്പം ശോഭ കൂടുതൽ അനുഭവപ്പെട്ടു. തൊട്ടടുത്ത ക്ഷേത്രത്തിൽ നിന്നും ഒഴുകിവരുന്ന ഗാനാലാപത്തിൽ മനസ്സുമുഴുകി. ഗാനത്തിന്റെ ചുരുക്കം. ഇങ്ങനെയാണെന്ന് തോന്നി. നന്മയുടെ പൂക്കൾ വാരിവിതറുന്ന ശാന്തിതീരം. അതെ താനും ശാന്തിതീരത്തെത്തിയിരിക്കുന്നു. ഇന്നിന്റെ ശാന്തിതീരം കാപട്യങ്ങളില്ലാത്തവരുടെ ശാന്തിതീരം വഴിതെറ്റിയവർക്കും നേർവഴിയിലേക്കുള്ള പടവുകൾ



# കല്ല്യാണം കഴിക്കാൻ കഷ്ടപ്പാടോ?



**ഷെമിൻ**
രണ്ടാംവർഷം
ഇസ്ലാമിക് ഹിസ്റ്ററി

ഓരോ ഗോത്രത്തിലും മതത്തിലും വിശ്വസത്തിലും വിവാഹത്തെ ക്കുറിച്ച് വിവിധ ആചാരങ്ങളാണ് നിലവിലുള്ളത് അതിൽ ഏറ്റവും വ്യത്യസ്തമായ ചില വിവാഹ ആചാരങ്ങളിതാ അറിഞ്ഞോളൂ!

വടക്കേ ആഫ്രിക്കയിലെ അമാം നിവാസി ഗോത്ര വർഗ്ഗക്കാർക്കിടയിലുള്ള വിവാഹം തികച്ചും വ്യത്യസ്തമാണ് വിവാഹപ്രായമെത്തിയ സ്ത്രീ ഒരു പ്രത്യേകതരം കറി പാചകം ചെയ്യണം, അത് ഏറ്റവും ഉത്തമമാണെങ്കിൽ ഇഷ്ടപ്പെടുന്ന വ്യക്തി അവളെ കല്ല്യാണം കഴിക്കണം. കറി ഇഷ്ടപ്പെട്ടില്ലെങ്കിൽ പ്രശ്നമില്ല. എന്നാൽ ആന്ധ്രാപ്രദേശിലെ ഒരു പ്രത്യേക ഗോത്രവർഗ്ഗക്കാർക്കിടയിൽ പെണ്ണു കാണാൻ ചടങ്ങില്ല പകരം ആണു കാണൽ ചടങ്ങാണുള്ളത് പെണ്ണിന്റെ അച്ഛനും സഹോദരന്മാരും ഒരു ലോഡ് വിറകുമായി വരന്റെ വീട്ടിലെത്തും വരൻ വിറകുകൾ വെട്ടി അടുക്കി വധുവിന്റെ അച്ഛനെ ഏൽപ്പിച്ചാൽ വിവാഹം നടക്കും വരൻ ക്ഷീണിച്ച് തളർന്നാൽ വിവാഹം നടക്കില്ല. വടക്കു കിഴക്കൻ ആസ്സാമിലെ വിവാഹ സങ്കല്പം വളരെ രസകരമാണ്. ഒരു പെൺകുട്ടിക്ക് ഒരാളെ ഇഷ്ടമായാൽ ആ വിവരം പെൺകുട്ടിഅച്ഛനെ അറിയിക്കണം. പെൺകുട്ടിയുടെ അച്ഛൻ പയ്യനെതല്ലി തളർത്തും തളർന്ന പയ്യൻ എഴുന്നേറ്റ് നിന്നാൽ കല്ല്യാണം നടക്കും നിന്നില്ലെങ്കിൽ കല്ല്യാണം മുടങ്ങും

സിറിയയിലെ വിവാഹ ആചാരമാകട്ടെ വിവാഹ പ്രായമെത്തിയ പെൺകുട്ടികളുള്ള വീടിന് മുന്നിൽ ഒരു പ്രത്യേകതരം പാവക്കുട്ടിയെ കെട്ടിത്തൂക്കി ഇടുന്നു. നല്ല ആലോചനകൾ ക്ഷണിക്കുന്നു എന്നാണ് ഇതിന്റെ അർത്ഥം എന്നാൽ കൊറിയയിലെ ഒരു ആദിവാസി സമൂഹത്തിൽ വധുവരന്മാർ വിവാഹത്തിന് ശേഷം അതിഥി കളുടെ പുറത്ത് ചവിട്ടി വരന്റെ ഗൃഹത്തിലേക്ക് പോകണം, കല്യാണം കഴിക്കാൻ ഒരു കൂട്ടർ ഇങ്ങനെ കഷ്ടപ്പെടുമ്പോൾ നമ്മുടെ നാട്ടിലെ കല്യാണം സുഖകരമാണ്. പക്ഷേ സ്ത്രീധന പീഡനവും വിവാഹ മോചനവും കൂടുതലുള്ളത് ഇവിടെയാണ്. വിവാഹപ്രായം കുറയ്ക്കാനുള്ള മുറവിളി കേൾക്കുന്നതും ഇവിടെയാണ്.

*വടക്കു കിഴക്കൻ ആസ്സാമിലെ വിവാഹ സങ്കല്പം വളരെ രസകരമാണ്. ഒരു പെൺകുട്ടിക്ക് ഒരാളെ ഇഷ്ടമായാൽ ആ വിവരം പെൺകുട്ടിഅച്ഛനെ അറിയിക്കണം. പെൺകുട്ടിയുടെ അച്ഛൻ പയ്യനെതല്ലി തളർത്തും തളർന്ന പയ്യൻ എഴുന്നേറ്റ് നിന്നാൽ കല്ല്യാണം നടക്കും നിന്നില്ലെങ്കിൽ കല്ല്യാണം മുടങ്ങും*

# കലാലയ രാഷ്ട്രീയം

കലാലയ രാഷ്ട്രീയം നിരോധിക്കുന്നതിന് അനുകൂലമായി കേരള സർക്കാർ ഹൈക്കോടതിയിൽ അഭിപ്രായം പ്രകടിപ്പിച്ചതായി വാർത്ത വന്നിരിക്കുന്നു. കേരളത്തിൽ സ്കൂൾ കോളേജ് രാഷ്ട്രീയത്തിനെതിരെ ഒരു വിഭാഗം അരാഷ്ട്രീയ വാദികൾ മുമ്പ് പലപ്പോഴും രംഗത്തു വന്നിട്ടുണ്ട്. ചില അനുകൂല വിധികൾ സമ്പാദിക്കുകയും അത് പിന്നീട് സ്കൂൾ കലാലയ രാഷ്ട്രീയത്തെ കുറച്ചൊക്കെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കലാലയ രാഷ്ട്രീയം പൂർണ്ണമായി തുടച്ചുമാറ്റപ്പെട്ടിരുന്നില്ല. ലിങ്ദോ കമ്മീഷന്റെയും മറ്റും ചില ഇടപെടലുകൾ കലാലയ രാഷ്ട്രീയം, കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് എന്നിവയിൽ ചില മാറ്റങ്ങൾ വരുത്തിയിരുന്നു. എന്നാൽ അതുകൊണ്ടൊന്നും അരാഷ്ട്രീയ വാദികൾ തൃപ്തരായില്ല. അവർക്ക് വേണ്ടത് സമ്പൂർണ്ണ നിരോധനമാണ്. അതിനായി അവർ നിരന്തരം വ്യവഹാരങ്ങൾ നടത്തുന്നു. വിദ്യാഭ്യാസക്കച്ചവടക്കാരായ മാനേജ്മെന്റുകൾക്ക് വേണ്ടിയാണ് ഇത്തരക്കാരിൽ ചിലർ കലാലയ രാഷ്ട്രീയത്തിനെതിരെ രംഗത്തു വരുന്നത്. സ്വകാര്യ മാനേജ്മെന്റുകൾക്ക് തങ്ങളുടെ തോന്ന്യാസങ്ങൾ നടത്താൻ പലപ്പോഴും കലാലയ രാഷ്ട്രീയം തടസ്സമാകുന്നു. കലാലയ രാഷ്ട്രീയം ഇല്ലാത്ത കലാലയങ്ങൾ തികഞ്ഞ അരാജകത്വം ഉണ്ടാക്കുമെന്ന് അനുഭവങ്ങൾ പഠിപ്പിക്കുന്നുണ്ട്. അത്തരം കലാലയങ്ങളിൽവിദ്യാർത്ഥികൾ വർഗ്ഗീയവാദികളും തീവ്രവാദികളും രാജ്യദ്രോഹികളുമായി മാറാനും അരാഷ്ട്രീയ കലാലയങ്ങൾ കാരണമാകും. അങ്ങനെഎല്ലാം കൊണ്ടും തികഞ്ഞ അരാജത്വമാകും അരാഷ്ട്രീയ കലാലയങ്ങളിൽ സംഭവിക്കുക.

സാമൂഹ്യബോധവും രാഷ്ട്രീയ ബോധവും വരും




കലാലയ രാഷ്ട്രീയ നിരോധനം സഹായകമാകുക. പണ്ട് കലാലയ സംഘട്ടനങ്ങളുടെ പേര് പറഞ്ഞാണ് ഒരു വിഭാഗം കലാലയ രാഷ്ട്രീയത്തിനെതിരെ കരുക്കൾ നീക്കിയത്. എന്നാൽ ഇന്ന് അരാഷ്ട്രീയ ക്യാമ്പസുകളിൽ നടക്കുന്ന മൃഗീയമായ റാഗിങ് മുറകളെ തുടച്ചു നീക്കുവാൻ കലാലയ രാഷ്ട്രീയം അനിവാര്യമാണ്.

ഒക്ടോബർ വിപ്ലവം നടക്കുന്ന കാലത്ത് റഷ്യയിലെ വിദ്യാർത്ഥികൾ ലെനിനെസമീപിച്ച് അവർ എന്താണ് ചെയ്യേണ്ടത് എന്ന് ആരാഞ്ഞു. അവരോട് അദ്ദേഹം പറഞ്ഞത്. ഒന്നാമതായി പഠിക്കുക. രണ്ടാമതായി പഠിക്കുക, മൂന്നാമതായി പഠിക്കുക. ഇതിൽ നിന്നും മനസ്സിലാക്കേണ്ടത് വിദ്യാർത്ഥികളുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം പഠിക്കുക എന്നുള്ളതാണ്. ഇതേ ലെനിൻ മുതലാളിത്ത സമൂഹത്തിലും സോഷ്യലിസ്റ്റ് വിപ്ലവവേളയിലും വിപ്ലവാനന്തര രാഷ്ട്രീയത്തിലും യുവത്വം ഏറ്റെടുക്കേണ്ടി വരുന്ന വെല്ലുവിളികളും അതിന്റെ ചരിത്രദൗത്യവും വിശദീകരിക്കുന്നു. മാറ്റത്തിനു വേണ്ടിയുള്ള മുന്നണിപ്പോരാളികളും സമരോത്സുകരായ വിപ്ലവകാരികളായ വിദ്യാർത്ഥികളുടെയും യുജനങ്ങളുടെയും നിഷ്പക്ഷമായ സമരവീര്യം, അചഞ്ചലമായ ആശയദാർഢ്യം തുടങ്ങിയവ വിദ്യാർത്ഥി-യുവജനരാഷ്ട്രീയത്തിന്റ മുഖമുദ്രകളുമാണ്.

വിദ്യാഭ്യാസമെന്നാൽ കുറെയേറെ അറിവും വിവരങ്ങളും സമ്പാദിക്കുന്ന ഒരു പ്രക്രിയ മാത്രമല്ല. സാമൂഹിക ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, രാജ്യത്തിന്റെ സംസ്കാരവും രാഷ്ട്രീയവും എന്നിവയിൽ വേണ്ടത്ര പരിജ്ഞാനവും പ്രയോഗിക പരിശീലനവും നേടുകയാണ് വിദ്യാഭ്യാസത്തിന്റെ അനിവാര്യമായ ലക്ഷ്യം.

രാജ്യത്തെ ജനങ്ങളെയാകെ കക്ഷിരാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടു കിടക്കുമ്പോൾ വിദ്യാർത്ഥികളുടെ ചിന്തയിലും അത് സ്വാധീനം ചെലുത്തുമെന്നത് നിസ്തർക്കമായ

# കലാലയ രാഷ്ട്രീയം




കാര്യമാണ്. രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൻമാരും അനുയായികളും ക്യാമ്പസിനു പുറത്തു പോരടിക്കുമ്പോൾ അത് ക്യാമ്പസിനകത്തും പ്രതിഫലിക്കും. ക്യാമ്പസിനു പുറത്തുള്ള രാഷ്ട്രീയത്തെ നിരോധിക്കാത്തതു പോലെ തന്നെ ക്യാമ്പസ് രാഷ്ട്രീയവും ഇന്നത്തെ ജനാധിപത്യ വ്യവസ്ഥയിൽ നിരോധിക്കാനാവില്ല.

സ്കൂളുകളിലും, കോളേജുകളിലും യൂണിവേഴ്സിറ്റികളിലും തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥി യൂണിയനുകൾ വേണ്ടെന്നുള്ളതാണ് ഒരു വിഭാഗം വിദ്യാഭ്യാസ വിദ്ഗധരുടെ അഭിപ്രായം. കോടതികൾ പോലും ഇതിനനുസൃതമായ നിലപാടുകളാണ് സ്വീകരിക്കുന്നത്. ഇതിനാസ്പദമായി അവർ പറയുന്ന കാരണം ക്യാമ്പസ് തിരഞ്ഞെടുപ്പുകൾ സംഘർഷത്തിലേക്ക് ചെന്നെത്തുന്നു എന്നതാണ്. ഇതിനിവർ മുന്നോട്ടു വയ്ക്കുന്ന ബദൽ നിർദേശം സ്കൂൾ കോളേജ് സർവ്വകലാശാലാ യൂണിയനുകൾ ബന്ധപ്പെട്ട അധികൃതർ നോമിനേറ്റ് ചെയ്യുക എന്നതാണ്. ഈ ന്യായം ക്യാമ്പസിനു പുറത്തുള്ള തിരഞ്ഞെടുപ്പുകൾക്കു സാധിക്കുകയാണെങ്കിൽ, അതിനർത്ഥം എം.പിമാരെയും എം.എൽ.എ മാരെയും മറ്റു ജനപ്രതിനിധികളെയും തിരഞ്ഞെടുപ്പോടെയല്ലാതെ നോമിനേറ്റ് ചെയ്യേണ്ടി വരും. ഇത് തികച്ചും ജനാധിപത്യ വിരുദ്ധമായ നിർദേശമാണ്. ക്യാമ്പസുകളിൽ രാഷ്ട്രീയ അടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനവും തിരഞ്ഞെടുക്കപ്പെട്ട സമിതികളുടെ രൂപീകരണവും പാർലമെന്റി ജനാധിപത്യ വ്യവസ്ഥയിൽ ആവശ്യഘടകമാണ്.

രാജ്യത്തിനകത്തും, പുറത്തും ഇന്ന് ആഞ്ഞടിക്കുന്ന വൻ രാഷ്ട്രീയ പോരാട്ടത്തിൽ സമൂഹത്തിലെ മറ്റു ജനവിഭാഗങ്ങളും ബഹുജനസംഘടനകളും പോലെ വിദ്യാർത്ഥി സംഘടനകളും പ്രധാനമാണ്. സമൂഹത്തിൽ ഏറ്റവും ചലനാത്മക ഘടകമായ വിദ്യാർത്ഥികൾ രാഷ്ട്രീയ പ്രവർത്തനത്തിൽ നിന്ന് ഒഴിഞ്ഞ് നിൽക്കണമെന്നത് ബുദ്ധിക്കോ യുക്തിക്കോ നിരക്കുന്നതല്ല.

**റംഷാദ് ഖാൻ**
രണ്ടാം വർഷം ബി.എ
ഇസ്ലാമിക് ഹിസ്റ്ററി

*വിദ്യാഭ്യാസമെന്നാൽ കുറെയേറെ അറിവും വിവരങ്ങളും സമ്പാദിക്കുന്ന ഒരു പ്രക്രിയ മാത്രമല്ല. സാമൂഹിക ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, രാജ്യത്തിന്റെ സംസ്കാരവും രാഷ്ട്രീയവും എന്നിവയിൽ വേണ്ടത്ര പരിജ്ഞാനവും പ്രയോഗിക പരിശീലനവും നേടുകയാണ് വിദ്യാഭ്യാസത്തിന്റെ അനിവാര്യമായ ലക്ഷ്യം.*





**Said Ahammdul Ameen**
2nd Year English

## رسالة الي امي

أرسل إليكِ إذا ارسال ليل وشاركني فيكِ شعري كريما

أرسل إليكِ صباحاًجميلا وايضا مساء وفي كل لحوظ

ارسل إليكِ أميل أصبر عمري امتع طرفي بنظرة

وجهك فيه أطيل واهفو للقياك في كل حال ومهما

أقولهُ فيكِ قليل على راحتيكم سهرت ليال

ولوعتي قلبك عند الرحيل وفيض المشاعر منكتفيض

كما فاض دوما علينا سهيل جمعت الشمائل يأم أنت وحزت

كمالاً علينا فضيل إذا ما اعترتني خطوبعضام عليها حنانكِ

عندي السبيلُوحزني إذا ساذ بي لحظةٌعليهِ من الحبِّ منكِ

أهيلُ إذا ما افتقدتُ أبي برهةٌ غدوتِلعمريَ أنتِ المعيلُ

بفضلكِ أمي تزولُ الصعابُ ودعواكِ أمي لقلبي سيلُ حنانكِ

أمي شفاءجروحي وبلسمُ عمري وظلي الظليلُ لَعمرُكِ

أميَ أنتِ الدّليلُ إلى حضنٍ.... أمي دواماً أحنُ لَعَمرُكِ

أميَ أنتِ الدّليلُ وأرنو إليك إذاحلّ خطبٌ وأضنى الكواهِلَ حملٌ

قيلُ لأمي أحنُ ومن مثلُ أمي رضاها عليّا نسيمٌ عليلُ فيا

أمُ أنتِ ربيعُ الحياةِ ولونُ الزّهورِ... ونبعٌ يسيلُ لفضلكِ أمي...










# Monsoon
## Audio Release









# NCC Report

The National cadet corps is the Indian Military cadet corps with its headquarters at New Delhi. It is open to school and college students on voluntary basis National cadet corps is the Tri-Services organization, Comprising the Army, Navy & Air force, engaged in grooming the youth of the country into disciplined and patriotic citizens. The National cadet corps in India is a voluntary organization which recruits cadets from High school, College and Universities all over India. The cadets are given basic military training in small arms and parades. The officers and cadets have no liability for active military services once they complete their course, but are given preference over normal candidates during selections based on the achievements in the crops.

NCC was started in 1666 in Germany. The NCC in India was formed under the National Cadet Corps Act of 1948. It was raised on the 15th of July 1948. The National Cadet Corps can be considered a successor of the University Officers Training Corps (UDTC) which was established by the British in 1942. A committee headed by Pandit HN Kunzru recommended a cader organization to be established in schools and colleges at National level. The National Cadet Corps Act was accepted by the Governor General on 15 july 1948. The National cadet corp come into existence During the 1965 and 1971 wars with Pakisthan . NCC cadets were the second line of defense. They organized camps to assist the ordinance factories. Supplying army and ammunition to the front and also were used as patrol pastier to capture the enemy paratroopers. The NCC cadets also worked hand in hand with the civil defense authorities and actively took part in the reusqe work and traffic control. After the 1965 and 1971 Indo-pak wars the NCC syllabus was revised than just being the second line of defence , NCC syllabus laid a greater stress on





developing qualities of leadership and officers . The Military training which the NCC cadets received was reduced and greater importance was given to other areas like social service youth management.

We conducted the enrolment on 29th August 2014 in our college. The strength of college sub unit is 32 cadets. We successfully conducted 11 parades during the period from 29th August 2014 to 8th November 2014. The following were the important programmes of our sub unit during the said period - 58 cadets participated in the Republic Day, Celebration on 26/1/2014.

2 SD cadets attended 'B' certificate examination on 15/2/2014. 'C' certificate examination was conducted in this college on 23/2/2014 in which 1400 cadets participated including 17 SD and 11 SW cadets from our college . ANO Lt. Shaji P.I. participated in the 'C' certificate paper valuation camp of NCC held at the NCC group Head Quarters, Thevally from 25/2/2014 to 1/3/2014. 3 SD cadets 2nd 5 sw cadets participated in Annual Training camp held at Govt VHSS Kulakkada from 21-5-2014 to 30-05-2014. 18 cadets attended the Independence Day parade held at our college conducted by 15/8/14 1 SW cadet attended the pre RD camp conducted by 8 CK B Mavelikara held at DB college, Sasthamcotta from 15-9-14 2 SD cadet participated in the Army attachment camp held at pangod from 22-9-14 to 16-10-14 1 SD cadet participated in the combined Annual Training camp conducted by 11 CK Bn Alappuzha held at Pattanakadu SCU HSS, Alappuzha from 6-9-14 to 15-9-14. ANO Lt shaji P.I participated in the group commander's Annual Inspection held at 9 (K) B kottarakara on 15-11-14 800 cadet attended "B" certificate examination during the month of February 2015.



# National service Scheme (NSS)

Unit No: KL-07-012-013 (A & B)
**University of kerala**
**T.K.M. College of Arts & Science, Karicode**
Kollam-5

## Annual Report
## 2014-15

Name of Programme Officer(s)
**1. Shajitha S.**
**2. Firos khan A.**



There are two N.S.S Units in the college for the academic year 2014-15. The programme officers are

1. Prof. S. Shajitha
2. Prof. A.Firos khan

The units comprise a total of 200 volunteer students. 100 students were enrolled from first degree classes. Two Orientation programmes were conducted for the new volunteers.

An advisory meeting of National service scheme was held on 14th August 2014.

The decisions taken in the meeting regarding N.S.S Programmes are as follows

**A.** The enrollment of the volunteers should be completed at the earliest.

**B.** Applications for the N.S.S certificate and grace marks to the volunteers should be submitted to the University.

**C.** Junaid. M S3 Physics, was selected as the volunteer secretary from male volunteers.

**D.** Anjali Siva, S3 Chemistry, was selected as the volunteer secretary from female volunteers

**E.** Date for orientation programmes were scheduled to be held on 23/8/2014 and 30/8/2014

**F.** N.S.S Day celebrations

**G.** Special camp

**H.** Unarv - Programme

**I.** Founders' Day celebrtaions




# National service Scheme (NSS)

National ser
Scheme (

## Programme conducted for the academic year 2014-2015

| Sl.No | Date | Programme | Resources Person/Guests |
|---|---|---|---|
| 1 | 15-08-2014 | Indepence Day Celebrations | Pro. A Hashimudeen, Principal |
| 2 | 23-08-2014 | Orientation Programme | Prof. Shajitha S. |
| 3 | 30-08-2014 | Orientation Programme | Prof. Firoskhan A. |
| 4 | 05-09-2014 | Teacher's Day Celebrations | |
| 5 | 20-09-2014 | Anti- Ragging Awareness Class | Prof. M. Abdul Majeed, former programme officer , Prof. Niyas S.M, Convenor, Anti ragging cell |
| 6 | 24-09-2014 | N.S.S. Day Celebrations- An exhibition was conducted with the participation of students | Prof. A. Hashimudeen, Principal, Prof. E. Najeem former programme officer |
| 7 | 26-09-2014 | Save Kashmir Campaign | N.S.S. Programme officers |
| 8 | 01-10-2014 | Campus cleaning | |
| 9 | 02-10-2014 | Debate on the topic "Gandhi and Youth" | Prof. A. Hashimudeen, Principal |
| 10 | 11-10-2014 | Balika dinam Awareness day | Prof. A. Hashimudeen, Principal, Dr. E. Abdul Razac, Former Principal, Prof. M. Abdul Majeed, former programme officer |
| 11 | 15-10-2014 | World Hospice and Palliative care day observation | Chairman, Alpha Palliative care center |
| 12 | 16-10-2014 | World Food day- | Prof. A. Hashimudeen, Principal |
| 13 | 18-10-2014 | Health awareness Programme | Prof. A. Hashimudeen, Principal, Sri M. Nasimudeen, Health Information Officer, University of kerala, Dr. A Shershah, Dept. of Physical Education, T.K.M. College of Arts and Science, and M.P. Viswom, former H.O.D. Dept. of Sociology, Sanskrit University, Kalady |
| 14 | 25-10-2014 | N.S.S. Regular work | |
| 15 | 01-11-2014 | "Kerala Piravi Day" Celebrations and visited the school, Buds on Wings, Physically Challenged students | Programme officers |
| 17 | 11-11-2014 | Cancer Awareness Programmes | Dr. Suresh Chandra Dutt, H.O.D,Dept of Oncology,Medicity, Smt. Suja Sathya, Soil Development Officer and ToT of CHECK, |
| 18 | 15-11-2014 | World Diabetic Day- Leaf Lets Distribution | Programme officers and Teachers |
| 19 | 19-11-2014 | National integration Day- A message | Dr. Y. Jubaira beevi, Principal |
| 20 | 1-12-2014 | World Aids Day | Dr. Y. Jubaira beevi, Principal |
| 21 | 16-12-2014 | Parents Meeting was organized as preparation before the special camp programme | Programme officers |
| 22 | 19-12-2014 to 25-12-2014 | Special Camp | |
| 23 | 24-01- 2015 | Unarv Anti-Drug Abuse Programme | City Police Wing Kollam |
| 24 | 26- 01-2015 | Republic Day Celebration | Dr. Y. Jubaira beevi, Principal |
| 25 | 19-02-2015 | Founder's Day Observation | Dr. Y. Jubaira beevi, Principal, Prof. E. Najeem former programme officer, Programme officers |
| 26 | 08- 03-2015 | Women's Day celebration | Drama |

# National service Scheme (NSS)













# Moments...
## from our campus...







# Moments...
from our campus...













# Moments...
## from our campus...











കഥ

# അവൾ യാത്രയായി






**ദേവികാ വേണു. പി**
ഒന്നാംവർഷം
സുവോളജി.


ഇന്ന് കോളേജിൽ നിന്നു വരുമ്പോൾ വല്ലാത്ത ഒരു സന്തോഷം അവൾക്കുണ്ടായിരുന്നു. മനസ്സിന്റെ അടിത്തട്ടിൽ സന്തോഷം ഒളിപ്പിക്കാൻ ശ്രമിക്കുമ്പോഴും അവളുടെ ശോഭസുന്ദരമായ മുഖത്ത് അത് പ്രതിഫലിക്കപ്പെട്ടു. ഏതു ചെറിയ കാര്യം ചെയ്യുമ്പോഴും അതീവ ശ്രദ്ധപുലർ ത്തിയിരുന്ന അവൾ ആ സന്തോഷവാർത്ത അറിഞ്ഞതിൽ പിന്നെ രണ്ടു വർഷങ്ങൾക്കു മുമ്പുള്ള തന്റെ സ്കൂൾ ജീവിതം ഓർമ്മകളിൽ തലോലിക്കുവാനാണ് ശ്രദ്ധിച്ചിരുന്നത്.

വീട്ടിലെത്തി കഴിഞ്ഞിട്ടും നൂൽപൊട്ടിയ പട്ടത്തെപ്പോലെ അവളുടെ മനസ്സ് എങ്ങോ പാറി നടന്നു. ഇന്ന് പഠിക്കുവാൻ പോലും മനസ്സിനെതയ്യാറെടുപ്പിക്കാതെ രണ്ടു വർഷങ്ങൾക്ക് മുമ്പുള്ള അനുവായി അവൾ മാറി. അനുപമ എന്ന അവളെ അനു എന്ന് സ്നേഹത്തോടെ വിളിക്കാറുണ്ടായിരുന്നത് അവളുടെ പ്രിയകൂട്ടുകാരി അമ്മു മാത്രമായിരുന്നു. വീട്ടിൽ എല്ലാവരുടെയും ചെല്ലക്കുട്ടി ആയിരുന്നിട്ടും എന്തുകൊണ്ടോ തന്റെ അടുത്ത കൂട്ടുകാരിയിൽ നിന്ന് ആ വിളി കേൾക്കാൻ അവൾക്ക് ഏറെ ഇഷ്ടമായിരുന്നു. കൂട്ടുകാരിൽ മറ്റു ചിലർ അവളെ അങ്ങനെവിളിക്കാറുണ്ടെങ്കിലും സ്നേഹത്തിൽ കുതിർന്ന സൗഹൃദത്തിന്റെ കുളിർനാദം കേൾക്കുന്നത് അമ്മുവിൽ നിന്നാണ്. ചിലപ്പോൾ വളരെകാലം മുതൽക്കേ അവർ കൂട്ടുകാരായതു കൊണ്ടായിരിക്കാം. നാട്ടിലെ പ്രശ്സതനായ വക്കീൽസാറിന്റെ ഏക മകൾ അമ്മുവുമായുള്ള അവളുടെ സൗഹൃദം തുടങ്ങിയത് 1-ാം ക്ലാസ് മുതലാണ്. ഇപ്പോഴും ആ നിമിഷങ്ങൾ അനു ഓർക്കുന്നു. ഒരു പക്ഷേ, അമ്മു ഓർക്കുന്നുണ്ടാവുമോ? അറിയില്ല! എന്നാലും അവൾ ഓർക്കാതിരിക്കില്ല.

പുത്തനുടുപ്പും ബാഗുമണിഞ്ഞ് ഇടവപ്പാതിയിലെ മഴയിൽ വർണകുട ചൂടി അച്ഛന്റെ കൈയും പിടിച്ചായിരുന്നു അനുവിന്റെ ആദ്യ സ്കൂൾ യാത്ര. അമ്മയുടെ അതിരറ്റ ഉപദേശം അവളെ ഭയപ്പെടുത്താതിരുന്നില്ല. പുതിയ സ്കൂൾ, കുട്ടികൾ, ടീച്ചർ എല്ലാം ഒരു പേടിസ്വപ്നം പോലെയാണ് അവൾക്ക് തോന്നിയത്. ക്ലാസ്സിൽ കയറി ഇരുന്നപ്പോഴേയ്ക്കും അറിയാതെ അമ്മയും വീടുമൊക്കെ ഓർമ്മയിൽ വന്നു. പിന്നെ കണ്ണു നിറഞ്ഞത് അവൾ അറിഞ്ഞില്ല. കുനിഞ്ഞിരുന്ന് കരയാൻ തുടങ്ങിയപ്പോൾ അടുത്തേയ്ക്ക് നീണ്ടു വന്ന ഒരു കുഞ്ഞു കൈ അവൾ ശ്രദ്ധിച്ചു. കയ്യിൽ ഒരു കാഡ്ബറീസും ഉണ്ടായിരുന്നു. കണ്ണുനീർ തുടച്ച് മുഖമുയർത്തി നോക്കിയപ്പോൾ തേജസ്സോടെ പുഞ്ചിരിച്ചു കൊണ്ട് തൊട്ടടുത്ത് അവൾ ഇരിക്കുന്നു. അമ്മുവായിരുന്നു അത്. അനു അവളുടെ മുഖം നന്നായി ഒന്നു ശ്രദ്ധിച്ചു. ഇന്ന്, ഇവൾ കരഞ്ഞിട്ടില്ലല്ലോ? പിന്നെ തനിക്കുമാത്രം എങ്ങനെകരച്ചിൽ വന്നു. അങ്ങനെഅവളെ നോക്കിയിരുന്നപ്പോൾ പെട്ടെന്ന് അവളുടെ വക ഒരു ഉപദേശം വന്നു.

# അവൾ യാത്രയായി

എന്തിനാ താൻ കരയുന്നത്? ഈ കാഡ്ബറീസ് കഴിച്ചോ? എനിക്കും ഇവിടെ ആരെയും അറിയില്ല. എന്നിട്ടും ഞാൻ കരയാതിരിക്കുന്നത് താൻ കണ്ടില്ലേ. ഇന്നു മുതൽ നമ്മൾ കൂട്ടുകാരാ... അങ്ങനെഅവളുടെ കരച്ചിലിന് വിരാമമിട്ട അമ്മു പിന്നെ അനുവിന്റെ നല്ല കൂട്ടുകാരിയായി. നല്ല സൗഹൃദങ്ങൾ ഉടലെടുക്കാൻ അല്ലെങ്കിലും ഒരു യുഗത്തിന്റെയോ, തപസ്സിന്റെയോ ആവശ്യമില്ലല്ലോ. അതിന് ആത്മാർത്ഥമായി തയ്യാറെടുക്കുന്ന രണ്ടു മനസ്സുകൾ മാത്രം മതി.

ഒരിക്കൽ പോലും അവർ തമ്മിൽ പിണങ്ങിയിട്ടില്ല. സ്കൂളിലേക്കുള്ള യാത്രയും അവർ ഒരുമിച്ചായിരുന്നു. അവധി ദിവസങ്ങളിലും അനുവിന്റെ വീട്ടിൽ കൂട്ടുകാരിയുടെ ഏക സന്ദർശക അമ്മു മാത്രമായിരുന്നു. അങ്ങനെതന്നെയാണ് തിരിച്ചും. എപ്പോഴും തിരക്കുള്ള അച്ഛന്റെയും അമ്മയുടേയും തീരാത്ത വിടവ അമ്മു മറക്കാൻ സഹായിച്ചിരുന്നത് അനുവിന്റെ സാന്നിദ്ധ്യമായിരുന്നു. ഏറെ തമാശ പറഞ്ഞ് എപ്പോഴും ചിരിക്കുന്ന അനുവിന്റെ സാമർത്ഥ്യം അമ്മുവിനെഎപ്പോഴും സന്തോഷവതിയാക്കി. രണ്ടുപേരും കൂടി ചേർന്നാൽ ഈ ലോകം തന്നെ പറയാറുണ്ട്, എന്നും കുട്ട്യോള് അങ്ങനെതന്നെയായിരിക്കട്ടെ. സ്നേഹവും സൗഹൃദവും അഭിനയമാക്കുന്ന ഈ ലോകത്ത് അവർ എന്നും നല്ല കൂട്ടുകാരായിരിക്കണം എന്നാണ് അച്ഛന്റെ ഗൗരവമേറിയ മറുപടി. അനുവിനെപ്പോലെ തന്നെ അവളുടെ അച്ഛനും അമ്മയ്ക്കും അമ്മുവും ഏറെ പ്രിയങ്കരിയായിരിക്കുന്നു. വീട്ടിൽ വന്നാൽ എന്തെങ്കിലും കഴിക്കാതെ അമ്മ അവളെ അയക്കാറില്ല. തന്റെ വീട്ടിൽ, ഉദ്യോഗക്കാരിയായ അമ്മ തിരക്കുപിടിച്ചുണ്ടാക്കുന്ന ചപ്പത്തിയേക്കാൾ അമ്മുവിന് ഏറെ ഇഷ്ടം അനുവിന്റെ അമ്മ വാത്സല്യത്തോടെ തരുന്ന വെള്ളച്ചോറാണ്.

എത്ര പെട്ടെന്നാണ് ആ കാലമൊക്കെ പോയത്. രണ്ടുപേരും ഒരുപോലെ മിടുക്കരായി തന്നെ പഠിച്ചു. ചൂട്പിടിച്ച് പരീക്ഷകളും സന്തോഷം സൃഷ്ടിച്ച വിജയങ്ങളും കടന്നു വന്നു. കാലം വേഗത്തിൽ ഒരു കാളവണ്ടിച്ചക്രം പോലെ തിരിഞ്ഞു. അങ്ങനെപത്താം ക്ലാസ് ഫലം വന്നതോടെ അമ്മുവിനും അനുവിനും പിരിയേണ്ട ഘട്ടം വന്നു. ആ വേദനിപ്പിക്കുന്നു നിമിഷം അനു ഇന്നു തേങ്ങലോടെ ഓർക്കുന്നു. അന്ന് തന്റെ കൂട്ടുകാരി അമ്മു കരഞ്ഞുകൊണ്ടു പറഞ്ഞ വാക്കുകൾ ഇന്നും കാതിൽ മുഴങ്ങുകയാണ്. എന്റെ അച്ഛൻ എനിക്ക് ചെന്നൈയിലെ സ്കൂളിൽ അഡ്മിഷൻ റെഡിയാക്കി. മറ്റെന്നാൾ പോവുകയാണ്. ഇനി ഇങ്ങോട്ടു വരില്ല എന്നാണ് അവർ പറയുന്നത്. ഇനി...... ഇനി നമ്മൾ തമ്മിൽ കാണുമോ അനൂ....... ? ഇല്ല എനിക്കു പോകാൻ കഴിയില്ല. പിന്നെ ഒരു പൊട്ടിക്കരച്ചിൽ മാത്രമാണ് അവിടെ ഉയർന്നത്. ഇത്രയും നാളുകൾക്കിടെ തന്റെ കൂട്ടുകാരിയെ അനു ഇങ്ങനെകണ്ടിട്ടേയില്ല. അന്ന് വിദ്യാലയത്തിലെ ആദ്യ ദിവസം പേടിച്ചു കരഞ്ഞ തന്നെ സമാധിപ്പിച്ച കൂട്ടുകാരിയാണോ ഇങ്ങനെകരയുന്നത്. തന്റെ ആത്മധൈര്യം കൂടി നഷ്ടപ്പെടുന്നതായി അനുവിന് തോന്നി. അമ്മു ഈ വിവരം അറിയുന്നതിനു മുൻപ് തന്നെ അനു ഇതറിഞ്ഞിരിക്കുന്നു.

ഇന്നലെ തൊടിയിലെ ചെടികൾക്ക് വെള്ളമൊഴിച്ചുകൊണ്ട് നിൽക്കുമ്പോഴായിരുന്നു വക്കീൽ സാർ വന്നതും അമ്മുവിന്റെ അഡ്മിഷൻ കാര്യം പറയുന്നതും. ഇടിവെട്ടേറ്റപോലെ നിന്നുപോയി

*അനു അവളുടെ മുഖം നന്നായി ഒന്നു ശ്രദ്ധിച്ചു. ഇന്ന്, ഇവൾ കരഞ്ഞിട്ടില്ലല്ലോ? പിന്നെ തനിക്കുമാത്രം എങ്ങനെ കരച്ചിൽ വന്നു. അങ്ങനെഅവളെ നോക്കിയിരുന്നപ്പോൾ പെട്ടെന്ന് അവളുടെ വക ഒരു ഉപദേശം വന്നു. എന്തിനാ താൻ കരയുന്നത്? ഈ കാഡ്ബറീസ് കഴിച്ചോ?*



## അവൾ യാത്രയായി

അനു. ഒടുവിൽ അദ്ദേഹം പറഞ്ഞു. അനുപമ വേണം അവളെ കൊണ്ട് സമ്മതിപ്പിക്കാൻ I know your friendship. But..... പിന്നെ ഒന്നും അവൾ കേട്ടില്ല. ഒരു മരപ്പാവയെപ്പോലെ അവൾ അകത്തേക്കു പോയി. പ്രിയ കൂട്ടുകാരിയെ പിരിയാനുള്ള സങ്കടം മനസ്സിന്റെ അകത്തളത്തിൽ ഒളിപ്പിച്ചുകൊണ്ട് അമ്മുവിനെയാത്ര അയക്കാൻ തന്നെ അവൾ തയ്യാറെടുത്തു കഴിഞ്ഞിരുന്നു. പക്ഷേ കുട്ടിക്കാലം മുതൽ ഒരുമിച്ചുണ്ടായിരുന്ന അവളില്ലാത്ത അടുത്ത വിദ്യാലയം അനുവിന് ചിന്തിക്കാവുന്നതിനേക്കാൾ അപ്പുറമായിരുന്നു. എന്നാൽ ഒരു നല്ല കൂട്ടുകാരി എന്ന നിലയ്ക്ക് അമ്മുവിന്റെ നല്ല ഭാവിയെക്കുറിച്ചും അവൾ ചിന്തിക്കണം. സകലധൈര്യവും മനസ്സിൽ സ്വരൂപിച്ച് അവൾ അമ്മുവിനെആശ്വസിപ്പിച്ചു. യാത്ര അയപ്പിന്റെ ദിവസം വക്കീൽ സാറിന്റെ നെഞ്ചിൽ ചാരിനിന്ന് നിറകണ്ണുകളോടെ ദയനീയമായി നോക്കുന്ന കൂട്ടുകാരിയുടെ മുഖം ഇപ്പോഴും കൺമുന്നിലുണ്ട്. തീവണ്ടി ദൂരേയ്ക്ക് അകലുമ്പോഴും ആ കണ്ണുകൾ അവളെ പിൻതുടരുന്നതുപോലെ തോന്നി.

ദിവസങ്ങൾ കടന്നുപൊയിക്കൊണ്ടിരുന്നു. കാലം അടർത്തിമാറ്റിയിട്ടും മാറ്റങ്ങൾക്ക് വിധേയമാകാത്ത മനസുമായി അവർ കത്തുകളയച്ചു. അനുവിന്റെ വീട്ടിൽ ഫോൺ എന്ന ആധുനിക ഉപകരണം വന്നിട്ട് കുറച്ച് കാലങ്ങളേ ആയിട്ടുള്ളു. അതുവരെയുള്ള അവരുടെ വിശേഷങ്ങൾ പങ്കവയ്ക്കപ്പെട്ടത് കത്തുകളിലൂടെയായിരുന്നു. അങ്ങനെപതിയെ വേർപിരിയലിന്റെ കാഠിന്യത്തെ അവർ മനസിന്റെ ഒരു കോണിൽ മറച്ചുവച്ചു. പുതിയ കലാലയ വിശേഷങ്ങൾ അനുവിനെഅറിയിക്കുവാൻ അമ്മുവിന്റെ മനസ്സ് വെമ്പൽ കൊണ്ടു. തിരക്കുപിടിച്ച നഗരജീവിതത്തിൽ അച്ഛനും അമ്മയും അവരുടെ ജോലിയിൽ മുഴുകി. അപ്പോഴും അമ്മുവിന്റെ മനസ്സിൽ സൗഹൃദത്തിന്റെ കുളിർകാറ്റ് വീശികൊണ്ട് കടന്നുവരുന്ന അവളുടെ അനുവായിരുന്നു. വല്ലപ്പോഴുമുള്ള പുഞ്ചിരി മറക്കാതിരിക്കാനിടയാക്കിയത്. അങ്ങനെഹയർസെക്കന്ററി കാലവും കഴിഞ്ഞു. എൻട്രൻസ് പരീക്ഷയുടെ വീർപ്പുമുട്ടലും തുടർന്ന് MBBS പ്രവശേനവും എല്ലാം അവൾ അനുവിന് എഴുതി. ഒപ്പം അനുവിന്റെ വിശേഷങ്ങളും അവൾ അറിഞ്ഞു. ഇന്നലെയാണ് അവസാനമായി അമ്മുവിന്റെ കത്ത് അനുവിന് കിട്ടിയത്. അതിൽ അനുവിനെഏറെ സന്തോഷിപ്പിക്കുന്ന ഒരു വാർത്തയുമുണ്ടായിരുന്നു. ഒക്ടോബർ 20ന് അമ്മു വരുന്നു. ആ സൗഹൃദങ്ങൾക്കിടയിലെ നീണ്ട രണ്ടു വർഷങ്ങൾക്കു ശേഷം അവളെ കാണാൻ അമ്മു വരികയാണ്. മറ്റെന്നാളാണ് ആ ദിവസം. ആ സന്തോഷം അവളുടെ മനസിന് പുതിയ ഒരു അനുഭവമായിരുന്നു. കൂട്ടുകാരിയെ പിരിഞ്ഞതിലുള്ള ദുഃഖം അവൾ അറിഞ്ഞതാണ്. പക്ഷേ അവളുടെ വരവിനായുള്ള കാത്തിരിപ്പ് എത്ര സുന്ദരമാണ്. എല്ലാം മറന്നുകൊണ്ട് അനു തന്റെ കുട്ടിക്കാലം ഓർത്തു.

ഓർമ്മകളെ ഭേദിച്ചുകൊണ്ട് പെട്ടെന്നായിരുന്നു അമ്മുവിൻെ വിളി. എന്താ അനുപമേ, നീ ഒന്നും കഴിക്കാൻ വരണില്ല്യേ? അവൾ എന്തെങ്കിലും പറയുന്നതിനു മുൻപേ ഉമ്മറത്തു നിന്നും അച്ഛൻ വിളിച്ചു പറഞ്ഞു. അവളുടെ പഴയ കൂട്ടുകാരി അമ്മൂട്ടി വരുന്നതിന്റെ സന്തോഷല്ലേ അവൾക്ക്. അതുകൊണ്ടായിരിക്കും കുട്ടിക്കിപ്പോൾ വിശപ്പും ദാഹവും ഒന്നും ഇല്ലാത്തെ! എന്നിട്ട് അദ്ദേഹം അവളെ ഉമ്മറത്തേയ്ക്കു വിളിച്ചു. നാളെ അച്ഛനും അമ്മയും കൂടി ചെറിയച്ഛന്റെ വീട്ടിലേയ്ക്ക് പോവുകയാണ്. പഠിത്തത്തിൽ മുടക്കം വരാതിരിക്കാൻ വേലക്കാരി കുഞ്ഞിമാളുവിന്റെ മേൽനോട്ടത്തിൽ അനുവനെഏൽപ്പിച്ചിട്ടു പോകുവാനുള്ള ഉദ്ദേശ്യം അറിയിക്കുവാനാണ്. അച്ഛൻ അവളെ വിളിച്ചത്. അവർ അല്പം ഇരുട്ടിയതിനുശേഷമേ വരൂ എന്ന അച്ഛന്റെ നിർദേശത്തിനിടയ്ക്ക് നാളെ നേരത്തെ ആഹാരം കഴിച്ച് കിടന്നുറങ്ങണമെന്ന അമ്മയുടെ ഉപദേശവും വന്നു. എല്ലാം തലകുലുക്കി സമ്മതിച്ചു കൊണ്ട് അവൾ മുറിയിലേയ്ക്കു പോയി. ഉറക്കത്തിലേയ്ക്ക് വഴുതി വീഴുന്നതിനു മുൻപ് അനു തന്റെ പെട്ടിയിലുള്ള അമ്മുവിന്റെ പഴയ ഒരു ഫോട്ടോ എടുത്തു നോക്കി. രണ്ടുവർഷത്തിനിടയ്ക്ക് ഇവൾക്കെന്തു മാറ്റമായിരിക്കും സംഭവിച്ചിട്ടുണ്ടാവുക? കത്തുകളിലൂടെയുള്ള വിശേഷം തിരക്കലല്ലാതെ ഒന്നു കണ്ടിട്ട് എത്രയോ നാളായി. സൗഹൃദത്തിന്റെ തീവ്രത തന്നെ അറിയിച്ചു തന്ന ആ കൂട്ടുകാരി അവളുടെ മനസ്സിൽ അങ്ങനെനിറഞ്ഞു നിന്നു.

അടുത്ത ദിവസമെത്തി. ഏതൊരു ദിവസത്തേക്കാളും ആ ദിവസം അതിവേഗം നീങ്ങിയതായി അനുവിനു തോന്നി. ഒരു പക്ഷേ തന്റെ കൂട്ടുകാരിയെ കാണാനുള്ള ആഗ്രഹത്തിൽ തിടുക്കപ്പെടുന്നതുപോലെ ആ പകലും ധൃതികാണിച്ചിരിക്കാം. വൈകുന്നേരമായപ്പോഴേയ്ക്കും അച്ഛനും അമ്മയും തിരൂരിലെ ചെറിയച്ഛന്റെ വീട്ടിലേക്കുപോയി. നേരം ഇരുട്ടി തുടങ്ങി. എന്നത്തേക്കളുമേറെ ഇന്ന് പൂർണചന്ദ്രന് വല്ലാത്തൊരു ശോഭ. നിലാവിന്റെ തേജസ് കൂടിയതുപോലെ. അനുവിന് അത് വല്ലാത്തൊരു അനുഭൂതിയായിരുന്നു. നിലാവ് ഭൂമിയിലേക്ക് പൊഴിച്ചു

# അവൾ യാത്രയായി

കൊണ്ട് നിൽക്കുന്ന ചന്ദ്രനെനോക്കി അവൾ വരാന്തയിൽ ഇരുന്നു. അച്ഛനും അമ്മയും ഇനി എപ്പോഴാണോ വരിക വേലക്കാരി കുഞ്ഞിമാളു ഉറങ്ങാനുള്ള തയ്യാറെടുപ്പ് നടത്തുകയാണ്. വാതിലടച്ച് അനു സ്വീകരണമുറിയിലെ സോഫയിലിരുന്നു. അപ്പോഴേയ്ക്കും കുഞ്ഞിമാളു ഉറക്കത്തെ സ്വീകരിച്ചു കഴിഞ്ഞിരുന്നു. ഉറക്കം വന്നാൽ കുഞ്ഞിമാളു ചേച്ചി എന്തു സംഭവിച്ചാലും എഴുന്നേൽക്കില്ല എന്ന് അനുവിനറിയാം. തനിക്കു നാളെ രാവിലെ എഴുന്നേൽക്കേണ്ടതാണ് അമ്മു വരുന്നതുകൊണ്ട് ചെറിയ തയ്യാറെടുപ്പുകൾ നടത്തേണ്ടിയിരിക്കുന്നു. അവൾക്കായി ഒരു സമ്മാനം കരുതിവച്ചിട്ടുണ്ട്. അത് നൽകണം. കണ്ണുകൾ പതിയെ നിദ്രയെ മാടി വിളിച്ചു.

പെട്ടെന്ന് പുറത്ത് വാതിൽ മുട്ടുന്ന ശബ്ദം. ആദ്യം അവളൊന്നു ഞെട്ടി. കുഞ്ഞിമാളുചേച്ചി അപ്പോഴും എഴുന്നേറ്റിട്ടില്ല. നല്ല ആളെ ഏൽപ്പിച്ചിട്ടാ അച്ഛനും അമ്മയും പോയിരിക്കുന്നതെന്ന് പിറുപിറുത്തുകൊണ്ട് അവൾ വാതിലിനടുത്തേയ്ക്ക് നടന്നു. അവർ വരാൻ താമസിക്കുമെന്ന് പറഞ്ഞിട്ട് നേരത്തെ എത്തിയോ? അവൾ വാതിൽ തുറന്നു.

അനുവിന് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. കൺമുന്നിൽ അതാ നിൽക്കുന്നു അമ്മു. പഴയതിനേക്കാൾ തേജസ്സാർന്നമുഖം. പക്ഷേ, ആ മുഖത്ത് പുഞ്ചിരി ഒട്ടും തന്നെയില്ല. രണ്ടുവർഷം കൊണ്ട് അവൾ വല്ലാതെ മാറിയിരിക്കുന്നു. എന്നാൽ കണ്ണുകൾ ഇപ്പോഴും കുസൃതി മറയ്ക്കുന്നതു തന്നെ. കണ്ടമാത്രയിൽ ഒന്നും മിണ്ടാനാവാതെ വാതിൽപ്പടിയിൽ നിന്നുകൊണ്ട് അനു അമ്മുവിന്റെ പിന്നിലേയ്ക്കു നോക്കി. ഇല്ല, ആരും കൂടെയില്ല. തനിയെ ഇവൾ ഈ സമയത്ത് എങ്ങനെവന്നു. അമ്മുവിനെകണ്ട സന്തോഷത്തേക്കാൾ അനുവിന്റെ മനസ്സ് യാദൃച്ഛികമായി വന്ന കൂട്ടുകാരിയുടെ വരവ് വല്ലാതെ ഞെട്ടിച്ചു. അനു അവളെ അകത്തേക്കു ക്ഷണിച്ചു. ആ മുഖത്ത് രണ്ടു വർഷത്തിനു ശേഷം കൂട്ടുകാരിയെ കാണുന്ന ഭാവമാറ്റമോ സന്തോഷാധികൃതമോ പ്രകടമാകാത്തത് അനു ശ്രദ്ധിച്ചിരുന്നു. നാളെയേ വരൂ എന്നു പറഞ്ഞിട്ട് ഈ രാത്രിയിൽ ഒറ്റയ്ക്ക് നീ എങ്ങനെയാ വന്നത്? അനു തന്റെ മനസ്സിൽ ആദ്യം ഉയർന്നു വന്ന ചോദ്യം അമ്മുവിനോട് ചോദിച്ചു. പക്ഷേ മൗനം മാത്രമായിരുന്നു മറുപടി. ഇവൾക്കെന്താ പറ്റിയത്. പഴയ ചുറുചുറുക്കുള്ള അമ്മുവേ ആയിരുന്നില്ല അത്. എന്നാലും അവളുടെ അനുപമയെ അനു എന്നൊന്നു വിളിച്ചതുപോലുമില്ലല്ലോ. എവിടെ നിന്നോ ഇരമ്പി വന്ന ദുഃഖത്തിന്റെകനൽ അനു ഉള്ളിൽ ഒളിപ്പിക്കാൻ ശ്രമിച്ചു. തന്റെ കണ്ണ് നനയുന്നത് ഒട്ടും ഇഷ്ടപ്പെടാത്ത അമ്മുവിന്റെ മുൻപിൽ കണ്ണുനീർ പൊഴിയ്ക്കാൻ അവൾ തയ്യാറായിരുന്നില്ല.

പെട്ടെന്നാണ് അടുത്തമുറിയിൽ നിന്ന് ഫോൺ ബെൽകേട്ടത്. ഈ സമയത്ത് ആരു വിളിക്കാനാ സാധാരണ അങ്ങനെഈ ഫോണിൽ ആരും വിളിക്കാറില്ല. ഫോണെടുക്കാനായി അനു അടുത്ത മുറിയിലേയ്ക്ക് പോയി. അപ്പോഴും അമ്മു അവളെ നോക്കിയിരുന്നതല്ലാതെ ഒന്നു മിണ്ടാൻ ശ്രമിച്ചില്ല. അനു ഫോണെടുത്ത് ഹലോ എന്ന് പറയുന്നതിന് മുൻപ് തന്നെ മറുവശത്ത് നിന്ന് വല്ലാതെ ഇടറുന്ന ശബ്ദമാണുയർന്നത്. മോളേ......... അനൂ...... ഇത് ചെന്നൈയിൽ നിന്ന് അമ്മുവിന്റെ അച്ഛനാ ഞാനിത് നിന്നോടെങ്ങനെപറയും.... അദ്ദേഹം കരയുകയാണ്. അനു വല്ലാതെ ഭയപ്പെട്ടു. എന്തിനാണിദ്ദേഹം കരയുന്നത്. അമ്മു ഇവിടെ സുരക്ഷിതമായി എത്തിയ വിവരം അറിഞ്ഞു കാണില്ലേ? പിന്നീട് അമ്മുവിന്റെ അച്ഛൻ പറഞ്ഞ വാക്കുകൾ അനുവിന്റെ ഹൃദയത്തെ വലിയ പ്രഹരമാണ് ഏല്പിച്ചത്. ഇന്ന് വൈകിട്ടത്തെ കാറപകടത്തിൽ അത്യാഹിത നിലയിലായിരുന്ന അമ്മു ആശുപത്രയിൽ വച്ച് ഇപ്പോൾ മരിച്ചിരിക്കുന്നു. അനുവിന്റെ കൈയിൽ നിന്ന് റിസീവർ താഴെ വീണു. എന്തുചെയ്യണമെന്നറിയാതെ ഒരു നിമിഷം അവൾ അങ്ങനെതന്നെ നിന്നു. പെട്ടെന്ന് എവിടെ നിന്നോ ശക്തി സംഭരിച്ചുകൊണ്ട് അവൾ ഉമ്മറത്തേയ്ക്ക് ഓടി. ഇല്ല! അവിടെ ആരുമില്ല. വാതിൽ അടഞ്ഞു തന്നെ കിടക്കുന്നു. ആ മുറി ശാന്തതയിലമർന്ന് ശൂന്യമാണ്. അമ്മു അവിടെയില്ല. അപ്പോൾ താൻ കണ്ടത് സ്വപ്നമോ.... അതോ! കൂട്ടുകാരിയെ നഷ്ടമായി എന്ന സത്യം തിരിച്ചറിഞ്ഞേ മതിയാവൂ. ആത്മാവ് ശരീരത്തെ ഉപേക്ഷിച്ചിട്ടും എന്തിനായിരിക്കും അവസാനമായി അവൾ കാണാൻ വന്നത്. അവൾക്കെന്തോ പറയുവാനുണ്ടായിരുന്നു. ആ കണ്ണുകൾ അതിനെസൂചിപ്പിക്കുകയും ചെയ്തു. അത് കേൾക്കാൻ അനു തയ്യാറാണ്. പക്ഷേ പറയുവാൻ അവളില്ല.

പ്രതീക്ഷകൾ നഷ്ടപ്പെട്ട് ആഴിയിൽ മുങ്ങിപ്പോകുന്ന വള്ളത്തെപ്പോലെ ആകാശത്ത് പൂർണചന്ദ്രൻ മറഞ്ഞു തുടങ്ങി. ഒപ്പം സുഹൃത്തിനെനഷ്ടപ്പെട്ട് അനുവിന്റെ സൗഹൃദവും. അവൾ ഇനി ഒരിക്കലും തിരിച്ചു വരില്ല. ദൂരെ എവിടേക്കോ ഭൂമിയിലെ ബന്ധങ്ങളുപേക്ഷിച്ച് ഒരു കൂട്ടുതേടി അവൾ യാത്രയായി.

*അജയൻ തന്റെ കൈയ്യിലിരുന്ന പുസ്തകങ്ങൾ ആഹ്ലാദത്തോടെ വലിച്ചെറിഞ്ഞു. അയാൾ പ്രണയിക്കുക മാത്രമായിരുന്നില്ല പ്രണയിക്കപ്പെടുക കൂടി ആയിരുന്നു.*

**കഥ**

# അല്പസമയം



'പ്രണയം എന്താണ് എന്ന് എനിക്കറിയില്ല. അതിന്റെ വൈകാരികഭാവങ്ങൾ എനിക്ക് അന്യമാണ്. അതിന്റെ ഭാഷയും, സുഗന്ധവും അനുഭൂതിയും ഒരിക്കലും എന്റെ ജീവിതപാതയിൽ എനിക്ക് അഭിമുഖീകരിക്കേണ്ടി വന്നിട്ടുമില്ല. പ്രണയമെന്ന മനുഷ്യമനസ്സിലെ ഏറ്റവും പവിത്രവും സുന്ദരവുമായ കോണിലേക്ക് ഒരിക്കലും എന്റെ അനുഭവങ്ങൾ എന്നെ എത്തിച്ചിരുന്നുമില്ല. സുരഭിലവും മാസ്മരികവുമായ അനുഭൂതിയാണ് പ്രണയം എന്ന് വായിച്ചുമറന്ന നോവലുകളിൽ നിന്നും ഓർക്കുന്നു എന്നു മാത്രം.' ഡയലോഗ് പറയുമ്പോൾ മുഖത്ത് ഇത്തിരിക്കൂടി ഭാവം കൊണ്ടുവാൻ ജോസഫിനോട് പറഞ്ഞു മടുത്ത് അജയൻ അൽപസമയം വിശ്രമിക്കാമെന്ന് കരുതി പുറത്തേക്ക് നടന്നു.

കോളേജിന്റെ അൻപതാം വാർഷികാഘോഷത്തിന്റെ ഭാഗമായി മൂന്നാം വർഷ ബി.എ. മലയാളം വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന ഹ്രസ്വനാടത്തിന്റെ സംവിധായകനായിരുന്നു അജയചന്ദ്രൻ. കഥാപാത്രത്തിന്റെ ഭാവപ്പകർച്ചയ്ക്ക് ജോസഫിന് സഹായിക്കുവാൻ അജയൻ പലതരത്തിലും ശ്രമങ്ങൾ നടത്തി പരാജയപ്പെടുകയായിരുന്നു. ജോസഫിനെമാറ്റി മാറ്റൊരാളെ പരീക്ഷിക്കുവാൻ തന്റെ സുഹൃത്തുകൾ അജയനെനിർബന്ധിക്കുന്നുമുണ്ടായ ിരുന്നു. എന്നാൽ നാടകത്തിന്റെ അപ്രൂവൽ തരേണ്ട മാത്യൂസ് സാറ് മലയാളം ഡിപ്പാർട്ട്മെന്റ് തലവൻ മാത്രമല്ല, ജോസഫിന്റെ അപ്പച്ചൻ കൂടിയായതുകൊണ്ട് സഹപാഠികൂടിയായ അവനെമാറ്റി നിർത്തുന്നത് ബുദ്ധിമോശമാണ് എന്ന് അജയനറിയാമായിരുന്നു. മാത്യൂസാറിന് ജോസഫിന്റെ അഭിനയത്തോട് വലിയ മതിപ്പായിരുന്നു. എന്നകാര്യം ഏതൊരു കലാസ്നേഹിയെയും അത്ഭുതപ്പെടുത്തും.

കോറിഡോറിലെ കൈവരിയിൽ ചാരി പുറത്തേക്ക് നോക്കിനിന്നപ്പോൾ അരനൂറ്റാണ്ടിലേറേയായി നിരവധി പ്രണയസാഫല്യങ്ങൾക്ക് തണലായി പൂത്തുലഞ്ഞു നിൽക്കുന്ന ഇലഞ്ഞിമരം തന്റെ നാടകത്തിന്റെ കഥാഗതിയിലെ ചില സന്ദർഭങ്ങൾക്ക് രൂപംകൊടുക്കുവാൻ പ്രചോദനമായതിനെക്കുറിച്ച് അജയൻ ഓർക്കുകയുണ്ടായി. ഒരിക്കൽ അത്തരമൊരു സന്ദർഭമായിരുന്നു അജയനെഈ കഥ എഴുതുവാൻ പ്രേരിപ്പിച്ചതും അണയാനൊരുങ്ങുന്ന സൂര്യന്റെ രക്തകിരണങ്ങളും പൂത്തുലഞ്ഞു നിൽക്കുന്ന ഇലഞ്ഞിയും ഏകാന്തമായ നടപ്പാതയും ഏതൊരു കഥാകാരന്റെ മനസ്സിലും പ്രണയത്തിന്റേയും വിരഹത്തിന്റേതുമായ ധ്വനിതലങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. അന്ന് ആ



**ആകാശ് ബി അശോക്**
ഒന്നാംവർഷം
ഇംഗ്ലീഷ്.

വൈകുന്നേരം അയാൾക്ക് ഒരിക്കലും മറക്കുവാൻ കഴിയില്ല. ജീവിതങ്ങളുടെ, മനസ്സിന്റെ വിദൂര ചിന്താതലങ്ങളുടെ കലാസന്ദർഭങ്ങളുടെ ഒരു വിപ്ലവമാണ് അജയന്റെ ഭാവനയിൽ അന്ന് ഉരുത്തിരിഞ്ഞത്.

സമകാലിക ചിന്താഗതിക്കാരായ യുവാക്കൾക്കിടയിൽ ഒരു കഥ അവതരിപ്പിക്കുമ്പോൾ അത് ഒട്ടും വിരസതയുളവാക്കരുത് എന്ന ഒരു ആഗ്രഹം മാത്രമാണ് അജയനുണ്ടായിരുന്നത്. അങ്ങനെഅജയൻ തന്റെ കഥ സുഹൃത്തുക്കളോട് പറയുമ്പോൾ എല്ലാവരുടേയും മനസ്സിൽ ഒരു സംശയം മാത്രമാണ് ഉണ്ടായത്. അനുയോജ്യയായ ഒരു നായികയെ എങ്ങനെകണ്ടെത്തുമെന്നത്. സങ്കീർണ്ണമായ ഭാവവ്യത്യാസങ്ങൾ സംയോജിതമായി അവതരിപ്പിക്കുവാൻ കഴിവുള്ള ഒരു യുവതിയെ അന്വേഷിച്ച് കണ്ടെത്തുകയെന്നത്. ഒരു ഭാരമേറിയ ജോലി തന്നെയായിരുന്നു. കഴിവിനുപുറമേ കഥാസന്ദർഭങ്ങൾ അവകാശപ്പെടുന്ന ആകാരവടിവും സൗന്ദര്യവും ഒത്തുചേർന്ന ഒരു പെൺകുട്ടിയെ കണ്ടെത്തുവാൻ വളരെ പ്രയാസപ്പെട്ടു, അജയനും കൂട്ടുകാരും.

കോളേജിൽ നിലനിന്നിരുന്ന പതിവുശൈലികളെ മാറ്റിനിർത്തി ഒരു പുതിയ ഫോർമുല പരീക്ഷിക്കുകയായിരുന്നു അജയന്റെ ലക്ഷ്യം. അതിനാൽ തന്നെ നടന്മാർ അല്ലെങ്കിൽ നടിമാർ എന്ന പരിവേഷമുള്ളവരെ പരമാവധി ഒഴിവാക്കി തികച്ചും പുതുമുഖങ്ങൾക്ക് പ്രാതിനിധ്യം ഉറപ്പാക്കുവാൻ അയാൾ തീരുമാനിച്ചു. തന്റെ ആ തീരുമാനം സുഹൃത്തുക്കൾ ശരിവയ്ക്കുക കൂടി ചെയ്തപ്പോൾ അജയന്റെ ആത്മവിശ്വാസം വർദ്ധിച്ചു.

നാടകത്തിൽ അഭിനയിക്കുക എന്ന ആവശ്യവുമായി അനേകം പെൺകുട്ടികളെ സമീപിച്ചെങ്കിലും ആരും താല്പര്യം പ്രകടിപ്പിച്ചില്ല. ഭയവും സങ്കോചവുമായിരുന്നു പ്രധാനമായും പലരിലും കാണുവാൻ കഴിഞ്ഞത്. ഒടുവിൽ മനോജിന്റെ അഭിപ്രായപ്രകാരമായിരുന്നു മൂന്നാം വർഷ ഇംഗ്ലീഷ് ബിരുദ വിദ്യാർത്ഥിനിയായ ശാലിനിയെ സമീപിച്ചത്. നാടകത്തിൽ സഹസംവിധായകൻ എന്ന ചുമതല ഏറ്റെടുത്തതു മുതൽ മനോജിന്റെ മനസ്സിൽ ക്യാമ്പസ്സിലെ പെൺകുട്ടികളുടെ മുന്നിൽ ഒരു കലാഹൃദയത്തിനുടമ എന്ന് വിളിച്ചു പറയുക വഴി ആളാകുക എന്ന ലക്ഷ്യമാണുണ്ടായിരുന്നത്. ശാലിനിയെ സമീപിച്ചപ്പോൾ തന്റെ കൂടെയുണ്ടായിരുന്ന മനോജിനെകണ്ട് അവളുടെ പ്രതികരണശേഷിയുടെ മൂർച്ച തിരിച്ചറിഞ്ഞപ്പോൾ മാത്രമാണ് മനോജ് അവളുടെ പുറകേ കുറേക്കാലമായി പ്രേമാഭ്യർത്ഥനയുമായി നടന്നിരുന്ന വിവരം അജയന് ബോധ്യമായത്. അങ്ങനെശാലിനിയെ നായികയാക്കാം എന്ന മോഹവും പൊലിഞ്ഞു.

പ്രണയമായിരുന്നു നാടകത്തിന്റെ അടിസ്ഥാനവിഷയം ഒരു സാധാരണ മനുഷ്യനിൽ പ്രണയമെന്ന അനുഭവത്തിന്റെ തുടിപ്പ് തുടങ്ങുന്നതും അതിന്റെ സങ്കീർണഭാവങ്ങളുമായിരുന്നു. നാടകത്തിന്റെ ഉള്ളടക്കം. പ്രണയിക്കുകയല്ല പ്രണയിക്കപ്പെടുകയാണ് ഏറ്റവും വലിയ പ്രണയമെന്ന് പ്രേക്ഷകരിലേക്ക് എത്തിക്കുകയായിരുന്നു കഥാകൃത്തും സംവിധായകനുമായ അജയന്റെ ലക്ഷ്യം. അതിനാൽ തന്നെ നായികവേഷത്തിന് വളരെ അധികം പ്രാധാന്യം നൽകിയായിരുന്നു കഥ ചിട്ടപ്പെടുത്തിയതും. എന്നാൽ ഒരു നായികയെ കണ്ടെത്തുക എന്ന ഉദ്യമത്തിൽ അജയനും സുഹൃത്തുക്കളും പരാജയപ്പെടുകയായിരുന്നു അതുവരെ.

രണ്ടാവർഷ മലയാളം ബിരുദവിദ്യാർത്ഥിനിയായ സുരഭിയെ അജയൻ ഒടുവിലത്തെ ശ്രമം എന്ന നിലയിൽ സമീപിക്കുകയുണ്ടായി. സൗന്ദര്യം എന്ന വാക്കിന്റെ അർത്ഥം പൂർണ്ണതയിലെത്തുന്നത് അവളിലാണ് എന്ന പറയുവാൻ കഴിയില്ലെങ്കിലും ഒരു സാധാരണക്കാരിയായ, കുലീനയായ, യുവതിയെ സുരഭിയിൽ കാണുവാൻ കഴിയുമായിരുന്നു. അഭിയനത്തിന്റെ കാര്യത്തിലും സുരഭി വളരെ മെച്ചപ്പെട്ട പ്രകടനം കാഴ്ച വെച്ചതിനാൽ സുരഭിയെ നാടകത്തിലേക്ക് നായികാവേഷമണിയിക്കുവാൻ അജയൻ തീരുമാനിച്ചു. സുരഭി അജയന്റെ തീരുമാനത്തിന് പൂർണ്ണ പിൻതുണയും പ്രഖ്യാപിച്ചു.

ജോസഫിന്റെ അഭിനയം മെച്ചപ്പെടുത്തി, അവന്റെ ഉള്ളിലെ അഭിനേതാവിനെഉണർത്തിക്കൊണ്ടു വരിക എന്ന വളരെ പ്രയാസപ്പെട്ട ഒരു ജോലിതന്നെയായിരുന്നു. അതിനുവേണ്ടി അജയൻ പല അടവുകളും പരീക്ഷിച്ചു നോക്കുകയുണ്ടായി. ഒടുവിൽ അയാൾ ഒരു വഴികണ്ടെത്തി. ജോസഫിന് മറ്റു കഥാപാത്രങ്ങളെ കാണുമ്പോഴാണ് താളം തെറ്റുന്നത് എന്ന് അയാൾക്ക് അറിയാമായിരുന്നു. അതിനാൽ അവനുമാത്രമായി ഒരു മുറി ഒരുക്കി ഒറ്റയ്ക്ക് പരിശീലനമാരംഭിച്ചു. എല്ലാ സീനുകളും മനസ്സിലാക്കിയതിനുശേഷം, ഓരോ സഹനടീനടൻമാരെയും ഉൾപ്പെടുത്തി ജോസഫിന്റെ ഉള്ളിലെ ഭയം അജയൻ മാറ്റിയെടുക്കുകയായിരുന്നു. ഭയം

മാറിയതോടുകൂടി ജോസഫിന്റെ അഭിനയത്തിന് തന്മയത്വം ലഭിച്ചുതടങ്ങി. നിർവികാരനായ ഒരു കഥാപാത്രത്തിന്റെ മനസ്സിൽ പ്രണയമെന്ന അനുഭൂതി ഉണർത്തിക്കൊണ്ടുവരുന്ന സന്ദർഭങ്ങൾ നാടകത്തിൽ ഉടനീളം ജോസഫ് ഗംഭീരമായി അഭിനയിച്ചു തുടങ്ങി. സുരഭിയും മറ്റും അഭിനേതാക്കളും അയാളെ വളരെയധികം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അഭിനയിക്കാനുള്ള ഉൾപ്രേരണ ജോസഫിന്റെ മനസ്സിൽ ഉണ്ടായിരുന്നു എന്നതാണ് അയാളെ പ്രതിസന്ധിഘട്ടങ്ങൾ പിന്നീടുവാൻ സഹായിച്ചത്.

മനസ്സിൽ ധൈര്യം മുഴുവൻ സംഭരിച്ച് മുന്നിലെത്തി 'I Love You 'എന്ന് പറയണം എന്ന് പലപ്പോഴും കരുതിയതാണ്. എന്നാൽ ഈ മുഖം കാണുമ്പോൾ മനസ്സിൽ സ്വരൂപിച്ച വാക്കുകളുടെ എണ്ണം കുറഞ്ഞുപോയതായി തോന്നും. വെറും മൂന്നുവാക്കിൽ മനസ്സിലെ വികാരം തുറന്നുകാട്ടുവാൻ കഴിയാത്തതു തന്നെയായിരുന്നു എന്റെ വിഷമം. മനസ്സിൽ ആദ്യമായി തോന്നിയ പുതിയ ഒരനുഭവം, അത് പ്രണയം തന്നെയാണോ എന്ന് സംശയമായിരുന്നു എന്റെ മനസ്സിൽ തന്നെ ആദ്യമായി കണ്ടദിവസം എനിക്ക് മറക്കാൻ കഴിയില്ല. നമ്മൾ പിന്നെ പിരിയാൻ പറ്റാത്തവിധം കൂട്ടുകാരായി. ആൺകുട്ടികൾ മാത്രം കൂട്ടുകാരായുണ്ടായിരുന്ന എന്റെ ജീവിതത്തിലേക്ക് ഒരു പെൺകുട്ടി ആദ്യമായി കടന്നുവന്നു. മനസ്സിന്റെ ഉള്ളിൽ, വിരിഞ്ഞ് പരിമളം പടർത്തിനിൽക്കുന്ന നിശാഗന്ധി പുഷ്പത്തിന്റെ പോലെ സുന്ദരമായ അനുഭൂതിയായിരുന്നു, പലപ്പോഴും നീ എന്റെ അരികിൽ വന്നപ്പോഴൊക്കയും അതിന് സൗഹൃദത്തിന് ഉപരിയായ അർത്ഥമുണ്ടായിരുന്നു, പ്രണയമാണോ എന്ന് എനിക്ക് അറിയില്ല. ഒരുപക്ഷേ പ്രണയമെന്ന വികാരം ഒരിക്കലും വിശദീകരിക്കുവാൻ കഴിയുന്നതല്ല എന്നതാവാം എന്നെ പിറകിൽ നിന്നും പിടിച്ചു നിർത്തിയത്. നാടകത്തിന്റെ ഒരു പ്രധാനരംഗം, ഇത് എഴുതുമ്പോൾ അജയന്റെ മനസ്സിൽ കുറെ അധികം ചോദ്യങ്ങളും അതിനുള്ള ഉത്തരങ്ങളുമുണ്ടായി രുന്നു. പ്രണയമെന്നു തിരിച്ചറിയാതെ പ്രണയിക്കുമ്പോൾ അതിനൊരു പ്രത്യേക മധുരമുണ്ടെന്ന് അയാൾ തന്റെ നാടകത്തിലൂടെ പറയുവാൻ ശ്രമിക്കുകയായിരുന്നു.

കോളേജിലെ ഇലക്ഷൻ സമയത്ത് കണ്ടുമുട്ടുന്ന രണ്ടുപേർ നായകൻ തനിക്കുവേണ്ടി വോട്ട് അഭ്യർത്ഥിച്ചുകൊണ്ട് നായികയെ സമീപിക്കുന്നു. ആ പെൺകുട്ടി അയാൾക്ക് തീർച്ചയായും തന്റെ വോട്ട് നൽകാം എന്ന് വാഗ്ദാനം ചെയ്യുന്നു. കൂട്ടുകാരികളോടൊപ്പം നിന്നിരുന്ന അവൾ താൻ വരാന്തയിലൂടെ നടന്നു നീങ്ങിയപ്പോൾ തന്നെ തന്നെ നോക്കുന്നുണ്ടായിരുന്നു. മറ്റു വിദ്യാർത്ഥികൾ വാഗ്ദാനം ചെയ്തതിനേക്കാൾ ദൃഢതയുണ്ടായിരുന്നു അവളുടെ വാക്കുകൾക്ക് എന്ന് അയാൾക്ക് തോന്നി. ഇലക്ഷൻ പ്രഖ്യാപിച്ചതിനുശേഷം, കോളേജ് ഗേറ്റിനുമുന്നിൽ ചാരിവച്ചിരുന്ന ഫ്ളക്സ് ബോർഡിൽ എതിർസ്ഥാനാർത്ഥിയുടെ ഫോട്ടോ കണ്ടപ്പോൾ അയാൾ ഒന്നമ്പരുന്നു. അത് അവളുടേതായിരുന്നു. പിന്നീട് അവർ പലതവണ കണ്ടുമുട്ടി. എതിർ സ്ഥാനാർത്ഥികളായിരുന്നു വെങ്കിലും ഒരു മത്സരത്തിന്റെ തീക്ഷ്ണത അവർക്കിടയിൽ രൂപപ്പെടുകയുണ്ടായില്ല. പലപ്പോഴും അവളുടെ ക്ലാസിൽ വോട്ടഭ്യർത്ഥനയുമായിചെന്ന് പ്രസംഗിക്കുമ്പോൾ അയാളുടെ മുഖത്തു നിന്നും അവൾ കണ്ണെടുക്കാതെ നോക്കിയിരിക്കുന്നുണ്ടായിരുന്നു. ഇലക്ഷനുശേഷം അവർ രണ്ടുപേരും വീണ്ടും കണ്ടുമുട്ടി അയാൾ പറഞ്ഞു. ഒരുപക്ഷേ തനിക്ക്, ഞാനിനി പറയുന്നതുകേട്ട് അതിശയം തോന്നിയേക്കാം. ഈ സത്യം എന്റെ കൂട്ടുകാരറിഞ്ഞാൽ അവർ എന്റെ കഥകഴിക്കും, ഇന്നലെ ഞാൻ വോട്ടുചെയ്തത് തനിക്കുവേണ്ടിയായിരുന്നു. എനിക്കല്ല പെൺകുട്ടി പറഞ്ഞു. തനിക്ക് അങ്ങനെഒരു വോട്ട് നഷ്ടപ്പെട്ടുവെന്നു കരുതി പേടിക്കേണ്ട എന്റേത് തനിക്കായിരുന്നു.

കർട്ടൻ വീണപ്പോൾ കോളേജ് ആഡിറ്റോറിയത്തിൽ നിറഞ്ഞിരുന്നു കാണികൾ ഒരേ മനസ്സോടെ കൈയ്യടിച്ചു. അജയൻ അങ്ങനെതന്റെ പ്രണയത്തിനുവേണ്ടി ഒരു നാടകം പൂർത്തീകരിച്ചു കഴിഞ്ഞിരിക്കുന്നു. നാടകത്തിനൊടുവിൽ ഗ്രീൻറൂമിൽ അഭിനന്ദനപ്രവാഹത്തിനിടയിൽ അജയന്റെ കയ്യിലിരുന്ന ചില പുസ്തകങ്ങൾ കാണാതായി പലയിടത്തും അന്വേഷിച്ചുവെങ്കിലും അയാൾക്കത് കണ്ടെത്തുവാൻ കഴിഞ്ഞില്ല. നഷ്ടപ്പെട്ടതിന്റെ കൂട്ടത്തിൽ അജയന്റെ പേഴ്സണൽ ഡയറിയുമുണ്ടായിരുന്നു.

**ആഗസ്റ്റ് 21, 2010 :** ഇന്ന് എന്റെ ജീവിതത്തിലെ ഏറ്റവും മറക്കാനാകാത്ത ദിവസമാണ്. കോളേജിന്റെ രണ്ടാംനിലയിൽ വരാന്തയിൽ കൈവരിയിൽചാരി പുറത്തേയ്ക്ക് നോക്കി നിൽക്കുമ്പോൾ അവളെ ഞാൻ കണ്ടു. വൈകുന്നേരം അസ്തമയസൂര്യന്റെ സ്വർണ്ണകിരണങ്ങളിൽ കുളിച്ച് അവൾ നടന്നുനീങ്ങുന്നത്.

**ആഗസ്റ്റ് 24, 2010 :** തിങ്കളാഴ്ച ആവാൻ കാത്തിരുന്നതായിരുന്നു. അവളാരാണെന്ന് കണ്ടത്താൻ രണ്ടാംവർഷ ബി.എ. മലയാളത്തിനു പഠിക്കുന്ന അവളുടെ പേര് സുരഭി എന്നാണ്. സൗന്ദര്യം

കാഴ്ചക്കാരന്റെ കണ്ണുകളിലാണ് എന്നു പറയുന്നത് ശരിയാണെങ്കിൽ അവളാണ് എന്റെ ജീവിതത്തിൽ, ഞാൻ കണ്ടതിൽ വച്ച് ഒരുപക്ഷേ കാണാനിരിക്കുന്നതിൽ വച്ച് ഏറ്റവും സുന്ദരിയായ പെൺകുട്ടി.

**ആഗസ്റ്റ് 26, 2010** : ഇന്നവൾ കൂട്ടുകാരികളോടൊപ്പം ഭക്ഷണം കഴിക്കുന്നതും ചിരിക്കുന്നതും ഞാൻ കണ്ടു.

**ആഗസ്റ്റ് 31, 2010** : അവൾ ഇന്ന് ഇലഞ്ഞിയുടെ തണലിൽ ഒറ്റയ്ക്കിരുന്ന് ഏതോ പുസ്തകം വായിക്കുന്നത് ശ്രദ്ധയിൽപെട്ടു. വായിച്ചു കൊണ്ടിരിക്കവെ അവളുടെ മുഖത്തിന്റെ ഒരു വശത്തേക്ക് മുടി അഴിഞ്ഞു വീണ് കിടക്കുകയായിരുന്നു. അതിനാൽ മുഖം വ്യക്തമായില്ല.

**സെപ്റ്റംബർ 3, 2010** : ഇന്ന് മാത്യൂസ് സാറ് കോളേജിന്റെ ഗോൾഡൻ ജ്യൂബിലിയ്ക്ക് അവതരിപ്പിക്കാൻ വേണ്ടിയൊരു നാടകം തയ്യാറാക്കുന്നതിനെകുറച്ച് സൂചിപ്പിക്കുകയുണ്ടായി. ഒടുവിൽ ദൈവം ഒരു അവസരം മുന്നിൽ കൊണ്ടുവന്നിരിക്കുന്നു.

**സെപ്റ്റംബർ 9, 2010** : നാടകത്തിന്റെ കഥ ഏകദേശം പൂർത്തിയായി. ഇനി അവളെ എങ്ങനെനാടകത്തിലേക്ക് അഭിനയിക്കുവാൻ ക്ഷണിക്കും?

**സെപ്റ്റംബർ 11, 2010** : ഒരു നിമിഷം ഞാൻ പേടിച്ചുപോയി, മനോജിന്റെ ഓരോ ആഗ്രഹങ്ങളെ.... അങ്ങനെശാലിനിയെ ഒഴിവാക്കി കിട്ടി. അവന് എന്റെ ഒരായിരം നന്ദി.

**സെപ്റ്റംബർ 14, 2010** : ദൈവമേ എന്റെ പ്രാർത്ഥനകേട്ടു.. അവൾ അഭിനയിക്കാമെന്ന് സമ്മതിച്ചു എന്നും അവളെ ഇനി കാണാമല്ലോ....

ജോസഫിന്റെ കാര്യം മാത്യൂസ് സാറ് ഇന്നും സൂചിപ്പിച്ചു. അവനെഉൾപ്പെടുത്താതെ കഴിയില്ല. നാടകം ഒരിക്കലും മുടങ്ങാൻ സമ്മതിച്ചു കൂടാ......

**സെപ്റ്റംബർ 18, 2010** : റിഹേഴ്സൽ ക്യാമ്പ് തുടങ്ങി ഇന്ന് മൂന്നാം ദിവസം. ജോസഫിന്റെ അഭിനയം ശരിയാകുന്ന ലക്ഷണമില്ല. സുരഭി, അവൾ എന്നെ വീണ്ടും അത്ഭുതപ്പെടുത്തുന്നു. അഭിനയിക്കുമ്പോൾ അവളുടെ മുഖത്ത് ഒരു പ്രത്യേക സൗന്ദര്യമാണ്.

**സെപ്റ്റംബർ 21, 2010** : ജോസഫിന്റെ അഭിനയം ശരിയാക്കുവാൻ വേണ്ടി ഒരുവഴി കിട്ടി. മറ്റുള്ളവരും എന്നെ അക്കാര്യത്തിൽ സഹായിക്കുന്നുണ്ട്.

**സെപ്റ്റംബർ 24, 2010** : അവൾക്കറിയില്ലല്ലോ അവളോടുള്ള എന്റെ മനസ്സിലുള്ള സ്നേഹമാണ് എന്റെ വാക്കുകളിലൂടെ നാടകത്തിലെ, കഥാപാത്രങ്ങളിലൂടെ ഞാൻ പറയുന്നതെന്ന്. ശരിക്കും ഒരു നിശാഗന്ധിതന്നെയാണ് അവൾ ഇഷ്ടമാണ് എന്ന് പറയാൻ തുടങ്ങുമ്പോഴൊക്കെ മനസ്സിലെ ധൈര്യം മുഴുവൻ ചോർന്നു പോകുന്നതുപോലെ....

**സെപ്റ്റംബർ 29, 2010** : ഇന്ന് ക്യാമ്പ് തീർന്നു. നാളെ നാടകത്തിനുശേഷം അവളോട് എല്ലാം തുറന്നുപറയണം. പ്രോഗ്രാമിനുശേഷം അവളെ ഒന്നുകാണുവാൻ ശ്രമിക്കണം. എന്റെ പേടി അതല്ല. ഇനി എന്നെ ഇഷ്ടമല്ലെന്നു പറഞ്ഞാലോ.... എന്നാൽ ഞാൻ തകർന്നു പോകും. എന്തായാലും നാളെ തന്നെ പറയണം വരുന്നടുത്തുവച്ച് കാണാം. ദൈവമേ....

റീഡിങ്ങ് ലൈറ്റ് ഓഫാക്കി ഡയറി മടക്കി വെച്ച് സുരഭി കിടന്നു. അവൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. നാടകം അവസാനിച്ചതിനുശേഷം അവിചാരിതമായാണ് അജയന്റെ ബുക്കുകളും ഡയറിയും അവളുടെ കൈയ്യിൽ കിട്ടിയത്. പിന്നീട് കൊടുക്കാം എന്നുകരുതി സൂക്ഷിച്ചുവയ്ക്കുകയായിരുന്നു. ഡയറി വായിച്ചു കഴിഞ്ഞതിനുശേഷം സുരഭിക്ക് സ്ഥലകാലബോധമില്ലാത്ത ഒരവസ്ഥയായിരുന്നു.

പിറ്റേന്ന് അജയനെനേരിട്ടുകണ്ടപ്പോൾ അവൾ ഡയറിയും പുസ്തകങ്ങളും അയാളെ തിരികെ ഏൽപ്പിച്ചു. അജയന്റെ മുഖത്ത് അമ്പരപ്പിന്റേയും ആകാംക്ഷയുടേയും തുടിപ്പ് കാണാമായിരുന്നു. തലേന്ന് നാടകം കഴിഞ്ഞ് സുരഭിയെ കാണാൻ കഴിഞ്ഞില്ല. പറയണമെന്നു കരുതിയത് അതിനാൽ അയാൾക്ക് പറയാനും കഴിഞ്ഞില്ല.

അവൾ അജയനോട് പറഞ്ഞു: ഡയറി ഞാൻ വായിച്ചു. മറ്റൊരാളുടെ പേഴ്സണൽ ഡയറി വായിക്കുന്നത് തെറ്റാണെന്ന് അറിയാമായിരുന്നിട്ടും. അജയന്റെ മനസ്സിൽ ഭയവും ജാള്യവും അണപൊട്ടി. അവൾ തുടർന്നു ഇഷ്ടമല്ലെന്നു പറഞ്ഞാൽ തകർന്നു പോകുമെന്ന് എഴുതിയിരുന്നുവല്ലോ, എന്നാൽ താൻ തകരേണ്ട ആവശ്യമൊന്നുമില്ലെന്നവൾ പറഞ്ഞു.അജയൻ തന്റെ കൈയ്യിലിരുന്ന പുസ്തകങ്ങൾ ആഹ്ലാദത്തോടെവലിച്ചെറിഞ്ഞു. അയാൾ പ്രണയിക്കുക മാത്രമായിരുന്നില്ല പ്രണയിക്കപ്പെടുക കൂടി ആയിരുന്നു.

**ശുഭം**

# ഒരിക്കൽ കൂടി..


**ആർഷാജോൺ**
രണ്ടാംവർഷം എം.എസ്സ്.സി
ബയോകെമിസ്ട്രി





**ബ**സിന് സമയം ആകുന്നതേയുള്ളൂ. ഇന്ന് കുറച്ചു നേരത്തേയിറങ്ങിയോ? എന്തായാലും പതിവുപോലെ ബസ്സ്സ്റ്റോപ്പിലിരുന്നു. ഇവിടെ അവൾക്ക് കുറച്ചു കൂട്ടുകാരുണ്ട്. കുഴിയാനകൾ മുൻജന്മബന്ധമാണോ എന്നറിയില്ല അവൾ എത്തുമ്പോഴേക്ക് ആ കുഴിയാനകൾ പുറത്തേക്ക് വന്നു വീണ്ടും കുഴികൾക്കിടയിലേക്ക് പോയി മണ്ണ് കുത്തിയിളക്കി അവളെ രസിപ്പിക്കാറുണ്ട്. അതും നോക്കി അവളങ്ങനെയിരിക്കും. പിന്നെ പലതരം ചിന്തകളുടെ ആഗോളസമ്മേളനമാകും അവളുടെയുള്ളിൽ. പെട്ടെന്നാണ് കാതടപ്പിക്കുന്ന ശബ്ദത്തിൽ ഒരു വാഹനത്തിന്റെ ഹോൺ. ഞെട്ടിപ്പോയി. ഹിതാരപ്പാ എന്ന് അവളൊന്നു നോക്കി. ഒരു കാർ, സൺഫിലിം ഒട്ടിച്ചിരുന്നതുകൊണ്ട് അകത്ത് ആരാണെന്ന് അറിയാൻ കഴിഞ്ഞില്ല. നിയമങ്ങൾ : കൊണ്ടുവന്നിട്ടെന്താ കാര്യം അതൊക്കെ നടപ്പിലാക്കാൻ കഴിഞ്ഞില്ലേൽ അതുകൊണ്ടെന്താ പ്രയോജനം. സൺഫിലിം നീക്കം ചെയ്യണമെന്ന് ഹൈക്കോടതി പറഞ്ഞിട്ട് മാസങ്ങളായി എന്നിട്ടും .... അവളുടെ ചിന്തകൾ വീണ്ടും കാടുകയറാൻ തുടങ്ങി.

'ശ്രീ'.......... പുരുഷശബ്ദം! ഞെട്ടിത്തെറിച്ചു നോക്കിയപ്പോൾ മുന്നിൽ ഒരാൾ ശരിക്കും പറഞ്ഞാൽ ഒരു ചെറുപ്പക്കാരൻ. 'ശ്രീയെല്ലേ?' വീണ്ടും അതേ ശബ്ദം. തന്റെ ചിന്തകൾക്ക് ഭംഗം വരുത്തിയ ആ ചോദ്യത്തിനുള്ള അവളുടെ ഉത്തരവും മറ്റൊരു ചോദ്യമായിരുന്നു. 'താനാരാ?' ചോദ്യത്തിലെ നീരസം മനസ്സിലാക്കിയിട്ടാവണം അയാളുടെ മുഖത്തേ ആ പുഞ്ചിരി പെട്ടെന്ന് മാഞ്ഞു പകരം ,ഒരു വിഷാദഭാവം. 'അല്ല എന്നെ' .......... അത്രയും പറഞ്ഞ് അയൾ നിർത്തി. 'ഇപ്പോ വരാം' എന്ന് പറഞ്ഞ് അയാൾ ആ കാറിനു നേരെ നടന്നു. അപ്പോൾ അവളുടെ മനസ്സ് തിരയുകയായിരുന്നു. ശ്രീലക്ഷ്മി എന്ന തന്നെ ശ്രീ എന്നു വിളിക്കാൻ മാത്രം.

എല്ലാവരും ഇപ്പോൾ തന്നെ ലച്ചു എന്നാണ് വിളിക്കുന്നത്. ആ കണ്ണുകൾ ...., ഇല്ല അത് തനിക്ക് തിരിച്ചറിയാൻ കഴിയുന്നില്ല. പക്ഷേ ആ പുഞ്ചിരി അതെന്നോ എവിടെയോ കണ്ടു മറന്നതു പോലെ ..... അയാൾ വീണ്ടും മുന്നിലെത്തി. കയ്യിലൊരു ഡയറിയും, ഇത്..... ഇതൊന്നു നോക്കാമോ?. ഡയറിയുടെ താള് ഒന്നേ മറിച്ചുള്ളു. ഒരു മയിൽപ്പീലിത്തുണ്ട്. ഒന്നേ നോക്കിയുള്ളു. അവളുടെ മനസ്സ് ഞൊടിയിൽ പല വർഷങ്ങൾ പിന്നിലേക്ക് പാഞ്ഞു.

താനും തന്റെ കണ്ണനും കണ്ണാരംപൊത്തിക്കളിച്ച ആ പഴയ മാവിൻചുവട്. നടുമുറ്റമുള്ള പ്രൗഢഗംഭീരമായ തറവാട്. കൊമ്പൻ മീശ ചുരുട്ടി തന്നെ എപ്പോഴും പേടിപ്പിക്കുന്ന കണ്ണന്റെ അച്ഛൻ. സ്നേഹം തുളുമ്പുന്ന മിഴികളോടെ വാത്സല്യത്തോടെ തന്റെ മുടി പിന്നിതരുന്ന കണ്ണന്റെ അമ്മ. മുത്തച്ഛൻ, അങ്ങനെപലരേയും. സംഹാരതാണ്ഡവമാടിയപ്പോൾ ആർത്തിപൂണ്ട് കടലമ്മ പിടിച്ചെടുത്ത തന്റെ അച്ഛൻ അമ്മ, ചേട്ടൻ. എന്തിനാ എന്റെ ഉറ്റവരെ കൊണ്ടുപോയതെന്ന് ഹൃദയം പൊട്ടി ചോദിക്കുമ്പോൾ എന്താ എന്നെയും കൊണ്ടു പോവാഞ്ഞേ എന്ന് അലറിക്കരയുമ്പോൾ തന്നെ ചേർത്തുപിടിച്ച് സാരമില്ല്യ നിനക്ക് ഞാനില്ലേ എന്ന് ചോദിച്ച തന്റെ കണ്ണൻ. തന്റെ അമ്മയുടെ അനുജത്തിയുടെ മകൻ, തന്റെ കളികൂട്ടുകാരൻ അതിലുമപ്പുറം തന്റെ എല്ലാമായിരുന്നു കണ്ണൻ. ആരുമില്ലാത്ത അവൾക്ക് എല്ലാവരുമുണ്ടെന്ന് തിരിച്ചറിവു കൊടുത്തത് കണ്ണനായിരുന്നു. ആ സ്നേഹത്തണലിൽ അവൾ എല്ലാം മറന്നുതുടങ്ങിയിരുന്നു.

അപ്പോഴാണ് വീണ്ടുമൊരു വാർത്ത അവളെ തേടിയെത്തിയത്. ഒരു ദുരന്തവാർത്ത. കണ്ണന്റെ കൊച്ചച്ഛന് അമേരിയിൽ ജോലിയായി. അവർ സകുടുംബം അങ്ങോട്ടേയ്ക്ക് പോകുന്നു. എന്തുചെയ്യണമെന്നറിയാതെ അവൾ നിന്നു. അവളെയും കൂട്ടി കൊണ്ടുപോകാം എന്ന് കണ്ണൻ അവന്റെയച്ഛനോട് കേണു പറഞ്ഞു. പക്ഷേ അയാൾ കേട്ടില്ല. പോകുന്നതിനു മുൻപ് യാത്ര ചോദിക്കാൻ അവസാനമായി അവൻ അവളുടെയടുത്ത് വന്നു. 'നന്ദിയുണ്ട് എല്ലാത്തിനും' ഒരു സ്നേഹാപോഹാരമായി അവൾ ഒരു മയിൽപ്പീലിതണ്ട് അവനു കൊടുത്തു. അനാഥയ്ക്കു തണലേകിയതിനുള്ള ഉപകാരസ്മരണ. നിറഞ്ഞ കണ്ണുകൾ കാഴ്ച മറച്ചപ്പോൾ കൈവീശിയതു മാത്രമേ അവൾക്ക് ഓർമ്മയുള്ളു. കുറെ മാസക്കാലം അവൾ കരഞ്ഞു. പിന്നീട് വിധി അവളെ ഒറ്റയ്ക്ക് ജീവിക്കാൻ പഠിപ്പിച്ചു. നാട്ടുകാരുടെ ലച്ചുവായി അവൾ മാറി.

കണ്ണൻ ............. കണ്ണൻ അവളുടെ കണ്ണുകൾ വീണ്ടും നിറഞ്ഞ് അവനെമറച്ചു. വല്ലാത്തൊരവസ്ഥയിലായിരുന്നു. വീണ്ടും താൻ സനാഥ ആയതുപോലെ. ഇപ്പോൾ? ജോലിയായി. അമേരിക്കയിൽ തന്നെയാണ് എന്ന് അവൻ പറഞ്ഞു. അവൾക്ക് എന്തെന്നില്ലാത്ത സന്തോഷം തോന്നി. തനിക്ക് തന്റെ കണ്ണനെതിരിച്ചുകിട്ടി. കൂടെ എല്ലാവരെയും..... ശ്രീയുടെ വിശേഷങ്ങൾ എല്ലാം ഞാനറിയുന്നുണ്ടായിരുന്നു. വിവാഹം നിശ്ചയിച്ചതും ചെറുക്കനെതീരുമാനിച്ചതും എല്ലാം. ഞാനും അമ്മയും ചേർന്നായിരുന്നു. നല്ല പയ്യനാ ഇനി നിന്റെ കല്ല്യാണം നടത്തിയിട്ടേ ഞാൻ പോകുന്നുള്ളു. അവൾക്ക് എന്തെന്നില്ലാത്ത സന്തോഷം തോന്നി. കൂടെ ആശ്വാസവും. അനാഥയായ തന്നെയല്ലല്ലോ ആ പയ്യൻ കെട്ടേണ്ടി വരിക. എനിക്കുമുണ്ട് ഒരു ആങ്ങള എന്റെ കണ്ണൻ. പിന്നിടങ്ങോട്ട് ആഘോഷമായിരുന്നു. എല്ലാത്തിനും എന്തിനും കണ്ണൻ ഓടി നടന്നു. അങ്ങനെകല്ല്യാണം നടത്തി ആഘോഷമായി തന്നെ. കല്ല്യാണം കഴിഞ്ഞ് ആ കാലുകൾ തൊട്ടപ്പോൾ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. 'ശ്രീ ഞാൻ പോകുകയാണ്','എവിടെ?' അവളുടെ നിഷ്കളങ്കമായ ആ ചോദ്യം കേട്ടിട്ടാകണം അവന്റെ സ്വരമൊന്നിടറി. മടങ്ങിപോകുകയാണ് അമേരിയിലേക്ക് അനിവാര്യമായ ആ ദുരന്തം അത് വീണ്ടും കടന്നു വന്നിരിക്കുന്നു അവൾക്ക് ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. ടെർമിനലിൽ വച്ച് യാത്ര പറഞ്ഞപ്പോൾ കണ്ണൻ പറഞ്ഞു. ഇപ്പോൾ നീ ഒറ്റയ്ക്കല്ലല്ലോ? നിനക്ക് ഇവനില്ലേ? പക്ഷേ അവളുടെ മനസ്സ് തേങ്ങി. എനിക്ക് എനിക്കിപ്പോൾ ഭർത്താവു മാത്രമല്ലേയുള്ളു. എല്ലാവരുമില്ലല്ലോ? പിന്നീടവൾ ഒന്നുംപറഞ്ഞില്ല. നിറഞ്ഞ കണ്ണുകൾ അവളുടെ കാഴ്ചയെ മറച്ചു. മനസ്സ് ശക്തമായി ആഗ്രഹിച്ചത് ഇത്രമാത്രം. ഒരു 'മടക്കം' തന്റെ കണ്ണന്റെ ......... തന്നെ സനാഥയാക്കാൻ............ വിമാനത്തിന്റെ എ.സി തണുപ്പിൽ ഇരുന്നപ്പോൾ അവന്റെ മനസ്സും ആഗ്രഹിച്ചു. ഒരു മടക്കം തന്റെ ശ്രീയുടെ അടുത്തേക്ക്. അന്ന് നാട്ടിൽ നിന്നും പോയ ശേഷം താൻ മനസ്സറിഞ്ഞു ചിരിച്ചത് ഇപ്പോൾ മാത്രമാണ് ശ്രീയുടെ അടുത്ത്. അതിശക്തമായി അവൻ മനസ്സിൽ പറഞ്ഞു. മടങ്ങി വരും ശ്രീയുടെ അടുത്തേക്ക് ഒരിക്കൽ കൂടി.........

ശുഭം

അപരാഹ്നം അതിന്റെ എല്ലാ മിഴിവിലും ആ കടൽക്കരയെ പ്രൗഢമാക്കുന്നുണ്ടായിരുന്നു. ഈ മഹാനഗരത്തിന്റെ സർവ്വശബ്ദകോലാഹലങ്ങളും ഈ തിരകൾക്കുള്ളിൽ ഒളിപ്പിച്ചു വെച്ചിരിക്കുകയാണെന്ന് തോന്നുന്നു. നിരത്തും അതിനോട് ചേർന്നുള്ള ടാർറോഡും ജനനിബിഡം തന്നെ. എന്നിരുന്നാലും, ഈ കടലോരത്തെ തിരമാലകളെ ശ്രവിക്കുമ്പോൾ ഈ മഹാനഗരം തികച്ചും ഒരു ഊമക്കുട്ടിയായ പോലെ ഒന്ന്, രണ്ട്, മൂന്ന് ... തിരകൾ കാലിനെതഴുകി പോകുന്നു. തിരയെ എണ്ണി ജയിക്കാൻ പണ്ടും ശ്രമം നടത്തുമായിരുന്നു. ഉത്തരം വിഫലമാണെന്നറിയുമ്പോഴും വീണ്ടും വീണ്ടും നടത്തുന്ന ശ്രമങ്ങൾ. അതിജീവനത്തിന്റെ അടരുകൾ തേടുകയാണെന്നൊക്കെ ഭംഗിവാക്കുകൾ പറയാം. അല്ലെങ്കിലും മരണമാണ് ഈ ജീവിതത്തിനുത്തരം എന്നറിഞ്ഞുകൊണ്ട് തന്നെയല്ലോ ഓരോ മനുഷ്യനും ജീവിക്കുന്നത്. അതെ ജീവിതം അതിജീവനത്തിന്റെ അടരുകൾ തേടുകയാണ്. അന്തിച്ചോപ്പേറി വരുന്നു. മതി തിരകളോടുള്ള കിന്നാരം, സമരസപ്പെട്ട് യാത്ര ചോദിച്ചിറങ്ങാം. ഇനി ഒരു പക്ഷേ, ഇതു പോലൊരു സായാഹ്നവും ഇതു പോലൊരു സംഗമവും വീണ്ടും ഉണ്ടായില്ലെന്ന് വരാം. എനിക്കേറെ പ്രിയമുള്ള ചങ്ങാതിയെ പിരിയുംപോലൊരു നൊമ്പരം നെഞ്ചിൽ തികട്ടുന്നു. എന്റെ മഹാസാഗരമേ,..... ഇനിയും നിന്നെ നോക്കി ഈ രാവ് മുഴുവൻ ഇവിടിരിക്കണമെന്നുണ്ട് പക്ഷേ............. ഓരോ തിരയും തിരികെ മടങ്ങുന്നുണ്ടല്ലോ?

അതെ, അതിജീവനത്തിന്റെ അതിർ വരമ്പുകൾ ഞാനായി മുറിക്കുന്നില്ല. 'മിസ്റ്റർ ജയപ്രകാശ്' 'ആരാണാവോ ഇവിടെയും ഒരു ഒഫിഷ്യൽ വിളി, 'ഓ, നാരായണൻ സാർ,' "ജയപ്രകാശ്, ഈ ആഴ്ച പോകുവാണെന്ന് ഒരു റൂമർകേട്ടു." "റൂമറല്ല സാർ ഞാൻ മടങ്ങുകയാണ്. താങ്കൾ കേട്ടത് ശരിതന്നെ,ഓ, വിശ്വസിക്കാൻ പ്രയാസമുണ്ട് മിസ്റ്റർ പ്രകാശ്, ഇത്രയും നല്ലൊരു ജോലി വേണ്ടെന്ന് വെക്കുക അസാധ്യം തന്നെ ഉപദേശിക്കുകയാണെന്ന് കരുതരുത്. ഇത്രയും നല്ല പൊസിഷനിലുള്ള, ഇത്രയും ഉയർന്ന ശമ്പളമുള്ള ഈ ജോലി റിസൈൻ ചെയ്യുന്നത്.

കഥ

# അതിജീവനത്തിന്റെ






**നെജുമി**
രണ്ടാംവർഷം
ബയോകെമിസ്ട്രി

മായത്തമാണ്, ചെറുപ്പത്തിന്റെ ആവേശത്തിൽ പലതും തോന്നാം, പക്ഷേ ജീവിതം നീണ്ടു നിവർന്നു കിടക്കുകയാണ്, അപ്പോൾ മണ്ടത്തരം പറ്റി എന്നു തോന്നരുത്. ഒന്നു കൂടി ആലോചിച്ചിട്ട് പോരേ?" ആലോചിച്ചു സാർ പോകണം പോയേ തീരു. പോകട്ടേ സാർ, ഒരു പാട് കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ട്. നാരായണൻ സാർ ഒരു അഭ്യുദയകാംക്ഷിയാണ്, അദ്ദേഹം എന്നോടുള്ള സ്നേഹം കൊണ്ട് പറഞ്ഞതാണ്, പക്ഷേ അദ്ദേഹത്തിനറിയില്ലല്ലോ എന്റെ മനസിലെ അടങ്ങാത്ത ആഗ്രഹങ്ങൾ.

മടുത്തു, എല്ലാം മടുത്തു. ഈ മഹാനഗരത്തിനെപ്രണയിച്ചു പരാജയപ്പെട്ടു. നാട്ടുമ്പുറത്തുകാരനെസംബന്ധിച്ചിടത്തോളം സ്വപ്നതുല്യമായ സൗകര്യങ്ങളാണ് ഈ മഹാനഗരം എനിക്ക് സമ്മാനിച്ചത്. ഏറ്റവും 'പോപ്പുലാരിറ്റി'യുള്ള ഐ.ടി കമ്പിനിയിലെ സീനിയർ കൺസൾട്ടന്റ്, അഞ്ചക്ക ശമ്പളം, ആഡംബരത്തിന്റെ ഖനികൾ തുറന്ന സൗകര്യങ്ങൾ. ആർക്കൊക്കൊയോ വേണ്ടി, ആരോയൊക്കെയൊ പിഴിഞ്ഞ്, മനുഷ്യത്വത്തെ ചവിട്ടിയരിച്ച്, സ്വാർത്ഥതയുടെ പര്യായമായ, പൊയ്മുഖങ്ങളും അണിഞ്ഞുകൊണ്ടുള്ള ജീവിതം. മാസങ്ങൾ ദിവസങ്ങളെയും, ദിവസങ്ങൾ മിനിറ്റുകളായും ചുരുങ്ങുന്ന തിരിച്ചുപിടിച്ച ജീവിതം. സെക്കന്റിനു പോലും കോടികളുടെ വിലവിവരങ്ങൾ മാറ്റിമറിക്കാനാവുന്ന വില.ഓരോ മാസവും 'ടാർജെറ്റ്' തികയ്ക്കാനുള്ള നെട്ടോട്ടങ്ങൾ. ഇതിനിടെ എവിടെ ജീവിതം. വന്ന സമയം എല്ലാം ഒരു പുതുമയായി തോന്നിയിരുന്നു. കാതങ്ങൾക്കപ്പുറമുള്ള നെല്ലിടവഴികൾ അതിരിട്ട നാട് ഒരു പഴഞ്ചനായി തോന്നി. ഇവിടുത്തെ രീതികളും സൗകര്യങ്ങളും സുഖഭോഗങ്ങളും എല്ലാം എന്നെ ഉന്മത്തനാക്കിയിരുന്നു. ഈ നഗരം അതിന്റെ എല്ലാ ചമയങ്ങളോടെയും എന്നെ വശീകരിക്കാൻ നോക്കി. ഏറെക്കുറെ ഞാനതിൽ മയങ്ങുകയും ചെയ്തു. എന്നാൽ വർഷങ്ങളുടെ ദൈർഘ്യം അവളുടെ വിവിധ ഭാവങ്ങൾ കാണാൻ ഇടയാക്കി. സൗഹൃദത്തിനും സ്നേഹത്തിനും അർത്ഥമില്ലാത്ത പൊങ്ങച്ചത്തിനും സ്വാർത്ഥയ്ക്കും മാത്രം ഇടമുള്ള ഈ മഹാനഗരത്തെ ഒടുവിൽ ഞാൻ വെറുത്തുതുടങ്ങി. ജോലി രാജി വെക്കുക യാണെന്നറിഞ്ഞപ്പോൾ സഹപ്രവർത്തകർക്ക് ആദ്യം ഒരു ഞെട്ടലായിരുന്നു. പിന്നെ അതിന്റെ പുറംപൂച്ചും പൊളിച്ചു, ഈ സ്ഥാപനം കണ്ണുവെച്ചിരിക്കുകയായിരുന്നവരുടെ സ്വാർത്ഥതയിൽ നിന്നു ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ നിന്ന് കൊണ്ട് മകനെപഠിപ്പിച്ചുന്നതനാക്കി ഇങ്ങോട്ടയച്ച അച്ഛന്റെ പ്രതികരണമായിരുന്നു എന്നെ ഞെട്ടിച്ചത്. "വാ മോനെഈ മണ്ണ് വന്ന് ഏറ്റെടുക്കുക അച്ഛൻ തളർന്നു. നമ്മൾ ഈ മണ്ണിലോട്ട് തന്നെ മടങ്ങാനുള്ളവരല്ലേ" എന്നായിരുന്നു അച്ഛൻ പറഞ്ഞത്. എന്റെ ശമ്പളത്തിന്റെ അഞ്ചക്കങ്ങളിൽ അച്ഛൻ മയങ്ങികാണുമെന്ന് വിചാരിച്ചു ഞാൻ ആ മനുഷ്യന്റെ മുന്നിൽ എത്ര നിസാരൻ?

അതെ, തിരികെ ഞാൻ വരുമെന്ന പ്രതീക്ഷയുമായി ഒരുപാട് പേരുണ്ടിവിടെ. വാട്ടിയ വാഴയിലയിൽ ചോറുവിളമ്പി കാത്തിരിക്കുന്ന വാത്സല്യത്തിന്റെ നിറദീപമായ അമ്മ, എന്റെ ചിതയിൽ ഒരു കൊള്ളിയെങ്കിലും വെക്കാൻ നീ വരണേയെന്ന്, എന്റെ ജോലി തിരക്കുകളെക്കുറിച്ച് ആകുലനാകുന്ന അവിവാഹിതനായ കരുണമ്മാവൻ, ഒരു വെറ്റിലയും നീറ്റടയ്ക്കുമായി ഒപ്പം മുറുക്കാൻ കൊച്ചു മോനെകാത്തിരിക്കുന്ന മുത്തശ്ശി... പിന്നെയും പിന്നെയും ആരൊക്കെയോ... കൈതപ്പൂവിന്റെ സുഗന്ധവും പേറി വാലിട്ടെഴുതിയ കണ്ണുമായി എന്നെ മറക്കുമോ? എന്ന് ചോദിച്ച്, എന്നെ കാത്തിരിക്കുന്ന എന്റെ 'പാറു' അതെ ഒരായിരം പേരുടെ നീർമിഴികൾ എനിക്കായി കേഴുമ്പോൾ, എന്തിനിനി ഞാൻ വൈകണം. അതെ, നാരായണൻ സാർ ജീവിതം നീണ്ടു കിടക്കുകയാണ്. തിരിഞ്ഞു നോക്കുമ്പോൾ എനിക്ക് അമളി പിണഞ്ഞതായി തോന്നരുത്. എന്റെ ആത്മാവിന്റെ സംതൃപ്തി അത് നൽകാൻ ഈ മഹാനഗരം പര്യാപ്തമല്ല. എന്റെ മണ്ണിലേക്ക് ഞാൻ മടങ്ങുകയാണ്. സ്നേഹത്തിന്റെയും, ത്യാഗത്തിന്റേയും, പങ്കുവെക്കലിന്റെയും, മാധുര്യം പേറുന്ന, നീണ്ടുപരന്ന നെല്ല് വയലുകളുടെ കൈത പൂക്കുന്ന ഇടവഴികൾ അതിരിട്ട എന്റെ മണ്ണിലേക്ക് ഞാൻ മടങ്ങുകയാണ്.... എന്റെ മനസ്സിന്റെ അതിജീവനത്തിന്റെ അതിരുകൾ തേടി.

ശുഭം

കഥ



# നീലക്കുറിഞ്ഞികൾ പൂത്തപ്പോൾ

കാലം നേരിയ പച്ച നിറം സമ്മാനിച്ച ജാലക ചില്ലിലൂടെ അവൾ പൂക്കളെ നോക്കി നിന്നു. മഞ്ഞു കണങ്ങളിൽ സൂര്യരശ്മികൾ പതിച്ചപ്പോൾ പൂക്കൾ അവളേ നോക്കി പുഞ്ചിരിച്ചു. ഓർമ്മകളിലേക്ക് അലിഞ്ഞ് ചേരുമ്പോൾ ചുറ്റും മൗനം തളം കെട്ടി നിന്നിരുന്നു.

ആറ് വയസ്സുള്ളപ്പോഴാണ് മീര അച്ഛനമ്മമാർക്കും കുഞ്ഞനിയത്തിക്കും ഒപ്പം ഗർഫിലേക്ക് പോയത്. നാടിനേയും, കൂട്ടുകാരേയും ഉപേക്ഷിച്ച് പോകാൻ ആ കുഞ്ഞ് മനസ്സിന് ഇഷ്ടമല്ലായിരുന്നു. ഗോപികുട്ടനായിരുന്നു അവളുടെ ഏറ്റവും വലിയ ചങ്ങാതി. അവളുടെ അമ്മാവന്റെ മകൻ. കളിക്കൂട്ടുകാരൻ ഗോപാൽ മേനോൻ എന്ന ഗംഭീരം പേരുണ്ടെങ്കിലും അവൾ അവനെ'കപ്പലണ്ടിമിട്ടായി' എന്നാണ് വിളിക്കുക. ഗോപിയോട് യാത്ര പറഞ്ഞപ്പോൾ കുഞ്ഞ് മീര പൊട്ടിക്കരഞ്ഞു.

നീലഗിരി കുന്നുകളിൽ പോകണമെന്നായിരുന്നു മീരയുടെ ഏറ്റവും വലിയ ആഗ്രഹം. അത് സാധിക്കാതെയാണ് അവർ ഗർഫിലേക്ക് പോയത്. ഗൾഫിലെത്തി അവൾ ഒരു ഇന്ത്യൻ സ്ക്കൂളിൽ ചേർന്നു. ഗോപിയെ പിരിഞ്ഞതിൽ അവൾക്ക് ദുഃഖമാണ്.

2006-ൽ നീലഗിരി കുന്നുകൾ വീണ്ടും പൂത്തുലഞ്ഞു. മീര ആറാം ക്ലാസിലെത്തി. നാട്ടിലെത്തി ഗോപിയേ കൂട്ടി നീലക്കുറിഞ്ഞി കാടുകൾ കാണാൻ പോകണം. അവൾ ശാഠ്യം പിടിച്ചു. അവർ നാട്ടിലേക്ക് മടങ്ങാൻ ഒരുങ്ങി. ഒരു ചെറിയ അവധിക്കാലം. നീലക്കുറിഞ്ഞി കാടുകൾ കാണണം. എയർപോർട്ടിലേക്ക് അവരെ കൊണ്ടുപോയത് ഒരു ബന്ധുവാണ്. എല്ലാവരും നല്ല ഉറക്കമായിരുന്നു.

ആശുപത്രിയിൽ മരുന്നിന്റെ മണത്തിനും കഠിനമായ വേദനയിലും കഴിഞ്ഞപ്പോൾ തനിക്കെന്താണ് സംഭവിച്ചതെന്ന് അവൾ അറിഞ്ഞില്ല. ബോധം വന്നപ്പോൾ ആരോ പറഞ്ഞു കാറിന്റെ ടയർ പൊട്ടിയതാണെന്ന്.

ഇടയ്ക്കിടെ വന്നിരുന്ന അച്ഛന്റെ ഫോൺ കോൾ മാത്രമായിരുന്നു അവളുടെ ആശ്വാസം. ഓരോരുത്തരും വേറേ ആശുപത്രികളിലാണെന്ന് അവൾ വിശ്വസിച്ചു. ശസ്ത്രക്രിയയ്ക്ക് ശേഷം രണ്ട് ദിവസത്തിനുള്ളിൽ മീരയെ ഒരു ബന്ധുവിനൊപ്പം നാട്ടിലെത്തിച്ചു.

ഒരു അപകടം നടന്നെങ്കിലും, ആരോഗ്യവതിയായി ജീവിനോടെ

വന്ന അവളോട് ആരും അടുപ്പം കാട്ടിയില്ല. എല്ലാവർക്കും അവളോട് സ്നേഹമായിരുന്നു എങ്കിലും അവർ എന്തോ മറയ്ക്കാൻ ശ്രമിച്ചു. ഗോപിക്കുട്ടനും വല്യ കൂട്ടിയായിരിക്കുന്നു.

പിറ്റേന്ന് വൈകുന്നേരം, എല്ലാം ഫോർമാലിറ്റീസും കഴിഞ്ഞ് മീരയുടെ അമ്മയുടേയും അനിയത്തിയുടേയും ശരീരം നാട്ടിലെത്തിച്ചു. ശരീരവുമായി വാഹനം നാട്ടിലെത്തിയപ്പോഴാണ് പാവം മീര മരണവിവരം അറിയുന്നത്. വിധി അവളെ വഞ്ചിച്ചു അമ്മയേയും അനിയത്തിയേയും അവൾക്ക് നഷ്ടമായി.

അവരെ ഒരു നോക്ക് കാണാൻ മീര കൂട്ടാക്കിയില്ല. ചിതറി തെറിച്ച ശരീരം കാണാൻ അവൾക്ക് ശക്തിയില്ലായിരുന്നു. ഭ്രാന്തമായ ഒരു അവസ്ഥയിൽ അവൾ കുറേ കാലം തള്ളി നീക്കി. അച്ഛന്റെ ആരോഗ്യനില കാലക്രമേണ മെച്ചമായി.

ഗോപിയായിരുന്നു അവളുടെ ആശ്വാസം. അവളുടെ ഗോപിയേട്ടൻ പക്ഷെ വിധി അവരെ പിന്നെയും അകറ്റി. അച്ഛനൊപ്പം അവൾ തിരികെ ഗർഫിലേക്ക് പോയി. പിന്നീട് അവളുടെ വിദ്യാഭ്യാസവും വളർച്ചയുമെല്ലാം മറുനാട്ടിലായിരുന്നു.

മുടങ്ങിപ്പോയ സ്വപ്നത്തെ ഇന്നും അവൾ ഭദ്രമായി മനസ്സിൽ സൂക്ഷിക്കുന്നുണ്ട്. നീലക്കുറിഞ്ഞി കാടുകൾ! പ്രകൃതി തീർക്കുന്ന വർണ്ണ വിസ്മയം. പക്ഷെ ഇനി നാട്ടിലേക്ക് ഒരു മടക്കയാത്ര ഉണ്ടാവില്ല. അവളുടെ അച്ഛൻ അതിനു സമ്മതിക്കില്ല. പിന്നെയും വർഷങ്ങൾ കടന്നുപോയി തന്റെ കളിക്കൂട്ടുകാരനോട് ഉള്ളിൽ പ്രണയം തോന്നിത്തുടങ്ങിയിട്ട് വർഷങ്ങളേറെയായി. അവൾ ഉറപ്പിച്ചു തനിക്ക് നാട്ടിലേക്ക് മടങ്ങണം.

പന്ത്രണ്ട് വർഷങ്ങൾക്ക് ശേഷമുള്ള മടക്കയാത്ര. അവൾ വളർന്ന് വലിയ പെൺക്കുട്ടിയായിരിക്കുന്നു. മനസ്സ് നിറയെ പ്രതീക്ഷകളായിരുന്നു.

ഗോപിയുമായി അവൾ നീലക്കുറിഞ്ഞി കാടുകളിലേക്ക് കയറി. എങ്ങും നീലക്കുറിഞ്ഞികൾ പൂത്തു നിൽക്കുന്നു. പെട്ടെന്ന് വലിയൊരു മേഘം അവരെ മൂടി. ആ മേഘം യാത്രയായപ്പോൾ മീരയുടെ കണ്ണുകൾ നനഞ്ഞിരുന്നു.

അവൾ ആകാശത്തേക്ക് നോക്കി..... രണ്ട് മേഘശകലങ്ങൾ അവളെ നോക്കി പുഞ്ചിരിച്ചു..... ഗോപിയുടെ മടിയിൽ തലചായ്ച്ച് കിടന്നുകൊണ്ട് അവൾ പറഞ്ഞു..

"ഈ നീലക്കുറിഞ്ഞി പൂക്കളോട് എനിക്ക് വല്ലാത്തൊരിഷ്ടം തോന്നുന്നു. എനിക്ക് ഒന്നും നഷ്ടമായിട്ടില്ല"

ശുഭം



**ദേവി പ്രിയ**
രണ്ടാംവർഷം
ഫിസിക്സ്.




**ശ്രുതി മോൾ**
ഒന്നാംവർഷം
ഇംഗ്ലീഷ്


**കഥ**

# ഒരു നഷ്ടപ്രണയം



ചില ഓർമ്മകൾ അങ്ങനെയാണ് അറിയാതെ അറിയാതെ ആഗ്രഹിച്ചുപോകും. ഒരിക്കൽ കൂടി ആ കാലം തിരിച്ചുവന്നിരുന്നുവെങ്കിൽ എന്ന് സന്ധ്യയുടെ നെറുകിൽ നീ എനിക്ക് സമ്മാനിച്ച പ്രണയ നിമിഷങ്ങൾ ഒരിക്കൽ കൂടി വന്നിരുന്നുവെങ്കിൽ എന്ന് അന്നു നീ എന്റെ മനസ്സിലെ ഇരുട്ടിന് വെളിച്ചം തന്നു. മനസ്സു നിറയെ സന്തോഷം തന്നു. മനസ്സിനെമനസ്സുകൊണ്ട് അറിയാൻ പഠിപ്പിച്ചു. എന്റെ സ്വപ്നങ്ങൾക്ക് നീ വർണ്ണങ്ങൾ നൽകി. എന്റെ യാത്രകളിൽ വഴിതെറ്റാതെ നീ എന്റെ കൂടെ നിന്നു. എന്റെ വീഴ്ചകളിൽ ഒരു താങ്ങായ് എന്നും നീ ഉണ്ടായിരുന്നു. അന്നൊക്കെ എന്റെ സ്വപ്നങ്ങൾക്ക് സന്തോഷം മാത്രം നൽകിയ വസന്തമായിരുന്നു നീ. ഇന്നും എന്റെ മനസ്സ് വല്ലാതെ ആഗ്രഹിക്കുന്നുണ്ട് ആ നഷ്ട വസന്തം ഒരിക്കൽ കൂടി തിരിച്ചു വന്നിരുന്നെങ്കിൽ എന്ന്. ഇന്ന് എന്റെ സ്വപ്നങ്ങൾ എന്റെ നിഴൽ പോലെ ഇരുണ്ടതാണ്. എനിക്ക് നഷ്ടമായ എന്റെ സന്തോഷങ്ങൾ ഇന്നെനിക്ക് തിരിച്ചു നൽകാൻ നിനക്കു മാത്രമേ സാധിക്കൂ. ഇപ്പോഴും എന്റെ മനസ്സ് വല്ലാതെ കൊതിക്കുന്നുണ്ട്. നീ എന്റെ പ്രണയം സമ്മാനിച്ച ആ നിറസന്ധ്യ ഒരിക്കൽ കൂടി ഒന്നു വന്നിരുന്നുവെങ്കിൽ എന്ന്. നിന്റെ കൈ പിടിച്ചു നടന്ന ആ മഞ്ഞുകാലം ഒരിക്കൽ കൂടി ഒന്നു വന്നിരുന്നുവെങ്കിൽ. ആ വിരൽ തുമ്പിലെങ്കിലുമൊന്ന് സ്പർശിക്കുവാൻ സാധിച്ചെങ്കിൽ. ആ മഴയത്ത് ഒരു കുടക്കീഴിൽ സ്വപ്നങ്ങൾ പങ്കുവെച്ച് നാം നടന്ന വീഥികൾ ഇന്നും എന്റെ ഓർമ്മയിലുണ്ട്. പ്രണയം മാത്രം നിറഞ്ഞ നിന്റെ കണ്ണുകൾ ഇന്നുമെന്റെ മനസ്സിലുണ്ട്. പിന്നീട് കാലങ്ങൾ നമ്മെ അകറ്റിയെങ്കിലും ആ കാലത്തിന് നമ്മുടെ പ്രണയത്തെ ആഴം കൂട്ടാൻ മാത്രമേസാധിച്ചുള്ളു.നഷ്ടപ്രണയത്തിന്റെ ഓർമ്മകൾഎന്നും മനസ്സിനെവേദനിപ്പിച്ചുകൊണ്ടിരിക്കും. എങ്കിലും ആ വേദനഒരു സുഖമുള്ള നോവാണെന്ന് ഇന്നു ഞാനറിയുന്നു.

# ചുമരച്ചോട്ടിലെ പ്രണയം

**ആ** പഴയ നാലുകെട്ടിന്റെ കിളിവാതിലിലൂടെ അവളുടെ ദൃഷ്ടി മുറ്റത്തെ ആ വലിയ മാവിലേക്കാണ് ചെന്നെത്തിയത്. ആ ഗൃഹത്തിന്റെ മച്ചിനേക്കാൾ ഉയരത്തിൽ പടർന്നു പന്തലിച്ചു നിൽക്കുന്ന അതിനിപ്പോഴിവിടുത്തെ ഗൃഹനാഥന്റെ ഗർവ്വ് കൈവന്നിട്ടുണ്ട്. ആ പഴയനാലുകെട്ടിന്റെ ഉൾമുറികളെ ഓർമ്മപ്പെടുത്തും വിധം ഇണ പിടഞ്ഞു കിടക്കുന്ന ശിഖരങ്ങൾ, അവയിലെല്ലാം തൂങ്ങിയാടുന്ന എണ്ണമറ്റ മാമ്പഴങ്ങൾ. ചിലത് പച്ച, ചിലത് പഴുത്തത്. മറ്റു ചിലതാണെങ്കിൽ പകുതി പഴുത്തത്. മനുഷ്യർക്കിടയിലെ ജാതിഭേദങ്ങൾ പോലെ. എങ്കിലും ഒരു വ്യത്യാസം അവയെല്ലാം ഒരേ കൊമ്പിൽ തൂങ്ങിയാടുന്നു. ദൈവത്തിന്റെ സൃഷ്ടിവൈഭവങ്ങൾ എത്ര മഹനീയമാണ്. തന്റെ സൃഷ്ടിയിലെ ഓരോ അണുവിനും അദ്ദേഹം വേണ്ടുവോളം സൗന്ദര്യം കനിഞ്ഞു നിൽകിയിരുന്നു. ചിലരതിനെആസ്വദിക്കുന്നു മറ്റുചിലർ വിട്ടുകളയുന്നു. പെട്ടെന്ന് ഇതിൽ നിന്നെല്ലാമവളുടെ ശ്രദ്ധതിരിക്കുമാറ് ചുമച്ചു കൊണ്ടവൻ കടന്നുവന്നു. തന്റെ ദൃഷ്ടി അവനിലേക്ക് തിരിക്കവെ, മുറ്റത്തെമാവും, ദൈവത്തിന്റെ സൃഷ്ടിബോധവും എല്ലാം അവളുടെ ചിന്തയിൽ നിന്നുതന്നെ അപ്രത്യക്ഷമായി. ആ കണ്ണുകളിലിപ്പോൾ പ്രണയം മാത്രമാണുള്ളത്. അവനടുത്ത് വന്ന് തന്റെ പ്രിയതമയുടെ മുൻപിലിരുന്ന കടലാസെടുത്ത് വായിക്കവെയാണ് നാമിതുവരെ ദർശിച്ചതെല്ലാം അതിൽ പതിഞ്ഞ വിവരം അവൾ ശ്രദ്ധിക്കുക പോലും ചെയ്തതു. വായനയുടെ അന്ത്യം കുറിക്കവെ, അവന്റെ ഉള്ളു അയാളെ ഓർത്തു അഭിമാനിക്കുന്നത് അവൾ അവന്റെ കണ്ണുകളിൽ കണ്ടു. വർഷങ്ങൾക്ക് മുൻപ് കോളേജ് ക്യാമ്പസിൽ വച്ച്, താൻ ആദ്യമായെഴുതിയ കവിതയ്ക്ക് ഒന്നാം സ്ഥാനം നേടിയ ദിവസം അവന്റെ കണ്ണുകളിൽ കണ്ട അതേ അഭിമാനം, അതേ തിളക്കം! അന്ന് അവൻ യുവത്വം തുടിക്കുന്ന, സിരകളിൽ വിപ്ലവത്തിന്റെ പ്രണയത്തിന്റെ രക്തത്തിളപ്പുള്ള പുണ്യ ഒരുയുവാവ്. SFI യുടെ ചെയർമാൻ സ്ഥാനത്തായിരുന്നതു കൊണ്ട് തന്നെ രഞ്ജു എന്ന അവൻ കോളേജിന്റെ എല്ലാമെല്ലാമായിരുന്നു. എന്നാൽ റീന അവൾ അങ്ങനെയൊന്നുമായിരുന്നില്ല. അധികമാർക്കുമറിയാതെ ഒരു സാധാരണക്കാരി. സ്കൂൾ ജീവിതത്തിൽ നിന്നും വിട്ട് ആദ്യമായി കോളേജ് ക്യാമ്പസിൽ കാൽകുത്തിയപ്പോൾ ഒരു മിഠായി നൽകി ആദ്യമവളെ വരവേറ്റത്, അവനായിരുന്നു രഞ്ജു. അന്നവൻ അവളെ അത്ര ശ്രദ്ധിച്ചിരുന്നില്ല. പിന്നെ എപ്പോഴോ........... ഒരിക്കൽ ഒരു സായാഹ്നത്തിൽ യൂണിയൻ ഓഫീസിന്റെ മുന്നിൽ നിൽക്കവെ, അവൻ കണ്ടു. ഒരുനോക്ക്, ആ കോളേജിന്റെ മുഴുവൻ ശ്രദ്ധയാകർഷിക്കുന്ന ആ വലിയ പോഡിയത്തിന്റെ ചോട്ടിൽ, മഞ്ഞ പൂമെത്തയ്ക്കുമേൽ, നമ്ര മുഖിയായിരിക്കുന്ന അവളെ. പേടിച്ച പേടമാൻ മിഴികൾ, നീണ്ടു നിവർന്ന് ഭംഗിയായ നാസിക, ചായം പൂശാതെ തന്നെ ചുവന്നചുണ്ടുകൾ. ഇളം കാറ്റിൽ പാറുന്ന മുടിയിഴകൾ ഇടയ്ക്കിടെ അവളുടെ കവിൾത്തടത്തെ ചുംബിച്ചുകൊണ്ടിരിക്കുന്നു. ഒരു നിമിഷം ആ മുടിയിഴയായി മാറുവാൻ അവനാഗ്രഹിച്ചു.



"എന്താമോനേ, കണ്ണുടക്കിയോ?" അവന്റെ ഉറ്റസുഹൃത്ത് സുകുവായിരുന്നു അത്. എന്നാൽ രഞ്ജു ആ ചോദ്യം കേട്ടിരുന്നില്ല. മനസ്സുനിറയെ അവളായിരുന്നു റീന. വളരെ ബുദ്ധിമുട്ടി അവനാരാത്രി ഇരുട്ടി വെളിപ്പിച്ചു. പിന്നീട് രഞ്ജു സ്ഥിരം വോട്ടാഭ്യർത്ഥനയുമായി അവൾക്കു മുന്നിൽ പ്രത്യക്ഷപ്പെട്ടു പതിയെ പതിയെ അതൊരു നല്ല സൗഹൃദത്തിനു വഴിതെളിച്ചു. അവൾ അവനെതീർത്തും വിശ്വസിച്ചു. ഒരു ജ്യേഷ്ഠ സഹോദരനെപ്പോലെ കണ്ടു. ബാലറ്റുപെട്ടിയിൽ ഒരോട്ട് അവനുവേണ്ടി റീനയുടെ ഭാഗത്തുനിന്നുമുണ്ടായി. ഫലം പ്രഖ്യാപിച്ചപ്പോൾ ആവേശങ്ങൾക്കും ആർപ്പുവിളികൾക്കും മേലെ അവനെആകർഷിച്ചത്. "അഭിനന്ദനങ്ങൾ'' എന്ന് അവൾ പറഞ്ഞ ഒരു വാക്കുമാത്രമായിരുന്നു. മാസങ്ങൾ കടന്നുപോകവെ, അവരുടെ സൗഹൃദവും വളർന്നു പന്തലിച്ചു. അവൾ അവളുടെ സന്തോഷങ്ങളും ദുഃഖങ്ങളും അവനുമായി പങ്കുവച്ചു. ഒരു നല്ല സുഹൃത്ത് അത്രമാത്രമേ അവൾ കരുതിയിരുന്നുള്ളൂ. എന്നാൽ ഓരോനിമിഷവും രഞ്ജു അവളെ ആത്മാർത്ഥമായി പ്രണയിച്ചുകൊണ്ടിരുന്നു. പ്രീഡിഗ്രി പരീക്ഷ ആരംഭിക്കുമുൻപ് സുകുവിന്റെ നിർദ്ദേശപ്രകാരം അവൻ തന്റെ



**ഗോപൻ ജി**
രണ്ടാംവർഷം
സുവോളജി

*വളരെ ബുദ്ധിമുട്ടി അവനാരാത്രി ഇരുട്ടി വെളിപ്പിച്ചു. പിന്നീട് രഞ്ജു സ്ഥിരം വോട്ടാഭ്യർത്ഥനയുമായി അവൾക്കു മുന്നിൽ പ്രത്യക്ഷപ്പെട്ടു പതിയെ പതിയെ അതൊരു നല്ല സൗഹൃദത്തിനു വഴിതെളിച്ചു. അവൾ അവനെതീർത്തും വിശ്വസിച്ചു. ഒരു ജ്യേഷ്ഠ സഹോദരനെപ്പോലെ കണ്ടു. ബാലറ്റുപെട്ടിയിൽ ഒരോട്ട് അവനുവേണ്ടി റീനയുടെ ഭാഗത്തുനിന്നുമുണ്ടായി. ഫലം പ്രഖ്യാപിച്ചപ്പോൾ ആവേശങ്ങൾക്കും ആർപ്പുവിളികൾക്കും മേലെ അവനെആകർഷിച്ചത്. "അഭിനന്ദനങ്ങൾ'' എന്ന് അവൾ പറഞ്ഞ ഒരു വാക്കുമാത്രമായിരുന്നു.*

ആഗ്രഹം അവളോട് തുറന്നുപറഞ്ഞു. അവൾക്ക് അത് വലിയൊരുഷോക്കായിരുന്നു. ആ നിമിഷം പടർന്നു പന്തലിച്ച ആ സൗഹൃദം അവിടെ അസ്തമിക്കുകയായിരുന്നു. പിന്നീട് റീനരഞ്ജുവിനോട് സംസാരിക്കാൻ കൂട്ടാക്കിയില്ല. അവനെകാണുമ്പോൾ അവൾ മുഖം വെട്ടിച്ച് കടന്നുപോയി. എന്നാൽ അത് അവളുടെ മനസ്സിനെഓരോ നിമിഷവും നൊമ്പരപ്പെടുത്തിക്കൊണ്ടിരുന്നു. രഞ്ജുവിനെകാണുകയോ സംസാരിക്കുകയോ ചെയ്യാതിരുന്നാൽ ദിനങ്ങൾ അവൾക്ക് മരണതുല്യമായിരുന്നു. കാണാതിരിക്കുക അസാധ്യമായി തീർന്നപ്പോൾ താനിത്രയും നാൾ രഞ്ജുവിനെപ്രണയിക്കുകയായിരുന്നുവെന്ന് അവൾ സ്വയമറിഞ്ഞു. തന്റെ തീരുമാനം രഞ്ജുവിനെഅറിയിക്കണമെന്ന് തന്നെ അവൾ ഉറച്ചു. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ പിറ്റേദിവസം രഞ്ജുവിനെകോളേജിൽ കണ്ടെത്താനായില്ല. തുടർന്നുള്ള ദിനങ്ങളിലും അവൾ അവന്റെ വരവിനായി ദിവസങ്ങളോളം കാത്തു. ഒടുവിൽ റീനരഞ്ജുവിനെപറ്റി സുകുവിനോട് അന്വേഷിച്ചു. പൊതുവെ സിനിമ പ്രേമിയായിരുന്ന അവൻ ഒരവസരം തേടി മദ്രാസിലേക്ക് വണ്ടികയറി എന്നാണ് സുകുവിൽ നിന്നവൾക്കു ലഭിച്ച വിവരം. നിനക്ക് ഒരു ശല്യമായ് തീരണ്ടെന്ന് അവൻ കരുതിയിട്ടുണ്ടാകും എന്നു കൂടി സുകു കൂട്ടിച്ചേർത്തത് അവളെ വല്ലാതെ വേദനപ്പെടുത്തി.

ആ ട്രെയിൻ യാത്രയിൽ അവളുടെ സമീപത്തിരുന്ന സ്ത്രീ വല്ലാതെ ചുമയ്ക്കുന്നുണ്ടായിരുന്നു. അവളുടെ ഓർമകൾ ഇടയ്ക്കിടെ ആ പഴയകോളേജ് അങ്കണത്തിലേക്ക് പറന്നുചെന്നുകൊണ്ടിരുന്നു. തന്റെ ഓർമ്മകൾക്ക് വിള്ളൽ വീഴ്ത്തും വിധം ആ വൃദ്ധ സ്ത്രീ ചുമതുടർന്നു. ചുമച്ച് ചുമച്ച് ഒടുവിലവർ തന്റെ ഇരുപ്പിടത്തിൽ നിന്നും നിലം പതിച്ചു. ആളുകൾ ഓടിക്കൂടി. അടുത്ത ബോഗിയിൽ നിന്നും ഒരു ഡോക്ടർ കൂടി ഓടിയെത്തി. ആ മുഖത്തേക്ക് നോക്കവേ, അവളുടെ ഉള്ളിലൊരാളൽ സുകു! അവർ ഇരുവരും ചേർന്നു വൃദ്ധയെ പൊക്കിയെടുത്ത് സീറ്റിൽ കിടത്തി. പരിശോധനയ്ക്ക് ശേഷം അവർ സംഭാഷണം ആരംഭിച്ചു. സുകു,അവനിപ്പോൾ സിറ്റിയിലെ ഒരു പ്രൈവറ്റ് ഹോസ്പിറ്റലിൽ ഒരു സർജനായി ജോലി ചെയ്യുകയായിരുന്നു. ആ നിമിഷം അവന്റെ വിശേഷങ്ങൾ അറിയുന്നതിലും അവൾക്കു തിടുക്കം രഞ്ജുവിനെപ്പറ്റി അറിയാനായിരുന്നു. അത് ചോദിക്കും മുൻപ് ഒരാളലോടെ അവളതോർത്തു 'ഇതിനിടയിൽ അവന്റെ വിവാഹം കഴിഞ്ഞിരിക്കുമോ? 'അതോ മറ്റൊരു പെൺകുട്ടിയെ അവൻ തന്റെ മനസ്സിൽ കൊണ്ട് നടക്കുന്നുണ്ടാവുമോ? രഞ്ജുവിനെപ്പറ്റി ചോദിക്കാമെന്ന തീരുമാനത്തിൽ നിന്നവൾ പിൻമാറി ഉള്ളിലെ സന്തോഷം എങ്ങോമാഞ്ഞു. സുകുവിനെഇപ്പോൾ കാണേണ്ടിയിരുന്നില്ല എന്നവളോർത്തു. ഒരു നിമിഷം അവിടെ തളം കെട്ടിനിന്നിരുന്ന മൗനത്തെ ഭേദിച്ചുകൊണ്ട് സുകുവിന്റെ ശബ്ദം "നീണ്ട എട്ടുവർഷങ്ങൾ, അവനിന്നും നിനക്കായ് കാത്തിരിക്കുന്നു. ഇപ്പോഴവന് ഒരു ജോലിയുണ്ട്. ഒരു സഹസംവിധായകനായി ജോലിചെയ്യുകയാണവൻ''കൊടും നിശബ്ദത. യാത്രയുടെ ഒടുവിൽ സുകു അവളെ കൂട്ടിക്കൊണ്ടുപോയത് ഒരുപാർക്കിലേക്കാണ്. തിരക്കു കുറഞ്ഞ പാർക്ക്, നിശബ്ദമായ സായാഹ്നം. അവിടെവിടെയായി വളരെ കുറച്ചാളുകൾ. പടിഞ്ഞാറേ ചക്രവാളത്തിൽ താഴേക്ക് വീഴാൻകാത്ത് തൂങ്ങിയാടുന്ന ചുവന്നഗോളം. അതിന്റെ പ്രകാശം ആ പാർക്കിനെചുവന്ന വർണത്തിൽ മുക്കി യെടുത്തിരിക്കുന്നു. അങ്ങകലെ ഒരു ഒഴിഞ്ഞ കസേരയിൽ അനന്തതയിലേക്ക് കണ്ണും നട്ടിരിക്കുന്നൊരാൾ രൂപം. "രഞ്ജു!" അവളുടെ മനസ്സ് മന്ത്രിച്ചു. അവളുടെ കാലുകൾക്ക് നിലയുറപ്പിക്കാനോ നടക്കാനോ കഴിഞ്ഞില്ല. അവളുടെ മനസ്സും ശരീരവും അവനരികിലേക്ക് പാഞ്ഞു. രഞ്ജുവിനടുത്തെത്തിയപ്പോഴേക്കും രഞ്ജു തിരിഞ്ഞു നോക്കി. അവൻ ഇരിപ്പിടത്തിൽ നിന്നും ചാടി എഴുന്നേറ്റു. അവന്റെ ചുണ്ടുകൾ മന്ത്രിച്ചു "റീനാ!" അവളുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. അവളവന്റെ വിസ്തൃതമായ മാറിൽ ചാഞ്ഞു. അവന്റെ മാറ് തിരികെയെത്തിയ സ്നേഹത്തെ എന്നപോൽ അവളുടെ കണ്ണീരൊപ്പി. ഇന്ന് പരസ്പരം കണ്ണിൽ കണ്ണിൽ നോക്കി നിൽക്കുമ്പോഴും ഇപ്പോഴവളുടെ മുന്നിൽ നിൽക്കുന്ന ആ എൺപതുകാരന്റെ കണ്ണിൽ ആ പഴയ പ്രണയം തന്നെ അവർക്കു ദർശിക്കാൻ കഴിഞ്ഞു.

*ശുഭം*

# താലോലിക്കാനായി ഒരുപിടി ഓർമ്മകൾ മാത്രം



അറിവുകൾ പകർന്നു
നൽകിടുന്ന
എൻ കളിത്തോഴിയായ
ആത്മകലാലയമേ,
എന്നിലെ മധുരമാം
സ്വപ്നങ്ങൾ നീയറിയുന്നുവോ
കണ്ണുനീരെല്ലാം വർഷമായ്
പെയ്തിടുമ്പോൾ
സ്നേഹം പകരുവാൻ
വന്ന പൈങ്കിളി
നന്മയുടെ പ്രകാശം
തുളുമ്പും നിൻമുഖം
മായാതെ മറയാതെ
മനസ്സിൽ മാത്രം
നിന്നിൽ നിന്നു ഞാൻ
അകന്നിടുമ്പോൾ
താലോലിക്കാനായൊരു
പിടി ഓർമ്മകൾ മാത്രം
എന്നിലെ അക്ഷരത്താളുകളിൽ
കുറിക്കുന്നു;
ആത്മകലാലയത്തിൽ
സ്നേഹം മാത്രം.



**കണ്ണൻ ആർ. രമേഷ്**
രണ്ടാംവർഷം
ബി.എ ഇംഗ്ലീഷ്

# ഒരു വയനാടൻ ഓർമ്മ

ആഹാ! സുന്ദരയാത്ര
എന്നെന്നും
ഓർമ്മിക്കാനൊരു യാത്ര.
ആഹാ ! എത്ര മനോഹരമീ
കന്നിയാത്ര
മലകൾ ചുറ്റി വയനാടെത്തി,
മീൻമുട്ടിയെന്നൊരതിശയക്കാഴ്ച!
പഞ്ഞിക്കട്ടിപോലടർന്നിങ്ങുവീഴുന്നു
മീൻമുട്ടിതൻ ജലതരംഗങ്ങൾ
ആ കാഴ്ചയെൻ മനം
കവർന്നങ്ങെടുത്തു
ഒപ്പമെൻ സഖ്യതൻ
ക്യാമറക്കണ്ണുകൾ
ഒപ്പിയെടുത്തതിൻ സുന്ദര ദൃശ്യവും
തേയിലത്തോട്ടങ്ങൾക്കെന്തു ഭംഗി
ഇടയിലെ പൈനുകൾക്കേറെ ഭംഗി
ഹെയർപിൻ
'വളവു'കളേറെയുണ്ടെങ്കിലു-
മീ കാഴ്ച വേറിട്ടൊരതിശയ
കാഴ്ച തന്നെ!

**നൗഫൽ ജലാൽ**
രണ്ടാംവർഷം ഇസ്ലാമിക് ഹിസ്റ്ററി

# ജീവിത താളം



മനസ്സിന്റെ മോഹമായ്
തെരുവിന്റെ ഗീതമായ്
പ്രകൃതിതൻ താളമായ്
വിഹരിക്കുമീ വർഷം!

ഇടറുന്ന ബന്ധങ്ങൾ
അടരാതെ നീളുവാൻ
പ്രകൃതിയാൽ കനിഞ്ഞോരു
കാരുണ്യമീ വർഷം!

തോരാത്ത കണ്ണീരിൻ
തളരാത്ത മനസ്സുമായ്
തെരുവിന്റെ മക്കൾക്ക്
സാന്ത്വനമീ വർഷം!

വർണ്ണാഭമായോരു
ജീവൻ തുടിക്കുന്ന
പ്രകൃതിക്ക് കാവലായ്
ഐശ്വര്യമീ വർഷം!



**ഷഫീക്ക്**

# സഹോദരീ നിനക്കായ്...

സഹോദരീ നിൻ മിഴികൾ നിറയും നാൾ-
എൻ ജീവനെ വെടിഞ്ഞിടും ഞാൻ,
പങ്കു വയ്ക്കുന്ന ഓരോ ജീവിത-
നിമിഷങ്ങൾ.
ഒത്തുചേരും നാം ഓരോ നിമിഷവും,
പുണ്യം ചെയ്തൊരീ ശുഭദിനത്തിൽ
അഭിമാനവീഥിതൻ അവസരത്തിൽ,
സ്മരിക്കുന്നു നിന്നെ ഞാൻ സഹോദരി....

സഹോദരി! എൻ മിഴികൾ നിറയും നാൾ
നീ വരും എനിക്കാശ്വാസമേകാൻ
സ്നേഹാശ്രുക്കൾ നിറയും നിൻ മിഴികളും
സ്നേഹം തുളുമ്പും എൻ കരങ്ങളും
ഒത്തുചേരും നേരം! പ്രാർത്ഥിക്കാം
ഒരുമിക്കാം നമുക്ക് പുനർജന്മത്തിൽ....

**അൻഷാദ്**
രണ്ടാംവർഷം ബി.കോം

# തിരിച്ചറിവ്



ഇന്നു ഞാനറിയുന്നു നിന്നഴലിന്റെയാഴം
ആർത്തിരമ്പുമീയലയാഴിതൻ രോദനം
ഇന്നലെ പെയ്ത വർഷകാലത്തിലെന്നപോൽ-
അശ്രുബിന്ദുക്കൾ നിറച്ചാർത്തെഴും നിൻമുഖം
ഓർമ്മയുണ്ടെനിക്കെന്റെ ഉൾക്കണ്ണിൻ-
ജീർണിച്ചകോണിലും

ഒരു മാപ്പുപോലും ചോദിച്ചതില്ല ഞാൻ
തെറ്റുകളെണ്ണിക്കഴികിലും-
നീ തിരുത്താൻ ശ്രമിക്കിലും
ഉള്ളിൽ പുകഞ്ഞുകത്തിച്ചുടുചോര കിനിഞ്ഞൊരാ
ലഹരിതൻ ഉൻമാദമുള്ളിൽ കനലായെരിഞ്ഞമരു
മ്പോഴും ഒരോർമ്മതൻ നെയ്ത്തിരി വെട്ടമാ
യെൻ ജീവിതപ്പാതയിൽ നിന്നു നീ,
സ്വയമുരുകിയമരുന്നു- മൗനിയായ്.

താരാട്ടുപാട്ടിന്റെയർഥമറിയാതെ
ഹൃദയകാവ്യത്തിൻ മധുരം നുണഞ്ഞൊരാ
കുരുന്നു കവിളത്തൊരുമ്മ നൽകാതെ,
നീയാം പകൽക്കിളിതൻ കൂടുവിട്ടകലേയ്ക്കു
പാറിപ്പറന്നകന്നു ഞാൻ,
നിശയുടെ വിരാടപ്പുത്രനായലഞ്ഞു ഞാൻ

ഇന്നു കേഴുന്നു ഞാൻ
നിൻ മനമുരുകവേ
പറയാൻ മറന്നൊരാ വാക്കിലും നോക്കിലും
പിന്നെയെന്നോ നിന്നെയണിയാൻ
മടിച്ചൊരാ താലിച്ചരടിലും

ഇല്ല ഞാൻ പോകയില്ലിനി-
ഈ കൂടുവിട്ടകലങ്ങളിൽ, നിശാമണ്ഡലങ്ങൾ തൻ
വൈദ്യുത കോണിലും
പുലരണമ്മനിക്കാരു സാന്ത്വന സ്പർശമായ് കാവലായ്
പിച്ചവെച്ചിളം മോണകാട്ടിച്ചിരിക്കുമീ
പൈതലിൻ നാളമായ്
നിന്റെ മാത്രം വസന്തമായ്, നാഥനായ്

**മിഥുൻ എസ്**
രണ്ടാംവർഷം എം.എ ഇംഗ്ലീഷ്



കവിത

# സാന്ത്വന മറിയാത്തവർ



അല്ലയോ മാതേ, നിന്നെ സാന്ത്വനിപ്പിക്കുവാനോ,
ഈ ജന്മം ഞാൻ സാന്ത്വനം എന്തെന്നറിഞ്ഞില്ല
ആറിലൊഴുകിയപ്പോഴും ധനുസ്സ് തട്ടിയെറിയപ്പെട്ടപ്പോഴും
സൂതനെന്ന അധിക്ഷേപം കേട്ടപ്പോഴും, ഒടുവിൽ
ഈ ധർമ്മഭൂമിയിൽ അനുജന്റെ അമ്പിൽ പിടഞ്ഞപ്പോഴും
ഞാൻ സാന്ത്വനം അറിഞ്ഞില്ലമ്മേ...
ഇന്ന്, ഈ പോർക്കളത്തിൽ ഏകയായി നീ കേഴുമ്പോൾ
സാന്ത്വനം, അതെന്തെന്നറിഞ്ഞിരുന്നെങ്കിൽ ഞാൻ
മാതേ നിന്റെ മകൻ, രാധേയനായ് കർണ്ണൻ,
ഈ യുദ്ധഭൂമിയിൽ അലയുന്നു, അനേകം തേങ്ങലുകളായി
തലമുറകളായി ശാപവചസ്സുകളായി അവൻ അലയുന്നു.
എങ്കിലും കുന്തീമാതേ ഇവനു മോക്ഷം ലഭിക്കില്ല.

വർണ്ണവെറിയാൽ എനിക്കു വിദ്യലഭിച്ചില്ല
അധമമായ ആഗ്രഹം ഒരു കോപാഗ്നിയിൽ വെണ്ണീറായി
ജനിച്ച വർണ്ണവും വിധിച്ച വിധിയും
അന്നെന്നെ സാന്ത്വനിപ്പിച്ചില്ല
പോരിന്നു വിളിച്ചവൻ രാജപുത്രനെന്നറിയാതെ,
ജാതിപ്പേരെന്നത് നിയമമെന്നറിയാതെ
തിളച്ചു മറിഞ്ഞെന്റെ രക്തത്തെ
ചെങ്കോലിനാൽ ആളികത്തിച്ചതല്ലാതെ
മാതേ എന്നെയാരും സാന്ത്വനിപ്പിച്ചില്ല
ക്ഷത്രിയന്റെ സ്വയംവരത്തിൽ സൂതനായിച്ചെന്നപ്പോഴും
രാജപുത്രിയുടെ ചേല അഴിഞ്ഞുലഞ്ഞപ്പോഴും
നോക്കിനിന്ന ഇവന്റെ കണ്ണിനെയാരും സാന്ത്വനിപ്പിച്ചില്ല,
ഒടുവിൽ, ഇന്നിതാ ഈ ധർമ്മക്ഷേത്രത്തിൽ
അഭിമാനം ധർമ്മമാക്കിയ കുന്തീമാതേ,
നീയും കരയുന്നു.
കരയുക, കാരണം കർണ്ണന് സാന്ത്വനമറിയില്ല
നീ മാത്രമറിഞ്ഞ നിന്റെ കൗന്തേയന് അത് നീ
നൽകിയില്ലല്ലോ.


**ഫാത്തിമ യുസ്റ**
ഒന്നാംവർഷം കെമിസ്ട്രി




കവിത

# മകളെ.. സാന്ത്വനിപ്പിക്കുന്നു നിന്നെ ഞാൻ..




**അമൃത. ആർ**
ബി.എസ്.സി കെമിസ്ട്രി.




ഇരുൾ
ശബ്ദത്തെ മൗനപ്പെടുത്തും കുരിരുൾ
ശബ്ദം നിശബ്ദമായി, ശക്തിബലഹീനമായ്
അടിമപ്പെടുന്നു.
സുരസുന്ദരി മഞ്ജുളാംഗിയുടെ മാനം
ഇരുളിൽ ശക്തിക്കടിമപ്പെടുന്നു
പൈശാചികം
പൈശാചികമിനി ഈശ്വാസ വായുപോലും
ഇത് പൈശാചികമായൊരു ജഡസുഖം
ഇരുളിൻ കൂർത്ത നഖമോ തറച്ചതവളുടെ മാറിൽ
രക്തചുവപ്പിൻ മേനിയിൽ ചുണ്ടുകൾ-
ചെറിപ്പഴമെന്നു ധരിച്ചിതോ മർത്ത്യാകടിച്ചു നീ.
കാർവർണ്ണമോടെ കറുത്ത മുടിയിഴ-
കാർമേഘമെന്നോർത്തോ വലിച്ചു പിടിച്ചു നീ
മൃത്യു കേഴുന്നു മൃത്യുവിന്നായ്,
ഇരുളാശബ്ദം ദയനീയം
ദയനീയ മിനിയും മൃത്യുവിനടിപ്പെട്ടില്ലവൾ
ജീവിതമനുഭവിച്ചു പഠിക്കാൻ കൈക്കുമ്പിളിൽ-
കരുതിയയെന്തോ അറിയാതെ വീണുടഞ്ഞുപോയി
സാന്ത്വനം. ഇനിയവൾക്കു തുണയായൊരു
സാന്ത്വനം മാത്രം മകളെ,
സാന്ത്വനിപ്പിക്കുന്നു നിന്നെ ഞാൻ




**സൗമ്യ. എസ്**
രണ്ടാം വർഷം
ഇസ്ലാമിക ചരിത്രം


# ദാഹനീർ

ഭൂമിതൻ മടിത്തട്ടിൽ വീണുല്ലസിക്കുന്ന
ഒരു കൊച്ചു വേഴാമ്പലാണീമഴ
ചുട്ടുവരണ്ടയീ ഭൂമിയിൽ ഒരു തുള്ളി
ദാഹനീർ മാത്രമായ് മാറി മഴ
മഴതൻ കുസൃതികൾ ഏറ്റുവാങ്ങീടുന്ന
ഒരു പച്ചചേമ്പില ആയിരുന്നത്രേ ഞാൻ

മഴതൻ അടയാളമായി മാറുന്ന
ഒരു പുഴയോരത്തെ നെൽകുറ്റി ഞാൻ
ഭൂതം കണക്കിനെമൂടൽമഞ്ഞദ്രവും
ഭൂമിയും മുട്ടി പരന്നുകിടക്കവേ
എവിടെ എവിടെ എന്നോർത്തു
പോയീടുന്ന ഒരുകണ്ണീർ തുള്ളി
യായി മാറീ മഴ...ഒരു കൊച്ചു മഴ...
ഭൂമിതൻ മടിത്തട്ടിൽ വീണുല്ലസിക്കുന്ന
ഒരു കൊച്ചു വേഴാമ്പലാണീ മഴ



# ക്യാമ്പസ് സർവ്വേ.

മാറ്റത്തിന് കൊതിക്കുന്ന പുതുവിദ്യാർത്ഥി സമൂഹത്തിന്റെ മനസ്സുകളെയും,വ്യക്തിത്വങ്ങളേയും അടുത്തറിയുവാനും അതിലൂടെ കലാലയ സ്പന്ദനങ്ങളെ തിരിച്ചറിയുവാനും വേണ്ടി 2014-15 യൂണിയൻ മഗസീൻ കമ്മിറ്റി; ക്ലാസ്സ് മുറികളിലൂടെയും, കലാലയത്തിന്റെ ഇടനാഴികളിലൂടെയും കൽ പടവുകളിലൂടെയും, വാകമരചുവടുകളിലൂടെയും, പ്രണയജോടികൾക്ക് തീറെഴുതികൊടുത്ത ഇടനാഴിയിലൂടെയും കലാലയത്തിന്റെ നടുവിൽ കാണുന്ന ഓപ്പൺ സ്റ്റേജിലൂടെയും, ലൈബ്രറിയുടെ ഒഴിഞ്ഞ കോണുകളിലൂടെയും നടത്തിയ യാത്രയിൽ കണ്ടെത്തിയ മയിൽപീലി ഒളിപ്പിച്ച താളുകളിൽ സൗഹൃദത്തിന്റെയും, പ്രണയത്തിന്റെയും വിപ്ലവത്തിന്റെയും വർണ്ണത്തിൽ കുറിച്ചിട്ട നനവുള്ള ഓർമ്മകുറിപ്പുകളാണ് ഈ മാഗസീൻ സർവ്വേ. ക്യാമ്പസിന്റെ സർഗ്ഗാത്മകത വിലയിരുത്തുന്നതിനും വിദ്യാർത്ഥികളുടെ കാഴ്ചപ്പാടുകൾ ശരിയായ

*കലാലയത്തിന്റെ ഇടനാഴിയിലൂടെയും കലാലയത്തിന്റെ നടുവിൽ കാണുന്ന ഓപ്പൺ സ്റ്റേജിലൂടെയും, ലൈബ്രററിയുടെ ഒഴിഞ്ഞ കോണുകളിലൂടെയും നടത്തിയ യാത്രയിൽ കണ്ടെത്തിയ മയിൽപീലി ഒളിപ്പിച്ച താളുകളിൽ സൗഹൃദത്തിന്റെയും, പ്രണയത്തിന്റെയും വിപ്ലവത്തിന്റെയും വർണ്ണത്തിൽ കുറിച്ചിട്ട നനവുള്ള ഓർമ്മകുറിപ്പുകളാണ് ഈ മാഗസീൻ സർവ്വേ.*

രീതിയിൽ വിനിയോഗിക്കുവാനും വേണ്ടി നടത്തിയ ക്യാമ്പസ്സ് സർവ്വേയിൽ 90% വിദ്യാർത്ഥികളും അവരുടെ പൂർണ്ണ സ്വാതന്ത്ര്യം അറിയിച്ചു. ഒരു കലാലയത്തിന്റെ ആനന്ദത്തിലൂടെയും, നൊമ്പരങ്ങളിലൂടെയും യാത്ര നടത്തുക എന്നതാണ് സർവ്വേയുടെ ഉദ്ദേശലക്ഷ്യം. മൊഴികൾ കാഴ്ചകളാകുന്ന വർത്തമാന കാലത്തിൽ മൂല്യമനസ്സാകേണ്ട ക്യാമ്പസ്സുകൾ വന്ധ്യതയുടെ കെട്ട മൗനത്തിനു തീ കൊളുത്തുവാൻ ചൂണ്ടുവിരൽ ഇല്ലാതാകുമ്പോൾ പ്രത്യാശയുടെ പ്രാർത്ഥനകൾ ചിറകൊടിഞ്ഞ പക്ഷിയെപ്പോലെ കുഴഞ്ഞു വീഴുമ്പോൾ ഉറവ വറ്റാത്ത സ്നേഹ പ്രവാഹങ്ങളേയും, വെളിച്ചം കെട്ടുപോകാത്തൊരു സ്വപ്നത്തേയും പങ്കുവയ്ക്കുന്നതോടൊപ്പം തന്നെ.. അക്ഷരങ്ങളെയും, നിറങ്ങളെയും താലോലിച്ച് സ്നേഹത്തോടൊപ്പം വിപ്ലവത്തിന്റെ തീക്കനൽ സൂക്ഷിച്ചവരുടെയും ഒരു നാണയത്തിന്റെ ഇരുവശങ്ങളെപ്പോലെ സുഖ-ദുഃഖങ്ങളിലൂടെ കടന്നുപോയവരുടെയും ഓർമ്മകൾ പങ്കുവയ്ക്കുന്നു,

# ക്യാമ്പസ് സർവ്വേ.

*ഈ റിപ്പോർട്ടിലെ വിവരങ്ങളും ഇതിൽ പ്രതിനിധാനം ചെയ്യുന്ന വ്യക്തികളും ഒരിക്കലും സങ്കൽപ്പികമല്ല. അതിനാൽ ജീവിച്ചിരിക്കുന്നവരുമായോ, മരിച്ചവരുമായോ ഇതിനു എന്തെങ്കിലും സാമ്യം തോന്നുന്നുവെങ്കിൽ അതു തികച്ചും യാഥാർത്ഥ്യമാണ്. ക്യാമ്പസിലെ 90% വിദ്യാർത്ഥികളും സർവ്വേയോട് സഹകരിച്ചു.*

ഈ ക്യാമ്പസ് സർവ്വേയിലൂടെ ഈ റിപ്പോർട്ടിലെ വിവരങ്ങളും ഇതിൽ പ്രതിനിധാനം ചെയ്യുന്ന വ്യക്തികളും ഒരിക്കലും സങ്കൽപ്പികമല്ല. അതിനാൽ ജീവിച്ചിരിക്കുന്നവരുമായോ, മരിച്ചവരുമായോ ഇതിനു എന്തെങ്കിലും സാമ്യം തോന്നുന്നുവെങ്കിൽ അതു തികച്ചും യാഥാർത്ഥ്യമാണ്. ക്യാമ്പസിലെ 90% വിദ്യാർത്ഥികളും സർവ്വേയോട് സഹകരിച്ചു. സ്വന്തം പേര് വെളിപ്പെടുത്താൻ ഇതിൽ പലരും തയ്യാറായില്ല. അധികം മൂന്നക്ഷരങ്ങളിലും, നാലക്ഷരങ്ങളിലും ഒതുങ്ങുന്ന പേരുകളാണ്. നിലവിലുള്ള രണ്ടാംവർഷ, മൂന്നാംവർഷ വിദ്യാർത്ഥികളായിരുന്നു കൂടുതലും സഹകരിച്ചത്. പഠിക്കുന്ന ഡിപ്പാർട്ട്മെന്റ് ഏതാണെന്ന് ചോദിച്ചപ്പോൾ മുക്കിയും, മൂളിയും സ്വന്തം ഡിപ്പാർട്ട്മെന്റ് പറയുന്നവരാണ്. എങ്കിലും ഭക്ഷണ സമയത്ത് എല്ലാവരും ഒരേ ഡിപ്പാർട്ട്മെന്റ് ആണ്. ഫുഡ് ഡിപ്പാർട്ട്മെന്റ്. അത് ബി.എ ആണോ, ബി.എസ്സ്.സി ആണോ, ബികോം ആണോ എന്നതിലാണ് ആശയകുഴപ്പം. കലാലയത്തിലെ മൂന്നാം വർഷ ഗണിതശാസ്ത്ര വിദ്യാർത്ഥിയായ ഡെന്നിയും രണ്ടാംവർഷ സുവോളജി വിദ്യാർത്ഥിയായ ഗോപൻ. ജിയ്ക്കും മെയിൻ സബ്ജക്റ്റ് സംഘടനാ പ്രവർത്തനവും സബ്സിഡിയറി മാത്സും, സുവോളജിയുമാണ്. പഠിക്കുന്ന വിഷയത്തോടുള്ള സ്നേഹ കൂടുതൽ കൊണ്ട് സ്വന്തം തീരുമാനപ്രകാരമാണ് പലരും മെയിൻ വിഷയം തിരഞ്ഞെടുക്കുന്നത്.

വീട്ടുപേരും ഫോൺ നമ്പറും ഭൂരിഭാഗം പേരും വെളിപ്പെടുത്തിയപ്പോൾ 35% പേർ അതിന് തയ്യാറായില്ല. മേൽവിലാസം ചോദിച്ചപ്പോൾ രണ്ടാം വർഷ ബോട്ടണി വിദ്യാർത്ഥിയായ സാദ് താൻ താമസിക്കുന്നത് ക്ലിഫ് ഹൗസിലാണ് എന്നാണ് പറഞ്ഞത്. സ്വന്തം വീടിന് ഗോസ്റ്റ് ഹൗസ് എന്ന പേരു നൽകി ചിലർ തൃപ്തിയടഞ്ഞപ്പോൾ മറ്റു ചിലർ വൈറ്റ് ഹൗസിനെയാണ് സ്വന്തം വീടായി കരുതുന്നത്. രണ്ടാം വർഷ ബോട്ടണി വിദ്യാർത്ഥിയായ അൽ-ബഷിരിക്കും, ഇംഗ്ലീഷ് വിദ്യാർത്ഥിയായ ദിനുവിനും സ്വന്തം വീട് പേര് പറയണമോ അതോ നിൽക്കുന്ന ഹോസ്റ്റലിന്റെ പേര് പറയണമോ എന്ന ആശയ കുഴപ്പത്തിലായിരുന്നു.

ഫോൺ നമ്പർ ചോദിച്ചപ്പോൾ വെറുതേ ഉറക്കം കളയണ്ടല്ലോ എന്നു കരുതിയാവും ഭൂരിഭാഗം വിദ്യാർത്ഥിനികളും അത് നൽകുവാൻ തയ്യാറായില്ല. പറഞ്ഞവർ തന്നെ ഒരക്കം കൂട്ടിയും കുറച്ചും പറഞ്ഞപ്പോൾ അവസാന നമ്പർ മാറ്റി മലരിനെ മാതൃകയാക്കിയവരും കൂട്ടത്തിലുണ്ട്. രണ്ടാം വർഷ ബോട്ടണിയിലെ ഫാത്തിമയ്ക്ക് 13 അക്കമുള്ള മൊബൈൽ നമ്പരും മൂന്നാം വർഷം ഇംഗ്ലീഷിലെ ദുരിയക്ക് 4 അക്കമുള്ള മൊബൈൽ നമ്പരുമാണുള്ളത്. ഐഡിയുടെ കസ്റ്റമർ കെയർ നമ്പർ എഴുതി തന്നവരും ഉണ്ട്. ഒരു മിടുക്കിയാണെങ്കിൽ രണ്ടാംവർഷ ഇസ്ലാമിക് ഹിസ്റ്ററിയിൽ പഠിക്കുന്ന റംഷാദിന്റെ നമ്പരാണ് സ്വന്തം നമ്പറായി കരുതുന്നത്.

പോസിറ്റീവ് രക്തഗ്രൂപ്പുകളാണ് നമ്മുടെ ക്യാമ്പസിലധികവും. എ.ബി പോസിറ്റീവ്, എ.ബി നെഗറ്റീവ്, ഒ നെഗറ്റീവ് എന്നീ ഗ്രൂപ്പുള്ള മൂന്ന് വിദ്യാർത്ഥികളുമാണ് നമ്മുടെ ക്യാമ്പസിലുള്ളത്. ചില വിദ്വാൻമാർ രക്തഗ്രൂപ്പ് വെളിപ്പെടുത്തിയത് ഒ.പി.ആർ പോസറ്റീവ്, ഒ.പി. ആർ നെഗറ്റീവ് എന്നൊക്കെയാണങ്കിൽ മറ്റു ചിലരാകട്ടെ ചില രാഷ്ട്രീയ പാർട്ടിയിലെ ഗ്രൂപ്പുപോലെ അ മുതൽ ദ വരെ പറഞ്ഞു കളഞ്ഞു

ഈ ക്യാമ്പസിനെ ഇഷ്ടപ്പെടുന്നോ ? എന്ന ചോദ്യത്തിന് സകല സർഗാത്മകതയുടേയും



പര്യായമായ ഈ സരസ്വതി ക്ഷേത്രത്തിന് പുതിയ ഭാവ പകർപ്പ് നൽകി ഇവിടുത്തെ വിദ്യാർത്ഥികളിലെ 89% പേരും ഈ ക്യാമ്പസിനെ സ്നേഹിക്കുന്നു. കുറച്ചുപേർ മാത്രം കുറ്റവും കുറവും നിരത്തുന്നു. വിദ്യാർത്ഥികളിൽ അധികം പേരുടെയും വിമർശനശരങ്ങൾ പെൺകുട്ടികളുടെ വിശ്രമ കേന്ദ്രത്തിന് നേരെയായിരുന്നു.

പൈതൃകത്തിന്റെയും സംസ്കാരത്തിന്റെയും തനിമ വിളച്ചുണർത്തുന്ന ഗ്രാമത്തിലെ വിശ്വസുന്ദരിയായി, അനുഭവ സമ്പത്തേറെയുള്ള മുതുമുത്തശ്ശിയായി, സൗഹൃദ മലരുകൾ വിരിയുന്ന ഉദ്യാനമായി, പരിശുദ്ധ പ്രണയത്തിന്റെ സ്വൈര്യ വിഹാരകേന്ദ്രമായി, വിപ്ലവത്തിന്റെ ചുവന്ന കോട്ടയായി,കവിതാശകലങ്ങളുടെ ഉറവ വറ്റാത്ത ഉത്ഭവ കേന്ദ്രമായി, ഒടുങ്ങാത്ത വിപ്ലവ കാഹളം ഞങ്ങളിലേക്ക് പകർന്നു നൽകിയ അനേകം സഖാക്കൻമാരുടെ സ്മരണ മറക്കാത്ത കലാലയമായി, സർവ്വകലകളുടെയും ആലയമായി വിദ്യാപീഠമായി, സൗഹൃദയങ്ങളുടെയും കൂട്ടായ്മകളുടെയും ലോകമായിയൊക്കെയാണ് വിദ്യാർത്ഥികൾ ഈ കലാലയത്തെ കാണുന്നത്. ക്യാമ്പസിലെ ഗാനകോകിലമെന്ന് സ്വയം വിശേഷിപ്പിക്കുന്ന രണ്ടാം വർഷ എം.എസ്.സി മാത്തമാറ്റിക്സ് വിദ്യാർത്ഥിയായ അനീഷ് *മതിയാവില്ലൊരു നാളിലുമീ നല്ലൊരു നേഉനിയില്ലിതുപോലെ സുഖമറിയുന്നൊരു കാലം'* എന്ന സിനിമഗാനശകലമാണ് കലാലയ ജീവിതത്തെ കുറിച്ച് വർണ്ണിക്കാൻ തിരഞ്ഞെടുത്തത്. കോളേജിലെ മറ്റൊരു ഗായകനായ രണ്ടാം വർഷ ഇംഗ്ലീഷ് വിദ്യാർത്ഥി അഭിജിത്ത് ചോദിക്കുന്നത്.

*'ഈ മനോഹര തീരത്ത് തരുമോ ഇനിയൊരു ജന്മം കൂടി എനിക്കി-നിയൊരു ജന്മം കൂടി എന്നാണ്'* കോളേജ് ക്യാമ്പസിനെക്കുറിച്ച് 68% പേരും നല്ല അഭിപ്രായമാണ്




*മതിയാവില്ലൊരു നാളിലുമീ നല്ലൊരു നേഉനിയില്ലിതു പോലെ സുഖമറിയുന്നൊരു കാലം'എന്ന സിനിമഗാനശകലമാണ് കലാലയ ജീവിതത്തെ കുറിച്ച് വർണ്ണിക്കാൻ തിരഞ്ഞെടുത്തത്. കോളേജിലെ മറ്റൊരു ഗായകനായ രണ്ടാം വർഷ ഇംഗ്ലീഷ് വിദ്യാർത്ഥി അഭിജിത്ത് ചോദിക്കുന്നത്.*

*'ഈ മനോഹര തീരത്ത് തരുമോ ഇനിയൊരു ജന്മം കൂടി എനിക്കി..........*

രേഖപ്പെടുത്തിയത്. കോളേജ് വിട്ട് വൈകിട്ട് വീട്ടിൽ പോകാനുള്ള വെപ്രാളത്തിൽ ബസ്സിൽ നിന്ന് തിക്കിലും തിരക്കിലും പെട്ട് ഇടി കൊള്ളുന്നത് വിദ്യാർത്ഥികൾക്ക് അസഹനീയമായ അനുഭവമാണ്. ഈ ഇടിയും ഒരു വിനോദമായി കണക്കാക്കുന്ന വിരുതന്മാരും കൂട്ടത്തിലുണ്ട്. നമ്മുടെ ക്യാന്റീനിനെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായമാണ് വിദ്യാർത്ഥികൾക്കുള്ളത്. ഒന്നാം വർഷ ഇംഗ്ലീഷിൽ പഠിക്കുന്ന രമ്യയുടെ അഭിപ്രായം ക്യാന്റീനിൽ കൂൾ ഡ്രിംഗ്സും, ഐസ്ക്രീമും വേണമെന്നാണ്. പണ്ടാരോ ക്യാന്റീനിൽ വാങ്ങിവച്ച കൂളർ കണ്ടെത്താൻ ശ്രമിക്കുന്ന വിദ്യാർത്ഥികളെയും കാണാൻ സാധിച്ചു. ക്യാന്റീൻ എ.സി. ആക്കണമെന്ന് പറഞ്ഞ വിരുതൻമാരും വിരുതകളും ഉണ്ട്. എന്നാൽ ക്യാമ്പസിൽ തിളങ്ങി നിൽക്കുന്ന ലൈബ്രറി എ.സി. ആക്കണം എന്നാണ് ഒന്നാം വർഷ സുവോളജിയിൽ പഠിക്കുന്ന നിഖിൽ ഉണ്ണിക്കുള്ളത്, ആശാൻ ഉറങ്ങാൻവേണ്ടി മാത്രമാണ് അങ്ങോട്ട് കയറാറ് പോലും. കലാലയത്തിന്റെ നാഡീവ്യൂഹത്തിലെ പ്രധാനിയാണ് ഈ കലാലയത്തിലെ ലൈബ്രറി. നാലു ചുവരുകൾക്കുള്ളിലെ ചില്ലിട്ട കൂടുകൾക്കുള്ളിൽ ഞെരുങ്ങിയമർന്നിരുന്ന കഥകളുടെയും, കവിത കളുടെയും നോവലുകളുടെയും വിശാലമായ അറിവിന്റെയും മധുരം പകരുന്ന ചെറുതേൻ



# ക്യാമ്പസ് സർവ്വേ

*88% വിദ്യാർത്ഥികളും കലാലയ രാഷ്ട്രീയം കാലഘട്ടത്തിന് ആവശ്യമാണെന്ന് കരുതുമ്പോൾ. 9% പേർ അക്രമ രാഷ്ട്രീയത്തെ എതിർക്കുന്നു.*

കലാലയത്തിലെ ഓരോ വിദ്യാർത്ഥികളുടെയും നാവുകളിൽ ആനന്ദം വിടർത്തിയിട്ടുണ്ടാകും. നമ്മുടെ കോളേജ് ലൈബ്രറിയെക്കുറിച്ച് കൂട്ടുകാർക്കെല്ലാം നല്ല അഭിപ്രായമാണുള്ളത്. ലൈബ്രറിയിലേക്കുള്ള വഴി പലർക്കും അറിയില്ല എന്നും ഈ സർവ്വേയിലൂടെ അറിയാൻ കഴിഞ്ഞു. മഴ പെയ്താൽ കൂടി അവിടെ കയറില്ല എന്നു വാശി പിടിക്കുന്നവരും ഉണ്ട്.

75% വിദ്യാർത്ഥികൾക്കും നാഷണൽ സർവ്വീസ് സ്കീം ഏറ്റവും പ്രിയപ്പെട്ടതാണ്. ഇന്നത്തെ യുവതലമുറക്ക് സ്നേഹവും സേവനവും സഹിഷ്ണുതയും അറിയാനും അറിയിക്കാനും ഉള്ള ഈ പ്രസ്ഥാനത്തിന്റെ ശേഷി വളരെയേറെയാണ്. രണ്ടാം വർഷ ഇംഗ്ലീഷിൽ പഠിക്കുന്ന തൗഫീക്കിന്റെ അഭിപ്രായത്തിൽ ഷാജിദ ടീച്ചറിനോടും ഫിറോസ് സാറിനോടുമുള്ള ബഹുമാനവും അതോടൊപ്പം ഭയവും അവൻ വ്യക്തമാക്കി. രണ്ടാളും കർക്കശക്കാരാണത്രേ... സ്ട്രീക്റ്റേ... സ്ട്രീക്റ്റ്

80% വിദ്യാർത്ഥികളും എൻ.സി.സി യെക്കുറിച്ച് വളരെ നല്ല അഭിപ്രായമാണ് രേഖപ്പെടുത്തിയത്. ആഹാരത്തിന്റെ മെനു മാറ്റി ബിരിയാണി ആക്കണമെന്നും ചൂടുവെള്ളത്തിനു പകരം ഹോർലിക്സ് ഇട്ട ചൂടുപാൽ നൽകണമെന്ന് അഭിപ്രായപ്പെട്ടവരും ഇക്കൂട്ടത്തിലുണ്ട്.

ഇഷ്ടപ്പെട്ട ഹോബിയെന്ത്? എന്ന ചോദ്യത്തിന് മുഴുവൻ വിദ്യാർത്ഥികളും അഭിപ്രായം രേഖപ്പെടുത്തി. വായന, ക്രിക്കറ്റ്, ഫുട്ബോൾ, പാട്ടുകേൾക്കൽ, സോഷ്യൽ മീഡിയ ഉപയോഗിക്കൽ എന്നിങ്ങനെ ഹോബികളുടെ നീളം കൂടുമ്പോൾ രണ്ടാം വർഷ ഇംഗ്ലീഷ് വിദ്യാർത്ഥിയായ കണ്ണന് വയറുനിറയെ ആഹാരവും കബഡികളിയുമാണ് പ്രധാനം. ആശാൻ യൂണിവേഴ്സിറ്റി പ്ലേയർ ആണെന്നാണ് പറയുന്നത്. കക്ഷി പ്ലേയർ ആണോ...... സ്പാനർ ആണോന്ന് കക്ഷിക്കും ഷേർഷാ സാറിനും മാത്രം അറിയാം. ചില വിദ്വാൻമാർ പ്രിൻസിപ്പാളിനോടൊപ്പം സാറ്റ് കളിക്കാനും, ഭക്ഷണം കഴിക്കാനും ഒക്കെ ഇഷ്ടപ്പെടുന്നു. ക്ലാസ് സമയം ഉറങ്ങുന്നതാണ് ഇഷ്ടവിനോദം എന്ന് ഒന്നാം വർഷ ഇംഗ്ലീഷിലെ മീനുവിന് അഭിപ്രായം ഉണ്ട്. പേടിക്കണ്ട ഈ റിപ്പോർട്ട് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ എത്തുന്നതോടെ മീനുവിന്റെ ഉറക്കത്തിന് തീരുമാനമാകും. ഇനി ഡിപ്പാർട്ട്മെന്റിലെ ചുമതലപ്പെട്ട അധ്യാപകർ താരാട്ട് കൂടി പാടി തന്നോളും. മൂന്നാം വർഷ ഫിസിക്സിലെ ശ്രീരാജിന് കുട്ടീം കോലും കളിക്കുന്നതാണിഷ്ട വിനോദം. രണ്ടാം വർഷ ഇസ്ലാമിക് ഹിസ്റ്ററിയിൽ പഠിക്കുന്ന റാങ്ക് ഹോൾഡർ എന്നറിയപ്പെടുന്ന റിനിഷക്ക് ഇഷ്ടം ഇടിയപ്പത്തിന്റെ കുരുക്കഴിക്കലാണ്.

88% വിദ്യാർത്ഥികളും കലാലയ രാഷ്ട്രീയം കാലഘട്ടത്തിന് ആവശ്യമാണെന്ന് കരുതുമ്പോൾ 9% പേർ അക്രമ രാഷ്ട്രീയത്തെ എതിർക്കുന്നു. മതസൗഹാർദ്ദം തകർക്കുന്ന വർഗീയ ഫാസിസ്റ്റുകളെ കഴുമരത്തിലേറ്റുക എന്നും ഇവർക്കെതിരെ വിദ്യാർത്ഥി സമൂഹം ജാഗരൂകരാകണമെന്നും നമ്മയുടെ രാഷ്ട്രീയത്തിൽ നിന്നുമാണ് ഒരു പിടി നല്ല രാഷ്ട്രീയ നായകൻമാർ ഉയർന്നു വന്നതെന്നും, അതുകൊണ്ട് കലാലയ രാഷ്ട്രീയം അനിവാര്യമാണെന്നും മൂന്നാം വർഷ ബികോമിലെ നസ്സറുദ്ദീൻ ഷാ അഭിപ്രായപ്പെടുന്നു.

വളരെ ഗൗരവത്തോടെ ജീവിതത്തെ കാണുന്നവരാണ്



*ജീവിതത്തെ സുഹൃത്തിന്റെ കണ്ണിലൂടെയും ഗുരുക്കന്മാരുടെ കണ്ണിലൂടെയും മാതാപിതാക്കന്മാരുടെ കണ്ണിലൂടെയും കാണാൻ ആഗ്രഹിക്കുന്നവരമുണ്ട്. ജീവിതത്തെ നോക്കി എങ്കിലും ഒന്നും കഴിയുന്നില്ല എന്നാണ് സുവോളജിയിൽ പഠിക്കുന്ന ഫാറൂക്കിന്റെ മറുപടി തിമിരമാണെന്ന് തോന്നുന്നു താങ്കളൊന്നു പരിശോധിച്ചു നോക്കുന്നത് നന്നായിരിക്കും.*

# ക്യാമ്പസ് സർവ്വേ

മിക്കവാറും വിദ്യാർത്ഥികൾ. ജീവിതത്തെ താൻ കണ്ടെന്നും ജീവിതം തന്നെക്കണ്ടില്ലെന്നുമാണ് രണ്ടാം വർഷ ഇംഗ്ലീഷ് വിദ്യാർത്ഥിനിയായ കീർത്തിയുടെ അഭിപ്രായം കഷ്ടം തന്നെ.... രണ്ടാം വർഷ ഫിസിക്സിലെ സുലജക്കും ഇതേ അഭിപ്രായമാണ് ഉള്ളത്. പ്രിയപ്പെട്ട സുലജേ........ ജീവിതത്തിന് മാത്രമല്ല ഞങ്ങൾക്കും വെളിച്ചത്തുകൂടി താങ്കളെ കാണാൻ പ്രയാസമാണെന്നറിഞ്ഞു. എല്ലാം വിധിയാണെന്നു കരുതി സമാധാനിക്കു സഖാവേ...... ഒന്നാം വർഷ ബികോം വിദ്യാർത്ഥി സൽമാനോട് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി എന്റെ വിധി എന്റെ തീരുമാനങ്ങളാണ് കൂടെ ഒരു ഹാന്റ് ബോളും........ ആശാന്റെ അഭിപ്രായത്തിൽ ഒരു ദുൽക്കർ സൽമാൻ ഒളിച്ചിരിപ്പുണ്ട് എന്ന് മനസ്സിലായി.

ജീവിതത്തെ സുഹൃത്തിന്റെ കണ്ണിലൂടെയും ഗുരുക്കന്മാരുടെ കണ്ണിലൂടെയും മാതാപിതാക്കന്മാരുടെ കണ്ണിലൂടെയും കാണാൻ ആഗ്രഹിക്കുന്നവരമുണ്ട്. ജീവിതത്തെ നോക്കി എങ്കിലും ഒന്നും കഴിയുന്നില്ല എന്നാണ് സുവോളജിയിൽ പഠിക്കുന്ന ഫാറുക്കിന്റെ മറുപടി തിമിരമാണെന്ന് തോന്നുന്നു താങ്കളൊന്നു പരിശോധിച്ചു നോക്കുന്നത് നന്നായിരിക്കും. പ്രണയത്തെക്കുറിച്ച് ചോദിച്ചപ്പോൾ അക്ഷരാർത്ഥത്തിൽ നമ്മുടെ കലാലയം വാചാല-മാകുകയായിരുന്നു. പ്രണയത്തിനു പുതിയ അർത്ഥ തലങ്ങൾ നൽകുന്ന വ്യാഖ്യാനങ്ങളുണ്ടാക്കി. പ്രണയിക്കാനാല്ലാതെ നാം എന്തിനാണ് ജീവിക്കുന്നത് എന്ന മാധവിക്കുട്ടിയുടെ വരികളിൽ തുടങ്ങി പ്രണയം ആത്മാർത്ഥമായിരിക്കണമെന്നും പ്രണയമൊരു വിലകുറഞ്ഞ വികാരമാണെന്നും കൈയ്യിലെ കാശ് കളയാനുള്ള വഴിയാണെന്നും ജീവിതത്തെ പ്രണയം നടിപ്പിക്കുമെന്നും പ്രണയാമൊരു മധുരമായ വികാരമാണെന്നും ജീവിതത്തിന്റെ ഭാഗമാണെന്നും വിദ്യാർത്ഥികൽ അഭിപ്രായപ്പെടുന്നു. പ്രണയം മൗനാനുരാഗമാണെന്നും പക്ഷേ സൗഹൃദ ബന്ധങ്ങൾ ആ മൗനത്തോടൊപ്പം അലിഞ്ഞില്ലാതാകുമെന്നും രണ്ടാംവർഷ ബയോകെമിസ്ട്രി വിദ്യാർത്ഥിയായ മന്നാൻ അഭിപ്രായപ്പെടുന്നു. ആ അഭിപ്രായം സർവ്വേ അംഗീകരിക്കുന്നു. പ്രണയമൊന്നും കാണാൻ സാധിക്കുന്നില്ല എന്ന പരാതിയാണ് കൂടുതൽ വിദ്യാർത്ഥികൾക്കുമുള്ളതു. ഒന്നാം വർഷ ഇംഗ്ലീഷിൽ പഠിക്കുന്ന ഫർഹാനപറയുന്നത് താൻ പ്രണയം എന്താണെന്ന് കേട്ടിട്ടില്ല എന്നാണ്. സുഹൃത്തേ, ഔട്ട് സ്പോക്കണിലൂടെ ആംഗലേയ സുന്ദരിയുടെ വിശുദ്ധപ്രണയം കലാലയം മുഴുവൻ അറിഞ്ഞതാണ്. പ്രണയമെന്നും മയിൽപ്പീലിത്തണ്ടുപോലെ മനസ്സിൽ സൂക്ഷിക്കാനുള്ള മൗനനൊമ്പരമാണെന്ന് രണ്ടാം വർഷ കെമിസ്ട്രിയിലെ ആഷിക്ക് അഭിപ്രായപ്പെടുന്നു. പ്രണയത്തിന്റെ ആവശ്യം ഇല്ല എന്നാണ് ഒന്നാം വർഷ മാത്സിലെ യാസറിന്റെ അഭിപ്രായം. ഭ്രമമാണ് പ്രണയം വെറും ഭ്രമം വാക്കിന്റെ വിരുതിനാൽ തീർക്കുന്ന സ്ഫടിക സൗധം എന്നു പാടിയ കവി മുരുകൻ കാട്ടാക്കടയോട് യോജിക്കുകയാണ് രണ്ടാം വർഷ ഇസ്ലാമിക് ഹിസ്റ്ററി വിദ്യാർത്ഥി നൗഫൽ കാട്ടാക്കട പ്രണയം നെല്ലിക്ക പോലെയാണ് മധുരിക്കണമെങ്കിൽ കുറച്ചുവെള്ളം കുടിക്കണം എന്നാണ് രണ്ടാം വർഷ ബയോകെമിസ്ട്രി വിദ്യാർത്ഥിനി ആലിയക്കുള്ളത്. പാവം എത്ര വെള്ളം കുടിച്ചു കാണുമോ .... ഹയ്യേ... വാപ്പ പറഞ്ഞിട്ടുണ്ടല്ലേ......... നെല്ലിക്ക് തിന്നരുതെന്ന്?

ഈ ക്യാമ്പസ്സിലെ വിദ്യാർത്ഥികൾക്ക് വിവാഹ



# ക്യാമ്പസ് സർവ്വേ

സങ്കൽപ്പങ്ങൾ വളരെ വലുതലാണ്. രണ്ടാം വർഷ മാത്സിലെ വിദ്യാർത്ഥിനിയായ മനീഷ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യമായാണ് വിവാഹത്തെ കാണുന്നത്. രണ്ടാം വർഷ ബികോം വിദ്യാർത്ഥിനികളായ ഹിബയും, നിഹാലയും അൽഫിയും വിവാഹം വീട്ടുകാരുടെ ഇഷ്ടത്തിന് വിട്ടുകൊടുക്കുന്നു എന്ന് അഭിപ്രായപ്പെട്ടപ്പോൾ ഹാജിറ അഭിപ്രായം പിന്നീടറിയിക്കാം എന്ന് അഭിപ്രായപ്പെട്ടു. മിനിമം അഞ്ച് വിവാഹം കഴിക്കണമെന്ന് രണ്ടാം വർഷ വിദ്യാർത്ഥിയായ അൽസു പറയുന്നു. അഭിവാദ്യങ്ങൾ അൽസുവേ... രണ്ടാം വർഷ വിദ്യാർത്ഥിയായ റംഷാദിന് പ്രണയിക്കുന്ന ആളെ വിവാഹം കഴിക്കണമെന്നാണ് ആഗ്രഹം. സഖാവേ... കൊച്ചിന്റെ വാപ്പ സമ്മതിക്കുമോ... എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. വിവാഹം കഴിഞ്ഞു, ഇനിയെന്ത് സങ്കൽപം എന്ന് പറഞ്ഞ ഒന്നാം വർഷ വിദ്യാർത്ഥിനിയായ സിത്താരയുടെ ദീർഘനിശ്വാസത്തിന്റെ കാറ്റ് ഈ പേപ്പർ തന്നെ പറത്തി കളയുന്നു. ( ദാ കിടക്കുന്നു ചട്ടീം കലോം...) തലവര, പ്രണയിച്ചും വിവാഹം കഴിക്കണം, പ്രായമാകട്ടെ നരകത്തിലേക്ക് കാൽവെയ്ക്കുന്നു. തീവണ്ടിക്ക് തലവെയ്ക്കുന്നു.. ഇങ്ങനെനീളുന്നു അഭിപ്രായങ്ങൾ.

നാൽപ്പതു ശതമാനം പേർക്ക് ഇഷ്ടപ്പെട്ട പ്രഫഷൻ ടീച്ചിങ്ങ് ആണ്. പതിനഞ്ച് ശതമാനം പേർ സി.ഐയും 20% പേർ ഗവൺമന്റെ ജോലിയും ഇഷ്ടപ്പെടുന്നു. മാധ്യമ പ്രവർത്തനം എം.സി.എ, നിയമപാലനം, ഫാഷൻ പ്രവർത്തനം അങ്ങനെഅനവധി നിരവധി ഭാവിയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ വിദ്യാർത്ഥികൾ ഇഷ്ടപ്പെടുന്ന പ്രഫഷൻ. രണ്ടാം വർഷ ഇംഗ്ലീഷിലെ ഫാത്തിമയ്ക്ക് നല്ലൊരു കുടുംബിനി ആയാൽ മതി എന്നാണ് അഭിപ്രായം. രണ്ടാം വർഷ ബോട്ടണിയിലെ വിഷ്ണു സുരേഷിന്റെ ആഗ്രഹം എം.ബി.ബി എസ്സാണ്. അതേ ക്ലാസ്സിലെ ബശീരിക്ക് ആഗ്രഹം എം.ബി.എ ക്ക് പോയാൽ കൊള്ളാമെന്നാണ്. ഈ അവസരത്തിൽ വിഷ്ണുവിനോടും ബശീരിയോടും ചോദിക്കാനുള്ളത് എം.ബി.ബി.എസിന്റെയും എം.ബി.എയുടെ പൂർണ്ണ രൂപം അറിയാമോ എന്നാണ്. എം.ബി.ബി.എസ് പഠിച്ച് എൻജിനിയറിങ്ങിന് ചേരാൻ പോകുന്ന രണ്ടാം വർഷ സുവോളജി വിദ്യാർത്ഥിയായ അഖിൽ സലാമിന്റെ ആഗ്രഹം സഫലമാകട്ടേ. ഐ.എ.എസ് എന്ന വലിയ സ്വപ്നം സാക്ഷാത്കരിക്കാൻ വാപ്പയുടെ അനുഗ്രഹം വാങ്ങിയെത്തിയ സൽമാനും കൂട്ടത്തിലുണ്ട്. ഇഷ്ടപ്പെട്ട രാഷ്ട്രീയ നേതാക്കൾ പാവങ്ങളുടെ പടത്തലവൻ വി.എസ് അച്യുതാനന്ദനും കേരള രാഷ്ട്രീയത്തിലെ മിന്നൽ പിണറായ പിണറായി വിജയനുമാണ്. ഇ.കെ. നായനാർ, ഇ.എം.എസ്സ്, എ.കെ.ജി, കെ.കരുണാകരൻ, ആന്റണി തുടങ്ങിയ രാഷ്ട്രീയ വ്യക്തിത്വങ്ങളെയും ക്യാമ്പസ് ഇഷ്ടപ്പെടുന്നു.

80% ഇഷ്ടപ്പെടുന്ന സാഹിത്യകാരി നീർമാതളപ്പൂവിന്റെ കൂട്ടുകാരി മാധവിക്കുട്ടിയാണ്. സുഗതകുമാരി അരുന്ധതിറോയി, സാറാജോസഫ് എന്നിവരെയും ക്യാമ്പസ് അംഗീകരിക്കുന്നു. രണ്ടാം വർഷ ബി.എ ഇസ്ലാമിക് ഹിസ്റ്ററിയിൽ പഠിക്കുന്ന ബിലാലിനും, ഫിനോഷിനും ഇഷ്ടം അതേ ക്ലാസ്സിലെ വിദ്യാർത്ഥിനിയായ സൗമ്യയെയാണ്. തങ്ങളുടെ ഇഷ്ട കവിയത്രി സൗമ്യയാണ് എന്നാണ് രണ്ടാളുകളുടേയും അഭിപ്രായം.

48% വിദ്യാർത്ഥികൾ കലാലയത്തിന്റെ കവിയെന്ന് വിളിപ്പേരുള്ള സമകാലീനകവിയായ മുരുകൻ കാട്ടാക്കടയെ ഇഷ്ടസാഹിത്യകാരനായി തെരഞ്ഞെടുത്തു. 20% വിദ്യാർത്ഥികൾ കഥാലോകത്തിന്റെ സുൽത്താനായ വൈക്കം മുഹമ്മദ് ബഷീറിനെഇഷ്ടപ്പെടുമ്പോൾ എം.ടിയേയും, ഒ.എൻ.വിയേയും, പെരുമ്പടവം ശ്രീധരനേയും, സക്കറിയയേയും എനിക്കു വേണ്ടത് കാമുകിയെ അല്ല സഹോദരിയെ ആണ് എന്നു

പറഞ്ഞ അയ്യപ്പനേയും ഇഷ്ടപ്പെടുന്നവരും നമ്മുടെ ക്യാമ്പസിലുണ്ട്. രണ്ടാം വർഷ ബികോമിലെ ജാസ്മിക്ക് ഇഷ്ടപ്പെട്ട സാഹിത്യകാരൻ കൊട്ടിയത്തിന്റെ കാവ്യകാമുകനും നാളത്തെ ഓടക്കുഴൽ ജേതാവുമായ തന്റെ ക്ലാസ്സിലെ കണ്ണനല്ലൂർ ഹിലാലിനെആണ്. ഹിലാലിന്റെ മലയാള ഭാഷ ... ഹൊ കൊടും മാരകമാണ്. ആ ഭാഷക്ക് നൊബേൽ സമ്മാനം വരെ കിട്ടാൻ ചാൻസ് ഉണ്ട്.

45% വിദ്യാർത്ഥികളും ഇഷ്ടപ്പെടുന്നത് ദൃശ്യമാധ്യമത്തെയാണ്. 36% പേർ അച്ചടി മാധ്യമവും 14% പേർ റേഡിയോയും ഇഷ്ടപ്പെടുന്നു. ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന ചാനലുകൾ കൈരളി ടി.വിയും സൺമ്യൂസിക്ക്മാണ്. ഏഷ്യാനെറ്റ്, കിരൺ, അമൃത തുടങ്ങിയ ചാനലുകളെയും ഇഷ്ടപ്പെടുന്നവരുണ്ട്. കുട്ടിത്തം മാറാത്ത മനസ്സുള്ളതിനാലാം രണ്ടാം വർഷ ഇംഗ്ലീഷിലെ ഷിജു ബാഹുലേയനിഷ്ടം കാർട്ടൂൺ നെറ്റ് വർക്കും കൊച്ചു ടി.വിയുമാണ്.

വിദ്യാർത്ഥി സംഘടനഏതെന്നുള്ള ചോദ്യത്തിന് രണ്ടാം വർഷം ബി.എ. ഇസ്ലാമിക് ഹിസ്റ്ററിയിൽ പഠിക്കുന്ന റംഷാദിന്റെ മറുപടി സമാധാനത്തിന്റെ തൂവെള്ളക്കൊടിയും നക്ഷത്രവും ഹൃദയത്തിലേറ്റി പുതുതായി ടി.കെ.എം കോളേജിൽ എല്ലാവരെയും പോലെ ഒരുപിടി സ്വപ്നങ്ങളും തെല്ലും പേടിയുമായി കടന്നു വന്നപ്പോൾ കണ്ട തോരണങ്ങളും കൊടികളും എന്നെ ആകർഷിച്ചില്ല, കാരണം ചങ്കിനകത്ത് ഒരു കൊടിയും പ്രസ്ഥാനവും ഉറച്ചുപോയതാണ് പണ്ടേ, അത് സ്വാതന്ത്ര്യവും ജനാധിപത്യവും സോഷ്യലിസവും ആലേഖനം ചെയ്ത നക്ഷത്രാങ്കിത ശുഭ്രപതാകയാണ്. മാറ്റം ഉടൻ ഉണ്ടാകുമെന്ന് പ്രതീക്ഷയില്ല. എങ്കിലും മാറ്റത്തിന് വേണ്ടി പരിശ്രമിക്കാതെ ഈ ജീവിതം കൊണ്ടു അർത്ഥമില്ലെന്ന് റംഷാദിന്റെ മറുപടി കേട്ടപ്പോൾ തന്നെ മനസ്സിലായി റംഷാദ് ഒരു വിപ്ലവകാരിയുടെ ഹൃദയത്തിനുടമയാണെന്ന്

കലാലയത്തിലെ വിദ്യാർത്ഥികളോട് ഏറ്റവും ഇഷ്ടപ്പെട്ട വിദ്യാർത്ഥി സംഘടനഏതെന്ന് ചോദിച്ചപ്പോൾ തെല്ലും മടിയില്ലാതെ സ്വാതന്ത്ര്യം ജനാധിപത്യം, സോഷ്യലിസം എന്ന മുനയോടിയാത്ത മൂന്ന് മുദ്രാവാക്യങ്ങൾ ആലേഖനം ചെയ്ത നക്ഷത്രാങ്കിത മുദ്രപതാകയോടാണ് ഞങ്ങളുടെ പ്രണയം എന്നാണ് വിദ്യാർത്ഥികൾ അഭിപ്രായപ്പെട്ടത്. എന്നിരുന്നാലും മറ്റ് സംഘടനകളോട് താൽപര്യം പ്രകടിപ്പിച്ചവരുമുണ്ട്.

